240221

485/90

623

PUTHIYA... Room & Library

"LOVE & SERVICE"

**SEN GUPTA PUBLIC LIBRARY,**
**PUTHIYARA.**

Book should be returned on or before the date last marked below without fail.

ഈ പുസ്തകം താഴെ ചേൎത്ത ഒടുവിലത്തെ തിയ്യതിക്കൊ അതിന്നുമുമ്പോ വീഴ്ചകൂടാതെ മടക്കി എത്തിക്കേണ്ടതാകുന്നു. പുസ്തകം മലിനപ്പെടുത്താതെ സൂക്ഷിക്കുവാൻ അപേക്ഷ.

Book No. A 623

*Librarian.*

E. K. Govindan

Sengupta public Library
Puthiyara.

# ശിഖിദ്ധ്വജചരിതം

ജ്ഞാനവാസിഷ്ഠത്തിൽനിന്നു
തർജ്ജിമചെയ്തത്.

---

ഗ്രന്ഥകർത്താവ്:

## ചെറിയാണ്ടി കുമാരൻ.

240221

---

കോപ്പി 1000

---

PRINTED BY C. K. DAMODARAN
AT THE VIDYA VILASAM PRESS, TELLICHERRY.

---

പകർപ്പവകാശം.

---

വില അണ 8.

SenGupta Memorial
PUTHIYARA.
Readingroom & Library

K. Krishnan
Master
B.S. Higher
School
Payan

# മുഖവുര.

വളരെക്കാലം ജ്ഞാനവാസിഷ്ഠം കിളിപ്പാട്ട് വായിച്ചതിൽനിന്നു എനിക്കു കിട്ടീട്ടുള്ള സുഖമാണ് ഈ ചെറുപുസ്തകവുംകൊണ്ട് ഞാൻ വെളിക്കിറങ്ങുവാൻ കാരണമായിട്ടുള്ളത്. ഞാൻ ഉയന്നതരം ശാസ്ത്രങ്ങൾ പഠിച്ചിട്ടില്ലെങ്കിലും ഭാഷാഗ്രന്ഥങ്ങൾ അധികം വായിച്ചിട്ടുണ്ട്. ഈശ്വരൻ സവ്വശക്തനാണ്. ലോകത്തിൽ എവിടെ നോക്കിയാലും അത്യാശ്ചയ്യകരമായ ശക്തിയുടെ (പ്രകൃതിയുടെ) വികൃതിയെ മാത്രമെ കാണുകയുള്ളൂ. ശക്തിയുടെ മാഹാത്മ്യത്തെപ്പററി ആലോചിക്കുവാൻപോലും ഒരു മനുഷ്യൻ പ്രാപ്തനാകുന്നില്ല. ഈ അത്യാശ്ചയ്യശക്തിക്കു കീഴടങ്ങിയവരാണ് മനുഷ്യർ. ശക്തിയെ കീഴടക്കി തൻെറ അധീനത്തിൽ വെച്ചവനാണ് ഈശ്വരൻ. മനുഷ്യൻ ഏതൊന്നിനെ ഇച്ഛിക്കുന്നുവോ, ഏതൊന്നിൽനിന്നു സുഖം കിട്ടുമെന്നു വിചാരിക്കുന്നുവോ, അതൊക്കേയും ശക്തിക്കു കീഴടങ്ങുകയൊ അഥവാ ശക്തി കീഴടക്കുകയൊ ചെയ്യുയാണ്. ശക്തിക്കു കീഴടങ്ങാതെ അതിനോട് പോര് ചെയ്യുന്നതാണ് മനുഷ്യജീവിതത്തിൻെറ പരമോദ്ദേശം. മനുഷ്യന് ശക്തിയോടു പോരാടുവാനുള്ള മാഗ്ഗവും പ്രാപ്തിയും കിട്ടേണമെങ്കിൽ ശക്തിയെ അധീനത്തിൽ വെച്ചവൻെറ അനുഗ്രഹംകൂടാതെ കഴിയുന്നതല്ല. ഈശ്വരൻ ഭക്തവത്സലനാണ്. അവനെ അധികസമയം ഏതൊരുവൻ വിചാരംചെയ്യുന്നുണ്ടോ അവനെ

ഭക്തവത്സലൻ അനുഗ്രഹിക്കാതിരിക്കയില്ല. തത്വജ്ഞാനംകൊണ്ടു മാത്രമേ ശക്തിയെ കീഴടക്കുവാൻ സാധിക്കുകയുള്ളൂ. വ്യാകരണം മുതലായ ശബ്ദശാസ്ത്രങ്ങളുടെ സഹായംകൂടാതെ സർവ്വശക്തനായ ഭക്തവത്സലൻെറ അനുഗ്രഹത്താൽ ഒരു മനുഷ്യൻ തത്വജ്ഞനാകുമെന്നു ഞാൻ സധൈര്യം പറയുന്നു. എൻെറ പതിനെട്ടു കൊല്ലത്തെ ജീവിതസരണിയുടെ സംക്ഷേപം ഞാൻ സ്വാമിതൃപ്പാദങ്ങളിൽ സമർപ്പിച്ചിട്ടുള്ളത് താഴെ ചേർക്കുന്നു:

---

## ബ്രഹ്മശ്രീ നാരായണഗുരുസ്വാമിതൃപ്പാദങ്ങളിൽ സമർപ്പിക്കുന്നത്:

ഞാൻ ഇയ്യിടയിൽ ഗജകേസരിപത്രത്തിൽ ചില ലേഖനങ്ങൾ പ്രസിദ്ധംചെയ്തിട്ടുണ്ടായിരുന്നു. ആ ലേഖനങ്ങളൊക്കെ രൂപീകരിച്ചു പുസ്തകമാക്കി പ്രസിദ്ധംചെയ്യാൻ പലരും എന്നെ നിർബ്ബന്ധിച്ചുകൊണ്ടിരുന്നതിൻമദ്ധ്യെ, പത്രത്തിൽ കൊടുപ്പാനായിത്തന്നെ ജ്ഞാനവാസിഷ്ഠത്തിലെ ശിഖിദ്ധ്വജോപാഖ്യാനം ഗദ്യമായി ഇടക്കിടെ എൻെറ അഭിപ്രായങ്ങളോടും കൂടി ഞാൻ എഴുതീട്ടുണ്ടായിരുന്നു. ആയത് കുറച്ചുദിവസം കഴിഞ്ഞപ്പോൾ സംഗതിവശാൽ എൻെറ ചില സ്നേഹിതന്മാർ കാണ്മാൻ ഇടയായി. മുഴുവനും അവർ വായിച്ചു അക്ഷരപിഴകളൊക്കെ തീർത്തു പുസ്തകമാക്കുവാൻ നിർബ്ബന്ധിച്ചു. എം. കെ. ഗുരുക്കൾ അവർകൾ പിഴകളൊക്കെ തീർത്തു ഒരു അവതാരിക എഴുതിത്തന്നെങ്കിലും, ബ്രഹ്മശ്രീ നാരായണഗുരുസ്വാമിതൃപ്പാദങ്ങളിൽ സമർപ്പിച്ചു അവിടത്തെ അനുമതി

കിട്ടിയെങ്കിലും, ഞാൻ പുസ്തകമാക്കി പ്രസിദ്ധംചെയ്യാമെന്നു അവരോടു വാഗ്ദത്തംചെയ്തു. അതുപ്രകാരം ഒരു സ്നേഹിതനോടുംകൂടി ഗുരുനാഥനെ പോയികണ്ടു വിവരമൊക്കെ പറഞ്ഞു. ഗുരുനാഥൻ വാങ്ങി പിഴകളൊക്കെ തീൎത്തുതന്നു. അവതാരിക തരാമെന്നു വാഗ്ദാനവും ചെയ്തു. ഗുരുസ്വാമിതൃപ്പാദങ്ങളിൻ സമൎപ്പിച്ച അഭിപ്രായവും അനുവാദവും ചേൎക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നും ഗുരുനാഥൻ പറകയുണ്ടായി.

എനിക്കു പ്രായം നാല്പത്തെട്ടാണ്. മുപ്പതു വയസ്സ് വരെ മലയാളഭാഷ നല്ലപോലെ വായിപ്പാൻപോലും പരിചയമില്ലായിരുന്നു. തത്വജ്ഞാനം എനിക്കു പ്രദാനം ചെയ്യുവാനോ എന്നു തോന്നുംവിധം എൻെറ മുപ്പതാം പ്രായത്തിൽ വലുതായ കുഡുംബങ്ങളെ രക്ഷിക്കേണ്ടതായ എന്നെ കഠിനമായ ദാരിദ്ര്യം ബാധിച്ചു. ദിവസേന തമാശയിൽപോലും പറയുന്ന കളവിൻെറ എണ്ണം എഴുതിവെക്കേണമെന്നുള്ള ഇച്ഛ, നിൎഭാഗ്യദശയുടെ ആരംഭത്തോടുകൂടി എന്നിൽ ആവിൎഭവിച്ചു. അതുപ്രകാരം എഴുതിവെക്കുകയും, ആയതു് ദിനംപ്രതി അധികരിക്കാതെ കുറഞ്ഞുവരുന്നതിനാലുള്ള സന്തോഷത്താൽ പൊട്ടുന്നനവെ ഒരു ഈശ്വരനാമം എൻെറ ബുദ്ധിയിൽ ഞാൻ തന്നെ പ്രതിഷ്ഠിക്കയും ചെയ്തു. അന്യവിചാരങ്ങൾക്കു ബുദ്ധിയിൽ ഇടംകൊടുക്കുകയില്ലെന്നുള്ള ശാഠ്യത്തോടുംകൂടി എത്രയും ഗൂഢമായി സാധിക്കുംപ്രകാരം ഈശ്വരസ്മരണ ചെയ്തുതുടങ്ങി. ക്രമേണ കഷ്ടം അതിക്രമിച്ചു വലിയ ദരിദ്രനായെങ്കിലും ദാഹം, വിശപ്പ്, ശീതം, ഉഷ്ണം, മാനം,

അപമാനം മുതലായ ദുഃഖസഹനത്തിന്നു ദാരിദ്ര്യം തന്നെ മുഖ്യസ്ഥാനം വഹിച്ചു. ഭാൎയ്യ ഒരുവൾ ഒഴികെ ലോകം മുഴുവനും എന്നെ വെറുത്തു. ക്ഷേത്രത്തിൽ ഈശ്വരനുണ്ടെന്നും, അവിടെ പോയി ഭജിച്ചാൽ ഈശ്വരൻ എന്നെ അനുഗ്രഹിക്കുമെന്നും പെട്ടെന്നൊരു ഉണർവുണ്ടായി. നിത്യം അരുണോദയത്തിൽ കുറെ പച്ചവെള്ളം തലയിൽകൂടെ പകൎന്നു ക്ഷേത്രത്തിലേക്കു ഓടും. സവൎണ്ണക്ഷേത്രമാകയാൽ അകലെയായി നാലുപുറവും കുറെനേരം നിന്നു ഭഗവാനെ സ്തുതിച്ചുതുടങ്ങി. സ്തുതി ക്രമേണ നിലവിളിയായി പരിണമിച്ചു. സ്തുതി കഴിഞ്ഞു പടിഞ്ഞാറെ ഭാഗത്തുനിന്നു വിടുമ്പോൾ നീ പുറത്തുവന്നു എന്നെ അനുഗ്രഹിക്കയില്ലയൊ? എന്നു കരഞ്ഞുംകൊണ്ടു ആക്ഷേപിക്കും. ഇപ്രകാരം ഒരു ദിവസവും മുടങ്ങാതെ എട്ടു കൊല്ലം കഴിച്ചു. മദ്ധ്യെ വിഗ്രഹാരാധനയെ വെറുക്കുന്ന ചില ഗുരുനാഥന്മാരുടെ കത്തുകളും ശിഷ്യന്മാരുടെ ഉപദ്രവങ്ങളും എനിക്കു ധാരാളമുണ്ടായിട്ടുണ്ടെങ്കിലും എന്റെ പ്രവൃത്തിക്കു ഉൽക്കൎഷവും കത്തുകളാൽ തത്വജ്ഞാനവും ആണ് സാധിച്ചിട്ടുള്ളത്. പരിഹാസമായി ചിലർ എന്നെ വേദാന്തി എന്നു വിളിക്കുന്നത് കേട്ടിട്ട് വേദാന്തി എന്ന വാക്കിന്നു ഇവിടങ്ങളിൽ സാധാരണ നടപ്പുള്ള ഭ്രാന്തൻ എന്നു അൎത്ഥം എന്റെ പെററമ്മ ധരിച്ചു, എന്റെ മകൻ ഭ്രാന്തനായിതീൎന്നുവല്ലൊ എന്നു പറഞ്ഞു മാറത്തടിച്ചു അനേകംദിവസം കരയുന്നതും കാണ്മാൻ എനിക്കു സംഗതിയായിട്ടുണ്ട്. കാലിന്റെ അടിക്കുള്ള രോഗംനിമിത്തം ക്ഷേത്രഭജനം വിടേണ്ടിവന്നു. ഇതിന്റെ മദ്ധ്യെയൊക്കെ

ചില പുരാണങ്ങളും മഹാന്മാരുടെ ജീവചരിത്രങ്ങളും ലളിതമായ ഭാഷയിലുള്ളതൊക്കെ വായിക്കുക പതിവുണ്ടായിരുന്നു. മദ്ധ്യെ ഒരു ഗുരുനാഥൻ ചില ഉപദേശങ്ങൾ തന്നുതുടങ്ങി. വിവേകാനന്ദസ്വാമികളുടെ കർമ്മയോഗം, ഭക്തിയോഗം, ഈ ഗ്രന്ഥങ്ങൾ വായിക്കാനായിരുന്നു ഒന്നാമതായി ഗുരുനാഥൻ കല്പിച്ചത്. ക്രമേണ എന്റെ പ്രവൃത്തികളും വായനയും വർദ്ധിച്ചുതന്നെ വന്നു. കുഡുംബരക്ഷക്ക് വേണ്ടതായ അല്പധനം ദിവസേന ആർജ്ജിക്കും. കഷ്ടത്തോട് പോര് ചെയ്തും, കഷ്ടത്തെ അഗണ്യമാക്കി അതാത് ദിവസത്തെ വീട്ടുകാര്യം മാത്രം ആലോചിച്ചും, പിറേറദിവസത്തെ കാര്യം അല്പംപോലും ആലോചിയാതെ ബുദ്ധിയുടെ ദോഷം നശിപ്പിച്ചുതരുവാനായി ഈശ്വരനോടു പ്രാർത്ഥിച്ചും, ഈശ്വരസ്മരണയെ വിസ്മരിച്ചു ബുദ്ധി വിഷയങ്ങളിലേക്കു ഓടുമ്പോൾ ബുദ്ധിയെ വെറുത്തും ശപിച്ചും ഉടനെ സ്നേഹിച്ചും കാലം കഴിച്ചുവന്നു. അനേകം ഗുരുനാഥന്മാരുടെ സഹായത്തോടുംകൂടി ഭാഷയിലുള്ള ഗ്രന്ഥങ്ങളൊക്കെ (കിട്ടിവരുന്നത്) വായിച്ചുംതുടങ്ങി. പന്ത്രണ്ടു കൊല്ലം ഇടവിടാതെ വായിക്കുവാനുള്ള കല്പനയോടുംകൂടി രണ്ട് സ്നേഹിതന്മാർ ഗുരുനാഥൻവക്കൽ വാങ്ങിക്കൊടുത്ത വിചാരസാഗരം ഗുരുനാഥൻ ദാനമായി തന്നു. ഇങ്ങിനെയായിരുന്നു കഴിഞ്ഞ പതിനെട്ടുകൊല്ലവും ഞാൻ കഴിച്ചിട്ടുള്ളത്. ഒരു ഭ്രാന്തൻ നാട്ടാരിൽനിന്നു അനുഭവിക്കേണ്ടിവരുന്ന ദുഃഖത്തിന്റെ ഏതാൻഭാഗമൊക്കെ ഞാൻ അനുഭവിച്ചിട്ടുണ്ട്. ദാരിദ്ര്യം എന്നെ വിട്ടൊഴിഞ്ഞിട്ടില്ലെങ്കിലും, ശ്രുപം, കാവ്യം, ഇവകളൊന്നും ഞാൻ

വായിച്ചിട്ടില്ലെങ്കിലും, വിഷയങ്ങളിൽ എനിക്കു വിരക്തി ഉണ്ടായിട്ടില്ലെങ്കിലും മനസ്സമാധാനം എനിക്കു ദിനംതോറും വൎദ്ധിച്ചുവരുന്നുണ്ട്. എൻെറ പതിനെട്ടു കൊല്ലത്തെ ജീവിതസരണിയുടെ സംക്ഷേപം ഞാനിതാ സ്വാമിതൃപ്പാദങ്ങളിൽ സമൎപ്പിച്ചിരിക്കുന്നു. എൻെറ ചെറുതായ ഈ ഗ്രന്ഥം സ്വാമിതൃപ്പാദങ്ങൾ വായിച്ചുകേട്ടു, വായനക്കാരുടെ ബുദ്ധി മലിനപ്പെടുകയില്ലെന്നും, അവൎക്ക് ഉപകാരപ്രദമായിവരുമെന്നും, സ്വാമിതൃപ്പാദങ്ങൾക്കു അഭിപ്രായമുണ്ടാകുന്നപക്ഷം, ഗ്രന്ഥം പ്രസിദ്ധംചെയ്യാനുള്ള കല്പനയും, വായനക്കാരുടെ വിശ്വാസത്തിന്നുവേണ്ടി ചുരുക്കമായ ഒരഭിപ്രായവും, ഈ കത്ത് മുഖവുരയിൽ ചേൎക്കുവാനുള്ള അനുവാദവും, ദാനംചെയ്യുവാനായി ഞാനിതാ സ്വാമിതൃപ്പാദങ്ങളിൽ നമസ്കരിച്ചുകൊള്ളുന്നു.

എന്നു സ്വാമികളിൽ എത്രയും ഭക്തിബഹുമാനമുള്ള

ചെറിയാണ്ടി കുമാരൻ.

ഈ കത്തിന്നു സ്വാമിതൃപ്പാദങ്ങൾ കല്പിച്ചയച്ചുതന്ന മറുപടി അഭിപ്രായമായി ഇതിൽ ചേൎത്തിട്ടുണ്ട്.

ഞാൻ ഈശ്വരവിചാരം ചെയ്തു ഒരു ഭ്രാന്തനെപ്പോലെ നടക്കുന്നകാലം എന്നെ പിടിച്ചുടുപ്പിച്ചു പല സാരോപദേശങ്ങളും തന്നതായ എൻെറ ഗുരുനാഥൻ രാജശ്രീ കൊട്ടോത്ത് വലിയ ചന്തുപണിക്കർ അവർകളെ ഭക്തിബഹുമാനപുരസ്സരം എപ്പോഴും ഞാൻ സ്മരിച്ചുംകൊണ്ടിരിക്കുന്നു. എൻെറ ഗുരുനാഥൻെറ നിൎയ്യാണം വരക്കും

Sen Gupta Memorial

കാവ്യം മുതലായതൊന്നും എന്നെ പഠിപ്പിക്കുവാൻ അദ്ദേഹം ശ്രമിച്ചിരുന്നില്ല. എന്റെ പ്രാപ്തിക്കൊത്ത ഉപദേശങ്ങളും തന്നു എനിക്കുണ്ടായ ഭ്രമം ശമിപ്പിക്കുകയും ഭാഷാഗ്രന്ഥങ്ങൾ വായിക്കേണ്ടതായ പ്രാപ്തി വരുത്തിത്തരികയുമാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. പക്ഷെ ഓരോ ഗ്രന്ഥവും പലതവണ വായിക്കാനായി എന്നെ നിര്‍ബ്ബന്ധിച്ചിട്ടുണ്ടായിരുന്നു. അതുപ്രകാരം പത്തും പതിനഞ്ചും കൊല്ലങ്ങൾ ഇടവിടാതെ ചില ഗ്രന്ഥങ്ങൾ ഞാൻ വായിച്ചിട്ടുണ്ടു. ഇപ്പോഴും വായിക്കുക പതിവുണ്ട്.

ഞാൻ പത്രത്തിലേക്കു കൊടുക്കാനായി എഴുതിട്ടുണ്ടായിരുന്ന ഈ ചരിതം പുസ്തകമാക്കി പ്രസിദ്ധംചെയ്യാൻ എന്നെ നിര്‍ബ്ബന്ധിച്ചിട്ടുള്ളതും പ്രസിദ്ധം ചെയ്യുന്നതുവരക്കു വേണ്ടപ്പെട്ടതായ എല്ലാ സഹായങ്ങളും ചെയ്തുതരുവാൻ വാഗ്ദാനം ചെയ്തിട്ടുള്ളതും എന്റെ സ്നേഹിതൻ മാടായി കൃഷ്ണൻ അവർകളാണ്, എം. കെ. ഗുരുക്കളവർകളിൽ ഈ പുസ്തകം സമര്‍പ്പിച്ചിട്ടുള്ളതും ഞങ്ങൾ രണ്ടാളും കൂടിയാണ്. സ്വാര്‍ത്ഥം വിട്ട് അദ്ദേഹം ചെയ്തിട്ടുള്ള ഈ സഹായകൃത്യത്തിന്നു ഞാൻ എന്നും അദ്ദേഹത്തോടു നന്ദിയുള്ളവനായിരിക്കും.

എം. കെ. ഗുരുക്കളവർകളിൽനിന്നു അവതാരിക തരാമെന്നുള്ള വാഗ്ദാനം കിട്ടിയതിൽ പിന്നെയാണ് ഈ പുസ്തകം കൊളമ്പിലേക്കയച്ചു സ്വാമിതൃപ്പാദങ്ങളിൽ സമര്‍പ്പിച്ചത്. വളരെ കാലം ഞാൻ ചെയ്ത സാഹസം സഫലംതന്നെ എന്നുള്ള സംശയരഹിതമായ ബോധം എ

നിക്ക വന്നിട്ടുള്ളതു സ്വാമിതൃപ്പാദങ്ങളിൽനിന്നുള്ള കല്പന കിട്ടിയതിൽ പിന്നെയാണ്. "വായനക്കാരുടെ ബുദ്ധി മലിനപ്പെടുകയില്ലന്നും, അവക്ക് ഉപകാരപ്രദമായി വരുമെന്നും സ്വാമിതൃപ്പാദങ്ങൾക്ക അഭിപ്രായമുണ്ടാകുന്ന പക്ഷം എൻെറ പുസ്തകം പ്രസിദ്ധം ചെയ്യാനുള്ള കല്പന തരേണമെന്നാണ്" ഞാൻ അപേക്ഷിച്ചിട്ടുള്ളത്. എൻെറ ഈ പുസ്തകത്തിന്നു സൎവ്വ വിജയത്തേയും തൃപ്പാദങ്ങൾ ആശംസിക്കുന്നെന്നാണ് മറുപടിയായി എന്നെ അനുഗ്രഹിച്ചിട്ടുള്ളത് സ്വാമിതൃപ്പാദങ്ങളിൽ പിന്നേയും പിന്നേയും ഞാൻ നമസ്കരിക്കുന്നു. എൻെറ ഈ ജന്മം ഞാൻ ദുൎവ്യയമാക്കീട്ടില്ലെന്നും, തൃപ്പാദങ്ങളുടെ അനുഗ്രഹത്താൽ ഞാൻ വിജയിആകുമെന്നും ധൈൎയ്യപ്പെടുന്നു.

ഇന്നു വടക്കെ മലയാളത്തിലുള്ള പണ്ഡിതന്മാരിൽ പ്രഥമസ്ഥാനത്തെ അൎഹിക്കുന്ന ഒരു മഹാപണ്ഡിതനായ രാജശ്രീ എം. കെ. ഗുരുക്കൾ അവർകൾ എൻെറ പുസ്തകം വായിച്ചുനോക്കി അവതാരിക തരാമെന്നുവാഗ്ദാനം ചെയ്തപ്പോൾതന്നെ ഞാൻ വളരെ കൃതാൎത്ഥനായിട്ടുണ്ട്. പിന്നീട് പുസ്തകം വായിച്ചു മൂലഗ്രന്ഥവുമായി ഒത്തുനോക്കി സൎവ്വ ദോഷങ്ങളും തീൎത്തു അവതാരിക തന്നതായ ഗുരുനാഥനെ ഞാൻ എത്രതന്നെ നമസ്കരിച്ചാലും മതിയായിവരികയില്ല. എന്നാലും ഗുരുനാഥൻെറ പാദാരവിന്ദങ്ങളിൽ ഞാൻ നമസ്കരിക്കുന്നു.

ഞാൻ ഒരു കുതൎക്കിയാണെന്നു വിചാരിക്കാത്ത ഒരു വിദ്വാനും തലശ്ശേരിയിൽ ഉണ്ടായിരുന്നില്ല. അനേകാ

മാന്യന്മാരോടു ചെയ്ത കൃതക്കത്തിന്റെ ഫലം ഇന്നു ഞാൻ സന്തോഷത്തോടുംകൂടി അനുഭവിക്കുന്നു. അക്കാലം എന്നെക്കൊണ്ടു ബുദ്ധിമുട്ടെടുത്ത എല്ലാ സഹൃദയന്മാൎക്കും ഇന്നു ഞാൻ വന്ദനം പറഞ്ഞുകൊള്ളുന്നു.

ബ്രഹ്മശ്രീ നാരായണഗുരുസ്വാമി തൃപ്പാദങ്ങളുടെ ആശംസയോടും, രാജശ്രീ എം. കെ. ഗുരുനാഥൻ അവൎകളുടെ അവതാരികയോടുംകൂടി ഞാൻ എഴുതിയ ശിഖിദ്ധ്വജചരിതം എന്ന ഈ ഗ്രന്ഥം ഞാനിതാ മഹജ്ജനങ്ങളിൽ സമൎപ്പിക്കുന്നു. എന്റെ പുസ്തകംകൊണ്ടു വല്ലവൎക്കും ഈശ്വരങ്കൽ ഭക്തിബഹുമാനങ്ങളുണ്ടായി അല്ലമായിട്ടെങ്കിലും തത്വജ്ഞാനം സാധിച്ചെന്നുവരികിൽ ഞാൻ ഏററവും കൃതാൎത്ഥനായി.

ഗ്രന്ഥകൎത്താവ്.

[library stamp]

# ശ്രീഃ

## ഭൂമികാ.

"ശിഖിദ്ധ്വജചരിത്രം എന്ന ഈ ഗദ്യപുസ്തകം സുപ്രസിദ്ധമായ ലഘുയോഗവാസിഷ്ഠത്തിലെ നിൎവ്വാണപ്രകരണത്തിൽ 37-ാം സൎഗ്ഗംകൊണ്ട് പ്രതിപാദിച്ച ഒരു ഉപാഖ്യാനത്തിന്റെ പരിഭാഷയാകുന്നു. വസിഷ്ഠരാമസംവാദരൂപത്തിലിരിക്കുന്ന വാസിഷ്ഠഗ്രന്ഥം ദിവ്യജ്ഞാനനിധിയായ വാത്മീകിമഹൎഷി മുപ്പത്തീരായിരം ശ്ലോകങ്ങളെക്കൊണ്ടാണ് വിരചിച്ചിട്ടുള്ളത്. വിവേകം, വിജ്ഞാനം മുതലായ മഹാരത്നങ്ങൾക്ക് ഇരിപ്പിടമായിട്ടുള്ളതും വൈരാഗ്യം, മുമുക്ഷുവ്യവഹാരം, ഉൽപത്തി, സ്ഥിതി, ഉപശമം, നിൎവ്വാണം, എന്നിങ്ങിനെ ആറുപ്രകരണങ്ങളാകുന്ന കല്ലോലങ്ങളോടുകൂടിയതും, അനേകവിധത്തിലുള്ള ഉപാഖ്യാനങ്ങളാകുന്ന തരംഗങ്ങളോട് ഇടകലൎന്നതുമായ ആ വാസിഷ്ഠസമുദ്രം മന്ദമതികൾക്ക് ദുസ്തരമായിരിക്കുമെന്നുകണ്ടിട്ട് പരമകാരുണികനായ അഭിനന്ദാചാൎയ്യർ അതിൽനിന്ന് സംഗ്രഹിച്ച് ആറായിരം ശ്ലോകങ്ങളെക്കൊണ്ട് പ്രധാനവിഷയങ്ങളൊന്നും വിടാതെ ലഘുയോഗവാസിഷ്ഠമെന്ന ഗ്രന്ഥം നിൎമ്മിച്ചു. ആത്മജ്ഞാനപരങ്ങളായ ഉപദേശങ്ങളോടും ഉപാഖ്യാനങ്ങളോടുംകൂടിയിരിക്കയാൽ ഇതിനെ ജ്ഞാനവാസിഷ്ഠമെന്നും വിദ്വാന്മാർ വ്യവഹരിക്കാറുണ്ട്. പൊതുവിൽ വാ

സിഷ്ഠരാമായണമെന്നും പറയും. ഈ ശിഖിദ്ധ്വജോപാഖ്യാനത്തിൽത്തന്നെ വൈശ്യൻ, ചിന്താമണി, ഗജം, എന്നിവയെസംബന്ധിച്ച പ്രസക്താനുപ്രസക്ത്യാ മൂന്നു ഉപാഖ്യാനങ്ങൾ വേറെയും അടങ്ങീട്ടുണ്ട്. ഈവിധത്തിലുള്ള ഉപാഖ്യാനങ്ങളെല്ലാം സംസാരദുഃഖത്തിൽനിന്ന് മോക്ഷനംലഭിക്കവാനുള്ള ഉപായങ്ങളെ പ്രതിപാദിക്കുന്ന ഉപദേശപരമ്പരകളിലെ കാഠിന്യത്തെ ലഘൂകരിക്കയാണ് ചെയ്യുന്നത്. ഇതുതന്നെയാണ് വാസിഷ്ഠത്തിന്ന് മററുള്ള വേദാന്തഗ്രന്ഥങ്ങളെ അപേക്ഷിച്ച് പറയത്തക്കതായ ഒരു വിശേഷമുള്ളത്. ഭഗവൽഗീത, ബാദരായണസൂത്രം, ഉപനിഷത്തുകൾ മുതലായ ഇതരഗ്രന്ഥങ്ങൾ ദുർബോധവും ദുരൂഹവുമായ ബ്രഹ്മവിദ്യയെ വെറും ഉപദേശരൂപത്തിൽ അനുശാസിക്കയല്ലാതെ ശിഷ്യബുദ്ധിക്കുണ്ടാകുന്ന ദുർഗ്രാഹ്യതയെ ലഘൂകരിപ്പാനുള്ള ഉപായത്തോടുകൂടി ഒന്നും പ്രവൃത്തിക്കുന്നില്ല. പ്രകൃതഗ്രന്ഥം ജ്ഞേയമായ വിഷയത്തിൻെറ കാഠിന്യത്തിന്നനുസരിച്ച് അതു നല്ലവണ്ണം മനസ്സിൽ പതിയേണ്ട ആവശ്യത്തിലേക്ക് ഓരോ ഉപാഖ്യാനങ്ങളെ ഉദാഹരണമാക്കി എടുക്കുന്നുണ്ട്. ഈ സമ്പ്രദായം മഹാഭാരതം മുതലായി ദുല്ലഭം ചില ഗ്രന്ഥങ്ങളിൽ കാണുന്നുണ്ടെങ്കിലും കപിലസൂത്രം ഒഴികെയുള്ള തത്വശാസ്ത്രങ്ങളിൽ എവിടെയും പ്രതിപാദിച്ചുകാണുന്നില്ല. മഹാഭാരതം ശാന്തിപർവ്വത്തിൽ ഭീഷ്മർ ധർമ്മപുത്രർക്കുപദേശംചെയ്യുന്ന മിക്ക സ്ഥലത്തും പുരാതനമായ ഇതിഹാസത്തെ ഉദാഹരിച്ചു വിഷയത്തെ വ്യക്ത

മാകന്നുണ്ട്. കപിലസൂത്രം നാലാമദ്ധ്യായത്തിൽ വിവേകജ്ഞാനസാധനങ്ങളെക്കുറിച്ചു പറയുന്ന അവസരത്തിൽ ശാസ്ത്രസിദ്ധകളായ ആഖ്യായികകളെ ഉദാഹരിക്കുന്നു. എന്നാൽ വാസിഷ്ഠത്തിലെ ഉപാഖ്യാനങ്ങൾക്കു മേൽപറഞ്ഞവയിൽനിന്നു സുവ്യക്തമായ വൈലക്ഷണ്യം കാണപ്പെടുന്നുണ്ട്. അതാത് പ്രകൃതത്തിലേക്ക് ഉപയോഗമുള്ളതായി ഇതിൽ വിവരിക്കപ്പെട്ട മുപ്പത്തൊമ്പതോളം ഉപാഖ്യാനങ്ങൾ അവയിലെ ബാഹ്യമായ അലങ്കാരവൈചിത്ര്യംകൊണ്ടും കഥാഘടനകൊണ്ടും സഹൃദയന്മാൎക്ക് അധികമായ ചമൽക്കാരത്തെ ഉളവാക്കുന്നതിന്നുപുറമെ ആന്തരമായ ഗ്രന്ഥവിഷയത്താൽ ബ്രഹ്മവിദ്യയുടെ മൎമ്മങ്ങളെ ഉജ്ജ്വലിപ്പിച്ചു സുഗമമാക്കിത്തീൎക്കുകയും ചെയ്യുന്നു. ഇതാണ് ഇവതമ്മിലുള്ള സാരതരമായ വ്യത്യാസം. അതുകൊണ്ട് മോക്ഷലബ്ധിക്ക് പരിശ്രമിക്കുന്നവൎക്കു പ്രകൃതഗ്രന്ഥംപോലെ രസാവഹമായ വേറെ ഗ്രന്ഥം അധികമായി ഇല്ലെന്നു നിസ്സംശയം പറയാം.

മോക്ഷസാധനമായ ജ്ഞാനത്തെ സമ്പാദിച്ചു ഒടുവിൽ മുക്തനായിത്തീരുവാനുള്ള ഉപായപരിപാടിയെ ശ്രുതിയിൽ നിൎദ്ദേശിച്ച ക്രമത്തെത്തന്നെ വാസിഷ്ഠത്തിലും സ്വീകരിച്ചിരിക്കുന്നു. അതു ഇങ്ങിനെയാകുന്നു. "ഒന്നാമതായി ഫലാഭിസന്ധികൂടാതെ വിഹിതകൎമ്മങ്ങളെ അനുഷ്ഠിക്കുന്നതിനാൽ ഉണ്ടാകുന്ന പുണ്യം. പുണ്യോൽപത്തിയുടെ അനന്തരം പാപക്ഷയം (പുണ്യേന പാപമപ

ദമതി എന്നു ശ്രുതി) അതിൽപിന്നെ വിവേകം. വിവേ
കാനന്തരം സംസാരത്തിന്റെ തത്വജ്ഞാനം. അനന്ത
രം വൈരാഗ്യം. പിന്നെ മുമുക്ഷുത്വം. അതിനുശേഷം
മോക്ഷസാധനാന്വേഷണം. അനന്തരം ഗുരുചരണസേ
വ. പിന്നീട് ശ്രവണമനനാദ്യനുഷ്ഠാനം. അതിൽപി
ന്നെ ബ്രഹ്മസാക്ഷാൽകാരം. അനന്തരം അജ്ഞാനനാ
ശം. അജ്ഞാനനാശാനന്തരം മോക്ഷലാഭം.” ഈ ക്ര
മത്തെ അനുസരിച്ചുകൊണ്ടാണ് വാസിഷ്ഠത്തിലെ വിഷ
യങ്ങളെ കാന്താസമ്മിതമായ കാവ്യബന്ധംകൊണ്ട് പ്ര
തിവാദിച്ചത്. ഇതിനെക്കുറിച്ചു ഇനിയും വിസ്തരിക്കുന്നില്ല.

മോക്ഷമെന്നത് പുരുഷന്മാൎക്ക് അൎത്ഥിക്കത്തക്കവയി
ൽ പ്രധാനമായിട്ടുള്ളതാണെന്നു ഏത് മതക്കാരും സമ്മ
തിക്കും. പക്ഷെ അവിടെക്ക് എത്തിച്ചേരേണ്ടുന്ന മാർ
ഗ്ഗങ്ങളെക്കുറിച്ചുള്ള മതാചാൎയ്യന്മാരുടെ അഭിപ്രായം പര
സ്പരം ഭിന്നമായിട്ടാണിരിക്കുന്നത്. ഹിന്തുക്കളുടെ ഇടയി
ൽ ശൈവം വൈഷ്ണവം മുതലായ അനേകമതങ്ങളും
സാംഖ്യം വൈശേഷികം മുതലായ ദൎശനങ്ങളും പഞ്ചരാ
ത്രം മുതലായ ആഗമങ്ങളും മററും മോക്ഷത്തിനുള്ള പ
ന്ഥാക്കളെ ഉപദേശിക്കുന്നുണ്ടെങ്കിലും അതെല്ലാം വിഭി
ന്നരീതിയിലാകുന്നു. ഇതുകൊണ്ടാണ് ഹിന്തുമതം പ്ര
ത്യേകമായ ഒരു മതമല്ലെന്നു പലരും പറയുന്നത്. വാ
സ്തവാ ആലോചിച്ചാൽ രാഗാദി ദോഷങ്ങളേയും വിഷ
യാഭിലാഷാദികളേയും പരിത്യജിച്ചു ഈശ്വരൻതന്നെ
യോ എന്നു തോന്നുമാറുള്ള ദിവ്യത്വത്തിന് ആശ്രയഭൂത
ന്മാരായ ഋഷികൾതുടങ്ങി വൃക്ഷങ്ങളെപ്പോലും ഈശ്വരാ

ധിവാസമുണ്ടെന്നുകരുതി ആരാധിച്ചുപോരുന്ന പാമരന്മാർവരെയുള്ള ആളുകൾ ഈ മതത്തിൽപെട്ടവരായികാണുകകൊണ്ട് ഇത് അനേകമതങ്ങൾകൂടിയ ഒരു മഹാമതമാണെന്നു പറയേണ്ടിയിരിക്കുന്നു. എന്നാൽ ആവക എല്ലാ മതക്കാരുടേയും ഇച്ഛാവിഷയത്തിന്നും പ്രാച്യസ്ഥാനത്തിന്നും ഗണ്യമായ യാതൊരു വ്യത്യാസവുമുള്ളതായി കാണുന്നില്ല. അതാത് മതങ്ങൾക്കനുസരിച്ച ആരാധനാക്കും ആചാരത്തിന്നും വലുതായ വ്യത്യാസങ്ങളുണ്ട്താനും. ഈ വ്യത്യാസത്തെ ആസ്പദമാക്കീട്ട് ചിലർ ഹിന്ദുമതത്തെ കഠിനമായി ദൂഷിക്കുന്നുമുണ്ട്. എന്നാൽ അവർ മതത്തിന്റെ സൂക്ഷ്മതത്വത്തെ ഗ്രഹിക്കാത്തവരാകകൊണ്ടാണ് അങ്ങിനെ ദൂഷ്യപ്രസ്താവം ചെയ്യേണ്ടിവരുന്നതെന്നു പറയാതെ കഴികയില്ല. തത്വപാരദൃശ്വാക്കളായ പുരാതനമതപ്രവർത്തകന്മാരുടെ ഗംഭീരമായ അഭിപ്രായത്തിന്റെ രഹസ്യം അവർ ശരിയായിഗ്രഹിച്ചിട്ടില്ല. മതാചാര്യന്മാർ ആപ്തന്മാരും ജീവന്മുക്തന്മാരുമായിരുന്നു. ഖ്യാതിക്കൊ പൂജ്യതക്കൊ ലാഭത്തിന്നൊ വേണ്ടി അവർ മിഥ്യാപ്രലാപം ചെയ്യുന്നവരായിരുന്നില്ല. ആവിധം മഹാത്മാക്കളുടെ മനോഗതിക്കനുസരിച്ച ഉപദേശിക്കപ്പെട്ടവ നമ്മുടെ സ്ഥൂലദൃഷ്ടിയിൽ പരസ്പരം ഭിന്നങ്ങളായിത്തോന്നിയാലും അവ എപ്പോഴും വാസ്തവങ്ങളായിതന്നെ ഇരിക്കും. ഘടമെന്ന പദാർത്ഥം ഒരു നൈയായികന്റെയൊ വൈശേഷികന്റെയൊ ദൃഷ്ടി

ക്ക് വിഷയമായിരുന്നാൽ ആയത് പരമാണുക്കളുടെ ആരംഭകസംയോഗത്താലുളവായി അവയവങ്ങളിൽനിന്ന് ഭിന്നമായിട്ടിരിക്കുന്ന ഒരു അവയവിയാണെന്നു ബോധിക്കുന്നു. ആഹ്തമതക്കാരൻ ഒരുവിധത്തിൽ ആയതിന്റെ (ഘടത്തിന്റെ) സത്തയെ കാണുമ്പോൾ മറെറാരുവിധത്തിൽ ആയതിന്റെ അഭാവത്തേയും കാണുന്നു. സാംഖ്യതത്വജ്ഞാനിയൊ അതിനെ ത്രിഗുണങ്ങളുടെ സമ്മേളനസ്വരൂപമായിട്ടെ വിചാരിക്കുന്നുള്ളു. എന്നാൽ ഒരു ബൌദ്ധതത്വജ്ഞന്റെ ദൃഷ്ടിയിൽ അത് വെറും പരമാണുപുഞ്ജമാകുന്നു. വേദാന്തികൾ നാമമാത്രത്താൽ വ്യവഹരിക്കപ്പെടുന്ന മിഥ്യാവസ്തുവായിട്ട് മാത്രം അതിനെ കരുതുന്നു. ഘടത്തെക്കുറിച്ചുള്ള ഈ മതഭേദങ്ങളിൽ ഒന്നെങ്കിലും അസത്യമായിട്ടുള്ളതല്ല. ഇതുകൊണ്ട് തന്നെയാണ് മാധവാചാൎയ്യർ യോഗാചാരമതനിരൂപണത്തിൽ

"പരിവ്രാട് കാമുകശുനാമേകസ്യാം പ്രമദാതനൌ
കുണപഃ കാമിനീഭക്ഷ്യ ഇതിതിസ്രൊ വികല്പനാ"

എന്നു പ്രസ്താവിച്ചത്. ഇതിന്റെ അൎത്ഥം "ഒരു സ്ത്രീയുടെ ശരീരം കണ്ടാൽ ഇത് ഒരു പിണമാകുന്നു എന്നു മാത്രമേ സന്യാസികൾ വിചാരിക്കയുള്ളു. ആ ശരീരം തന്നെ കാമികളായ ജനങ്ങളുടെ കണ്ണിന്നു സുന്ദരീരൂപത്തിൽ വിഷയീഭവിക്കുന്നു. ശവം തിന്നുന്ന നായ്ക്കൾക്ക് അത് തങ്ങളുടെ ഭക്ഷണസാധനമെന്നാണ് വിചാരം." സ്ത്രീ ശരീരത്തെ സംബന്ധിച്ചേടത്തോളം ഈ മൂന്നു വകക്കാരുടെയും മനോഗതി വളരെ സുബദ്ധമായി

ട്ടുള്ളതാണ്. ഇതേപ്രകാരം മതാചാൎയ്യന്മാരുടെ അഭിപ്രായം ഭിന്നഭിന്നമായി തോന്നുന്നതായാലും സൂക്ഷ്മതത്വം ആലോചിച്ച് അതാത് മതത്തിലിരുന്നുംകൊണ്ടു നോക്കുന്നവൎക്ക് അവിടെ യാതൊരു വിപ്രതിപത്തിയും ഉണ്ടാകുന്നതല്ല. മുക്തിവിവേകമെന്ന ഗ്രന്ഥം നിൎമ്മിക്കുന്ന അവസരത്തിൽ ഞാൻ നാല്പത്തൊമ്പതോളം മതങ്ങളെ പരിശോധിച്ചിട്ടുള്ളവയിൽ എല്ലാററിലും അനുഷ്ഠാനങ്ങൾക്കു മാത്രമല്ല മോക്ഷനിൎവ്വചനങ്ങൾക്കുകൂടി ഭേദമുള്ളതായി കാണപ്പെട്ടിട്ടുണ്ടു. എങ്കിലും എല്ലാ മതക്കാരുടെയും ഉദ്ദേശത്തിന്നൊ പ്രാപ്യസ്ഥാനത്തിന്നൊ ഭിന്നത്വമുള്ളതായി കണ്ടില്ല. ഇതുകൊണ്ടുതന്നെയാണ് "പലമതസാരവുമേകം" എന്ന് ശ്രീനാരായണഗുരുസ്വാമികൾ അഭിപ്രായപ്പെടുന്നത്. മതകൎത്താക്കന്മാർ തന്നെ ഇതരമതത്തെ ഖണ്ഡിച്ചു നിഷേധിക്കുന്നുണ്ടല്ലൊ എന്നു ചോദിക്കുന്ന പക്ഷം സ്വമതത്തിന്നു ദാൎഢ്യം വരുത്താൻ വേണ്ടി മാത്രമാകുന്നു അവർ അങ്ങിനെ ചെയ്യുന്നത് എന്നാണ് സമാധാനം. ഇതരമതത്തെ നിഷേധിക്കാതിരുന്നാൽ അതും സ്വമതമാണെന്നു പലരും ശങ്കിച്ചേക്കും "പരമതമപ്രതിഷിദ്ധം സ്വമതം" (അന്യമതം നിഷേധിക്കാതിരുന്നാൽ അതും സ്വമതം തന്നെ) എന്നായിരുന്നു ആ കാലത്തുള്ള പൊതുന്യായം. ഇങ്ങിനെതന്നെ പരമതത്തെ നിന്ദിക്കുന്നതും സ്വമതത്തിൻെറ പ്രശംസക്ക് വേണ്ടിയാകുന്നു.

"നഹി നിന്ദാ നിന്ദനീയം നിന്ദിതും പ്രവൎത്തതെ
അപിതു വിധേയം സ്തോതും"

"നിന്ദയെന്നത് നിന്ദനീയനെ നിന്ദിപ്പാനല്ല വി
ധേയനെ സ്തുതിപ്പാനാകുന്നു പ്രവൎത്തിക്കുന്നത്" എന്നുള്ള
ന്യായം ഈവക സംഗതികളിൽ പ്രത്യേകം ഓൎമ്മിക്കേണ്ട
താണ്. മേൽ കാണിച്ച സംഗതികളെല്ലാം ആലോചിച്ചാ
ൽ ഓരോ ആചാൎയ്യന്മാർ കാണിച്ചുതരുന്ന പന്ഥാവിൽ
കൂടെ പോകുന്നവർ മറ്റു പന്ഥാക്കളെ കാണിക്കുന്ന ആ
ചാൎയ്യന്മാരുടെ അനുഗാമികളെ കുറ്റം പറവാൻ ഒരിക്ക
ലും ശ്രമിക്കുന്നതല്ല. പല മാൎഗ്ഗമായി പ്രവേശിക്കാവുന്ന
ഒരു ഉദ്യാനത്തിലേക്കു ഒരു ഭാഗത്തുകൂടി പോകുന്നവൻ
മറുഭാഗത്തുകൂടി പ്രവേശിപ്പാൻ പാടില്ലെന്നു പറയുന്നതി
ൽ എന്താണ് യുക്തിയുള്ളത്? തങ്ങളുടെ മതാചാൎയ്യൻ
സൎവ്വജ്ഞനാണെന്നും സ്വമതത്തിലാണ് ധൎമ്മോപദേശ
മുള്ളതെന്നും മറ്റും ചിലർ പ്രലപിക്കുന്നതും അന്ധഗജ
ന്യായേന വന്നുകൂടുന്ന അബദ്ധമാണ്.

"സുഗതോയദിധൎമ്മജ്ഞഃ കപിലോനേതികാപ്രമാ
താവുഭൌയദിസൎവ്വജ്ഞൌ മതിഭേദഃ കഥംതയോഃ"

"ബുദ്ധൻ ധൎമ്മജ്ഞനാണെങ്കിൽ കപിലൻ ധൎമ്മ
ജ്ഞനല്ലെന്നതിനു എന്തു പ്രമാണം? അവർ രണ്ടുപേരും
സൎവ്വജ്ഞന്മാരാണെങ്കിൽ അവരുടെ മതം ഭിന്നമായിവ
രാൻ കാരണമെന്ത്?" എന്നുള്ള ആപ്തവചനത്തെ ഏത്
മതക്കാരും ആലോചിച്ചുനോക്കേണ്ടതാണ്. എല്ലാ മത
ക്കാരും ഒരേ ഉദ്ദേശത്തിന്മേൽ പ്രവൎത്തിക്കുന്നവരാകുന്നു
വിശപ്പു തീൎക്കുവാൻ പാൽപായസം കുടിച്ചാലും ചോറു
ണ്ടാലും ഫലമൂലാദികൾ ഭക്ഷിച്ചാലും ഫലം ഒന്നുതന്നെ

യാണ്. ഇതുപ്രകാരം മതഗ്രന്ഥങ്ങളിൽ ഉപദേശിക്കുന്ന വിഭിന്നരീതികളിൽ ഏതിനെ സ്വീകരിച്ചാലും അതുകൊണ്ടുണ്ടാകുന്ന ഫലം അഭിന്നമായി തന്നെയിരിക്കും. ക്രിസ്തുമതം മുതലായ ഇതരമതങ്ങളെപ്പോലെ സ്വർഗ്ഗപ്രാപ്തിക്കൊ സായൂജ്യലബ്ധിക്കൊ ഒരൊററ മാർഗ്ഗം കാണിച്ചു എല്ലാവരേയും അതിൽകൂടി കൊണ്ടുപോവാൻ ഉദ്യമിക്കുന്ന സമ്പ്രദായം ഹിന്തുമതത്തിലില്ല. മനുഷ്യപ്രകൃതിക്ക് വിവിധത്വമുള്ളതുപോലെ മതത്തിന്നും വിവിധത്വമുണ്ടായിരുന്നാലെ മതംകൊണ്ടുദ്ദേശിച്ച കാര്യം സുസാധമായി തീരുകയുള്ളു. ഓരോരുത്തൻെറ പ്രകൃതിക്കനുസരിക്കുന്ന വിധം മോക്ഷമാർഗ്ഗത്തെ ഉപദേശിക്കുന്ന മതങ്ങൾ ഉണ്ടായിരിക്കേണമെന്നത് ഈശ്വരൻെറ ഇച്ഛയാണ്. ലോകത്തിൽ ഒരു മതം മാത്രം മതി എന്നാണ് ഈശ്വരേച്ഛയെങ്കിൽ ഇത്ര അധികം മതം നിലനിന്നു പോരുവാൻ കാരണമെന്ത്? വാതം, പിത്തം മുതലായ കൂറിന്നനുസരിച്ചുണ്ടാകുന്ന രോഗങ്ങൾക്കെല്ലാം കൂടി ഒരു കഷായം മാത്രം മതിയെന്നു നിശ്ചയിക്കുന്നതായാൽ രോഗം മാറുന്നതല്ല. ഈതത്വത്തെ മനസ്സിൽ വെച്ചുംകൊണ്ടാണ് മോക്ഷമാർഗ്ഗത്തെ ഉപദേശിക്കുന്ന ശ്രുതികളിൽനിന്ന് കണാദൻ, വ്യാസൻ മുതലായ മഹർഷിമാർ ഭിന്നരീതിയിൽ വെവ്വേറെ ദർശനങ്ങളെ നിർമ്മിച്ചത്. അവർ അധികാരിഭേദത്തെ നിർണ്ണയിച്ചു മന്ദാധികാരികൾക്ക് കർമ്മകാണ്ഡമെന്നും മദ്ധ്യമാധികാരികൾക്ക് ഉപാസനാകാണ്ഡമെന്നും ഉത്തമാധികാരികൾക്ക് ജ്ഞാനകാണ്ഡമെന്നും മൂന്നു വിധത്തിൽ

വേദത്തെ വിഭാഗിച്ചു, ദൎശനങ്ങളെ നിൎമ്മിച്ചു. ഈ വിഭാഗപ്രകാരം നിൎമ്മിക്കപ്പെട്ട ദൎശനങ്ങളെല്ലാം മോക്ഷമെന്ന ഒരേ പദത്തിലേക്ക് ചെല്ലുവാനുള്ള മാൎഗ്ഗങ്ങളെയാണ് കാണിക്കുന്നത്. അവയിൽ ഏതേത് മതത്തെ അനുസരിക്കുന്നതാണ് ഒരാൾക്ക് സുകരമായി തോന്നുന്നത്, ആയാൾ ആ മതത്തെ അനുസരിച്ചു എത്തേണ്ട ദിക്കിലെത്തട്ടെ, എന്നാണ് ആചാൎയ്യന്മാരുടെ ആശയം. യഥാൎത്ഥം ഇങ്ങിനെ ആകയാൽ പ്രധാന പുരുഷാൎത്ഥത്തെ ഉപദേശിക്കുന്ന മതഗ്രന്ഥങ്ങളെല്ലാം മന്ദൻ, മധ്യമൻ, ഉത്തമൻ, എന്നിങ്ങിനെയുള്ള വ്യത്യാസത്തെ അനുസരിച്ചു പലവിധത്തിൽ ഉപദേശിക്കുന്നു എന്നത് സ്ഥൂലദൃഷ്ടികൊണ്ടുപോലും കാണാവുന്നതാണ്. ഇതിനെക്കുറിച്ച് ഇനിയും വിസ്തരിക്കുന്നില്ല.

അവരിൽ മന്ദാധികാരികൾക്ക് വേണ്ടിയാണ് ജൈമിനിമഹൎഷി വേദാൎത്ഥത്തെ വിചാരണചെയ്യുന്ന പൂൎവ്വമീമാംസയെ നിൎമ്മിച്ചത്. ആയത് വിഷയാനുഭവം കൊണ്ടുണ്ടാകുന്ന അനിത്യസുഖങ്ങളെ ആഗ്രഹിക്കുന്നവരും വൎണ്ണാശ്രമാദിമാനികളും ബുദ്ധിമാന്മാരല്ലാത്തവരുമായ മനുഷ്യരെ ഉദ്ദേശിച്ചു ഉപദേശം ചെയ്യുന്നു. അത് അത്രമാത്രംകൊണ്ടു ശ്രദ്ധയേയും മനഃശുദ്ധിയേയും ഉളവാക്കി ഉത്തമാധികാരിത്വത്തിന്നൊ സൎവ്വപ്രാപ്തിക്കൊ സഹായമായി തീരുന്നു.

"കുൎവ്വന്നേവെഹകൎമ്മാണി
ജിജീവിഷേച്ഛതം സമാഃ"

"ഇവിടെ കൎമ്മങ്ങളെ ചെയ്തുകൊണ്ടുതന്നെ അനേകം സംവത്സരം ജീവിപ്പാനിച്ഛിക്കേണം" എന്നും മററും ശ്രുതികളിൽ വിധിച്ചത് ഈ സംഗതിയിലേക്ക് നല്ല തെളിവാകുന്നു.

"നബുദ്ധിഭേദം ജനയെ ദജ്ഞാനാം കൎമ്മസംഗിനാം
ജൊഷയെൽ സൎവ്വകൎമ്മാണി വിദ്വാൻയുക്തഃസമാചരൻ"

"കൎമ്മം ചെയ്യുന്ന അജ്ഞന്മാൎക്ക് അതിൽ ബുദ്ധിഭേദത്തെ ഉണ്ടാക്കി തീൎക്കരുത്. വിദ്വാനായവൻ കൎമ്മം ചെയ്തുകൊണ്ടു അവരേയും ചെയ്യിക്കേണം" എന്ന ഗീതയിൽ പറയുന്നതും മന്ദാധികാരികളെ സംബന്ധിച്ചാകുന്നു. ഇങ്ങിനെതന്നെ ജന്മാന്തരസഞ്ചിതങ്ങളായ സുകൃതങ്ങളെക്കൊണ്ടൊ ദുഷ്കൎമ്മക്ഷയം നിമിത്തമോ ചിലൎക്ക് ഈശ്വരഭക്തിയിൽ താൽപൎയ്യവും അധികമായ ശ്രദ്ധയും അങ്കുരിച്ചേക്കാം. അങ്ങിനെയുള്ളവരെയാണ് മദ്ധ്യമാധികാരികൾ എന്നു പറയുന്നത്. അവൎക്ക വേണ്ടിയാണ ഉപാസനകളെ ബോധിപ്പിക്കുന്ന വേദവിധികളെ ആശ്രയിച്ച പതഞ്ജലി, ഗൌതമൻ മുതലായവർ യോഗം ന്യായം മുതലായ ദൎശനങ്ങളെ നിൎമ്മിച്ചത്. ഈവിധമുള്ള ഉപാസനക്ക് രാജവിദ്യയെന്നാണ് പേർ പറഞ്ഞുവരുന്നത്. രാജവിദ്യയേയും ബ്രഹ്മവിദ്യയേയും വെവ്വേറെയായി ഉപനിഷത്തുകളിൽ പ്രതിപാദിച്ചിരിക്കകൊണ്ടു ബ്രഹ്മവിദ്യ ഉത്തമാധികാരികൾക്ക് വേണ്ടിയുള്ളതാണെന്നു സ്പഷ്ടമാകുന്നു. ജന്മാന്തരകൃതമായ പുണ്യസഞ്ചയത്തിൻെറ പരിപാകംകൊണ്ടൊ മുൻ പറയപ്പെട്ട ശ്രുത്യുക്തപരിപാടിയെ അനുസരിക്കകൊണ്ടൊ വിവിദിഷാവാക്യ

ത്തിൽ (ബ്രഹ്മജ്ഞാനത്തിന്നുള്ള ഇച്ഛക്കു കാരണം പറയു ന്ന വേദാന്തവാക്യത്തിൽ) നിർദ്ദേശിക്കപ്പെട്ട യജ്ഞം, ദാനം തപസ്സ് മുതലായ കർമ്മംകൊണ്ടോ ആയിരിക്കും അധികാരികൾക്കു ഉത്തമത്വം സിദ്ധിക്കുന്നത്. അങ്ങിനെയുള്ള ഉത്തമാധികാരികളെ ഉദ്ദേശിച്ചാണ് ഉപനിഷത്തുകളിൽ "അധീഹി ഭഗവൻ ബ്രഹ്മവിദ്യാം" "ബ്രഹ്മവിദ്യാം പ്രവക്ഷ്യാമി" "തസ്മൈസഹോവാച ബ്രഹ്മവിദ്യാം വരിഷ്ഠാം" എന്നും മററും ഘോഷിക്കുന്നത്. ഉത്തമാധികാരികൾക്കുവേണ്ടിത്തന്നെയാണ ബാദരായണൻ വേദാന്തദർശനത്തെ നിർമ്മിച്ചത്. ഇതിനെക്കുറിച്ച് അധികം പറവാനുണ്ടെങ്കിലും വിസ്തരഭയം നിമിത്തം അതിന്നായി ശ്രമിക്കുന്നില്ല.

വേദാന്തദർശനത്തിന്നു മൂലഗ്രന്ഥം ഉപനിഷത്തുകകളാകുന്നു. ആ വിധം ഉപനിഷത്തുകളുടെ സാരം ഉദ്ധരിച്ചു പലമഹാന്മാരും പലവിധത്തിൽ വേദാന്തഗ്രന്ഥങ്ങളെ നിർമ്മിച്ചിട്ടുണ്ട്. എങ്കിലും വേദാന്തപരിശീലനത്തിൽ ശ്രദ്ധയുള്ളവക്ക് യോഗവാസിഷ്ഠംപോലെ സുഗമമായ വേറെ വേദാന്തഗ്രന്ഥം ദുർല്ലഭമാകുന്നു. അതിലും വിശേഷിച്ചു "ശിഖിദ്ധ്വജോപാഖ്യാനം" എന്ന ഈ ഭാഗം മൂലഗ്രന്ഥം വളരെ സുഗമവും അവക്രവുമാകുന്നു. ഇതിൻെറ പരിഭാഷയായ പ്രസ്തുത ഗദ്യ ഗ്രന്ഥത്തിലെ വാക്യങ്ങളെല്ലാം സംസ്കൃതബാഹുല്യം കൂടാതെ ഏവക്കും വായിച്ചാൽ മനസ്സിലാകത്തക്ക നിലയിലാണ് എഴുതിട്ടുള്ള തെന്നു ആരും സമ്മതിക്കുന്നതാണ്. എന്നാൽ മൂലത്തി

ന്നനുസരിച്ച് പദംതോറുമുള്ള പരിഭാഷയാണിതെന്നു പറഞ്ഞുകൂടാ. മൂലത്തിൽ ഹൃദയാഹ്ലാദകരങ്ങളായ പലവിധ അലങ്കാരങ്ങളുള്ളവയെ ഒന്നൊഴിയാതെ ഗ്രന്ഥകർത്താവ് വിട്ടുകളഞ്ഞിരിക്കുന്നു. അവയെ കൂടെ ഇതിൽ ചേർത്തിരുന്നെങ്കിൽ ഇപ്പോഴുള്ളതിനേക്കാൾ കമനീയമാകുമായിരുന്നു. തത്വോപദേശത്തിൽ കാവ്യാലങ്കാരങ്ങളെ കൂടി ചേർത്താൽ അധ്യേതാക്കൾക്ക തത്വഗ്രഹണത്തിൽ കുഴപ്പം നേരിടുമെന്നു വിചാരിച്ചായിരിക്കാം അങ്ങിനെ ചെയ്യാതിരുന്നത്. ഇതുകൂടാതെ ഗ്രന്ഥകർത്താവ് അതാത് സന്ദർഭത്തിന്നനുസരിച്ച് വേറെയും ചില അഭിപ്രായങ്ങളെ കൂട്ടിച്ചേർത്തും ഇതിന്നുള്ള പരിശീലനയോഗ്യതയെ പ്രകാരാന്തരേണ ഉത്തേജിപ്പിക്കുന്നുണ്ട്. ഇതിൽ സ്ത്രീകളെപ്പററിയും, യോഗസിദ്ധികൾ, ആത്മജ്ഞാനോചിതമായ മനസ്, രാഗാദിദോഷങ്ങൾ, അഹംപദാർത്ഥം, സമാധി, സ്ത്രീപുരുഷസംബന്ധം എന്നിവയെപ്പററിയും ചുരുങ്ങിയനിലയിൽ ഗ്രന്ഥകർത്താവ് വിവരണം ചെയ്തിട്ടുണ്ട്. ഈ വിവരണങ്ങളെല്ലാം അവസരോചിതമായിട്ടുണ്ടെന്നാണ് എൻെറ അഭിപ്രായം. അതുകൊണ്ട് പ്രകൃതപുസ്തകം വളരേ ചെറുതാണെങ്കിലും ഗൌരവമേറിയ വിഷയങ്ങളടങ്ങിയിരിക്കയാൽ ആത്മവിദ്യാരതന്മാർക്ക് ഇതിൽ അഭിരുചിയുണ്ടാകുമെന്നതിനെപ്പററി സംശയിക്കേണ്ടതില്ല. അധികം വിസ്തരിച്ചിട്ടു ഫലമില്ലല്ലൊ. വേദാന്തസമുദ്രത്തിലിറങ്ങി ഇഷ്ടംപോലെ ഉല്ലസിച്ചുകൊണ്ടിരിക്കത്തക്ക വ്യുൽപത്തിയും ബുദ്ധിശക്തിയും ഇല്ലാത്തവർക്ക് ഈ വി

ധം ആത്മവിദ്യാശകലങ്ങളെ ഓരോ കഥയുടെ ഉള്ളിൽ ചെലുത്തി ബാലന്മാൎക്കു കൈപ്പുള്ള ഔഷധങ്ങളെ മധുരദ്രവ്യംകൊണ്ടു് പൊതിഞ്ഞുകൊടുക്കുന്നതുപോലെ, ഉപപാദിച്ചുകൊടുക്കുന്നതായാൽ അതുകൊണ്ടു വലുതായ ഗുണം സാധിപ്പാൻ സംഗതിവരുമെന്ന അഭിപ്രായത്തോടുകൂടി ഞാൻ ഈ ഭൂമികയെ അവസാനിപ്പിക്കുന്നു.

തലശ്ശേരി,
15—1—27.

എം. കോരപ്പൻ ഗുരുക്കൾ.

COLOMBO,

**18-12-'26.**

മാന്യരെ!

ഈ പുസ്തകത്തിന്റെ ആദ്യം എഴുതിച്ചേർത്തിട്ടുള്ള കത്തും, പുസ്തകത്തിലെ ഏതാനും ഭാഗങ്ങളും ബ്രഹ്മശ്രീ സ്വാമി തൃപ്പാദങ്ങൾ വായിച്ചു കേട്ടു, വളരെ സന്തോഷിച്ചു. നിങ്ങളുടെ ഈ പരിശ്രമം വളരെ നല്ലതാണെന്നും, എന്നാൽ ഇതിലെ വാക്യങ്ങളെ ശ്രമിച്ചാൽ ഇനിയും നന്നാക്കുവാൻ കഴിയുന്നതുകൊണ്ടു നമ്മുടെ ശ്രീമാൻ കോരപ്പൻ ഗുരുക്കൾ അവർകളെ കാണിച്ചു അദ്ദേഹം ഒരാവർത്തി നോക്കി പരിശോധിച്ചതിന്റെ ശേഷം അച്ചടിച്ചു പ്രസിദ്ധംചെയ്യുന്നതു കുറെ കൂടി നന്നായിരിക്കുമെന്നും നിങ്ങളെ അറിയിക്കാൻ തൃപ്പാദങ്ങൾ എന്നോടാജ്ഞാപിച്ചിരിക്കുന്നു.

നിങ്ങളുടെ ഈ പുസ്തകത്തിന്ന് തൃപ്പാദങ്ങൾ സർവ്വവിജയത്തേയും ആശംസിക്കുന്നു.

എന്ന് കല്പനപ്രകാരം,

വിദ്യാനന്ദൻ (ഒപ്പ്.)

സാർ,

താങ്കൾ ഇവിടെ അയച്ചിരുന്ന കത്തുപ്രകാരം ഞാൻ സ്വാമിതൃപ്പാദങ്ങളെ ചെന്നുകണ്ടു പുസ്തകവിവരം അറിയിച്ചു. എന്നാൽ അതിന്നുമുമ്പായി സ്വാമിതൃപ്പാദങ്ങൾ പുസ്തകം വായിച്ചുകേട്ടിരിക്കുന്നു. സ്വാമിതൃപ്പാദങ്ങൾ എന്നോടിപ്രകാരം പറഞ്ഞു "അത് പ്രയോജനമുള്ള പുസ്തകമാണ്, അതിനെ അച്ചടിച്ചു പ്രസിദ്ധംചെയ്യാം, നന്നായിട്ടുണ്ടു്, പക്ഷെ ഒന്നുകൂടി നന്നാക്കാമായിരുന്നു." അതിന്നു ഗുരുക്കളെ കാണിക്കുവാൻ തൃപ്പാദങ്ങൾ പറഞ്ഞിരിക്കുന്നു. തൃപ്പാദങ്ങളെ പുസ്തകം വായിച്ചു കേൾപ്പിച്ചതു വിദ്യാനന്ദസ്വാമികളായിരുന്നു. സ്വാമിതൃപ്പാദങ്ങൾ പുസ്തകം വായിച്ചുകേട്ടു വളരെ സന്തോഷിച്ചിരിക്കുന്നു. ഈ ഗ്രന്ഥകർത്താവിനെ അറിയുമൊ എന്നു തൃപ്പാദങ്ങൾ എന്നോടു ചോദിച്ചു. പത്രംമൂലവും മററും അറിവാൻ ഇടവന്നിട്ടുണ്ടെന്നും പ്രത്യേകം അദ്ദേഹത്തിൻെറ മകൻമൂലം അറിയുമെന്നും ഞാൻ മറുപടിപറഞ്ഞു. എന്നോടു തൃപ്പാദങ്ങൾ സംഭാഷണം ചെയ്യുന്ന അവസരത്തിൽ മിസ്റ്റർ പി. നടരാജൻ എം. എ. എൽ. ടിയും സമീപത്തുണ്ടായിരുന്നു. അതിനാൽ തൃപ്പാദങ്ങൾ കല്പിച്ചിരിക്കുന്നതിനെ അനുസരിച്ചു പുസ്തകം അച്ചടിപ്പിക്കുവാൻ ശ്രമിക്കുക. അതിന്നു നല്ല ഒരു സ്ഥാനം കേരളത്തിൽ ഉണ്ടായിരിക്കും. തൃപ്പാദങ്ങൾ സിലോണ് വിട്ടിരിക്കുന്നു.

കൊളമ്പ്,
22-12-26

എന്നു സ്വന്തം
പി. കെ. മാധവനാശാൻ. (ഒപ്പ്)

# ശിഖിദ്ധ്വജചരിതം

(ജ്ഞാനവാസിഷ്ഠം)

ഏഴാമത്തെ മന്വന്തരത്തിന്നു ശേഷം ആദ്യത്തെ ദ്വാപരയുഗത്തിൽ മാളവരാജ്യത്തിൽ സത്യം, ഔദാൎയ്യം, കാരുണ്യം, ശമം, ദമം, ക്ഷമ ഇത്യാദി ഗുണങ്ങളോടുംകൂടി ശിഖിദ്ധ്വജൻ എന്നു പേരായ ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം രാജ്യം ഭരിക്കുന്ന കാലത്ത് അദ്ദേഹത്തേക്കാൾ ശ്രേഷ്ഠനായൊ അദ്ദേഹത്തിന്നു സമനായൊ ഭൂമണ്ഡലത്തിൽ മറെറാരു രാജാവുണ്ടായിരുന്നില്ല. അദ്ദേഹം സുരാഷ്ട്രരാജാവിന്റെ മകളായ ചൂഡാലയെന്നു പേരായ കന്യകയെ വിവാഹംചെയ്തു രണ്ടു പേരും അന്യോന്യം ബന്ധിക്കപ്പെട്ട മനസ്സോടുകൂടി രാജ്യകാൎയ്യങ്ങളെ ആലോചിച്ചും പ്രജകളെ എത്രയും ന്യായമായി പരിപാലിച്ചും തങ്ങളുടെ യൌവനസുഖം പരിപൂൎണ്ണമാകുംവിധം സൎവ്വ ഭോഗങ്ങളേയും അനുഭവിച്ചുംകൊണ്ട്, അങ്ങിനെ ഇരിക്കുമ്പോൾ അനേകം സംവത്സരം കഴിഞ്ഞതുതന്നെ അവർ അറിഞ്ഞിരുന്നില്ല. കുറെ കാലം കഴിഞ്ഞാറെ ക്രമേണ അവൎക്ക രണ്ടുപേൎക്കും വിവേകമുണ്ടായി. നമ്മുടെ ഈ യൌവനം വളരെ കാലത്തേക്ക നിലനില്ക്കുകയില്ല. പൊട്ടക്കുടത്തിലെ ജലംപോലെ നമ്മുടെ താരുണ്യം നശിച്ചു ക്രമേണ ജരയും നരയും നമ്മെ കടന്നുപിടിക്കും. നാം സുഖമനുഭവിക്കാൻ പ്രാപ്തിയില്ലാത്തവരായി ആശ

യെന്ന പിശാചിന്ന് കീഴടങ്ങി നമ്മുടെ ജീവിതം നശിപ്പിക്കേണ്ടിവരും. ഓരോന്നിലും തുള്ളിച്ചാടിക്കളിക്കുന്ന നമ്മുടെ മനസ്സിനെ പിടിച്ചടക്കി അതിന്റെ ഉഴലിച്ചയെ നശിപ്പിക്കാനായി ഈ സംസാരത്തിൽ യാതൊന്നുമില്ല. ഈ സംസാരമാകുന്ന വിഷൂചികയെ നശിപ്പിക്കുവാൻ അദ്ധ്യാത്മശാസ്ത്രമാകുന്ന മന്ത്രംകൊണ്ടല്ലാതെ സാധിക്കുകയില്ല. ഇപ്രകാരം അവർ വിവേകികളായി ഓരോ ഗ്രന്ഥങ്ങൾ വായിച്ചും, വായിച്ചറിഞ്ഞതിനെപ്പറ്റി അന്യോന്യം വാദപ്രതിവാദംചെയ്തും, അനേകം സൽക്കർമ്മങ്ങൾ ചെയ്തും, ഓരോ ആചാര്യന്മാരെ വരുത്തി വേദാന്തശാസ്ത്രം അഭ്യസിച്ചും, ചില സമയങ്ങളിൽ മൌനികളായിരുന്ന വിചാരംചെയ്തും, ഇടക്കിടെ രാജ്യകാര്യങ്ങളെ ആലോചിച്ചും ദിവസംകഴിച്ചുവന്നു. രണ്ടുപേരുടെയും കാലക്ഷേപം ഒരേപ്രകാരമായിരുന്നുവെങ്കിലും ചൂഡാലക്ക് ക്ഷണത്തിൽ അതിയായ വൈരാഗ്യവും വിവേകവും വർദ്ധിച്ചുതുടങ്ങി. "ഞാൻ ഇപ്പോൾ ആത്മാവിനെക്കുറിച്ചാണ് ആലോചിക്കുന്നത്. ഞാൻ എന്നു ഭാവിക്കുന്നത് ഏതിനെയാണ്. ആർക്കാണ് ഈ മോഹം, എങ്ങിനെയാണ് എന്റെ ഉത്ഭവം. ഏത് ദിക്കിലാണ് ഞാൻ ഉണ്ടായത്. മരണം ഏവർക്കും ഒഴിച്ചുകൂടാത്ത ഒന്നായിട്ടാണ് കാണുന്നത്. സർവ്വരും മരിക്കുന്നു. ദേഹം നശിക്കുകയും ചെയ്യുന്നു. യാതൊരു ഗുണവുമില്ലാത്ത ഈ ജഡശരീരം ഞാനായിരിക്കുകയില്ല. എന്റെ കർമ്മേന്ദ്രിയങ്ങളെ ദേഹത്തിൽനിന്നു അഭിന്നമായിട്ടാണ് കാണുന്നത്. അതുകൊണ്ട് കർമ്മേന്ദ്രിയങ്ങളും ഞാനല്ല. എന്റെ മനസ്സാ

ണ് ഇന്ദ്രിയങ്ങളെ ചേഷ്ടിപ്പിക്കുന്നത്. എന്റെ മനസ്സിന്റെ അധികാരത്തിൻകീഴിൽ പ്രവൃത്തിച്ചുവരുന്നതായ ജ്ഞാനേന്ദ്രിയങ്ങളും ഞാനാകുന്നില്ല. സങ്കല്പമാണ് എന്റെ മനസ്സിന്റെ വൃത്തി, ബുദ്ധിയാണ് നിശ്ചയം ചെയ്യുന്നത്, സങ്കല്പനിശ്ചയങ്ങളെ ചെയ്ത് എന്നെ കഷ്ടപ്പെടുത്തുന്നതായ അവ രണ്ടും ജഡമാകുന്നു. ഞാൻ ഒരിക്കലും ജഡമല്ല. അതിനാൽ മനസ്സും ബുദ്ധിയും ഞാനാവുകയില്ല അഹങ്കാരമാണ് ബുദ്ധിയെ ചേഷ്ടിപ്പിക്കുന്നത്. എന്നെ അഹങ്കരിപ്പിക്കുകയാണ് ആയത് ചെയ്യുന്നത്. എന്റെ അഹങ്കാരത്തെ ഞാൻ നിശ്ചയമായും നശിപ്പിക്കേണ്ടതാണ്. അഹങ്കാരം എന്നിൽനിന്നു വേറെതന്നെയാണ്. ഞാനല്ല. ഇതൊന്നും ഞാനല്ല. പിന്നെ ഞാൻ ആരായിരിക്കാം. ഞാൻ ജീവനാണ്. എനിക്കു ജീവനുണ്ട്. എന്റെ ഹൃൽപൂവിലാണ് ജീവൻ ഇരിക്കുന്നത്. എന്റെ ഹൃൽപൂവിൽ എന്തോ മറ്റൊന്നിരിക്കുന്നുണ്ട്. അതിനെക്കൊണ്ടാണ് ആ ജീവൻ ജീവിക്കുന്നത്. ആയത് ജനിക്കുന്നതല്ല. ജനിക്കാത്തതുകൊണ്ട് അതിന്നു മരണവും ഇല്ല. എല്ലാവക്കും ആത്മാവായിട്ടുന്ന വസ്തു അതുതന്നെയാണ്. ആയത് ചിദ്രൂപമായിരിക്കും. എന്റെ ദേഹത്തിലുള്ള ഇന്ദ്രിയാദികളൊക്കെയും ചേഷ്ടിക്കുന്നത് ഈ ചിദ്രൂപത്തോടുള്ള സംബന്ധംകൊണ്ടാണ്. ഈ ചൈതന്യം മനോബുദ്ധ്യാദിരൂപത്തോടും കൂടി ചേഷ്ടിക്കുന്നത് എന്തുകൊണ്ടായിരിക്കും. എന്തായിരിക്കും ഇതിന്റെ ബന്ധം. ഞാൻ നല്ലവണ്ണം വിചാരംചെയ്തുനോക്കട്ടെ.

ഇതിന്റെ കാരണം ഞാൻ ആലോചിച്ച കണ്ടുപിടിക്കാതിരിക്കയില്ല."

അഹോ! ആശ്ചൎയ്യം. ബുദ്ധീന്ദ്രിയാദികളൊന്നും വാസ്തവത്തിലുള്ളതല്ല. എന്റെ ബുദ്ധിയെ വിഷയങ്ങളിലേക്ക വിട്ടയക്കുന്നതുകൊണ്ടാണ് എനിക്ക ഏകാഗ്രതാ മില്ലാത്തത്. ഏകാഗ്രതാമില്ലാത്തതുകൊണ്ടാണ് എന്റെ വാസ്തവരൂപത്തെ ഇതുവരെ ഞാൻ ബോധിക്കാഞ്ഞത്. എന്റെ വാസ്തവരൂപം മഹാസത്തയെന്ന പറയപ്പെടുന്ന മഹാചിത്ത് തന്നെയാണ്. ശുദ്ധവും, നിത്യവും, കളങ്കമില്ലാത്തതും, നിൎഗ്ഗുണവുമായ ആ വസ്തുവേയാണ് പരമാത്മാവെന്നും, പരംബ്രഹ്മമെന്നും, മറ്റും പറയുന്നത്.

ഇപ്രകാരം ചൂഡാല ആത്മാരാമയായി അന്തൎമ്മുഖതയാൽ ഒന്നിലും രാഗവും ആസക്തിയും കൂടാതെ, ഇഷ്ടവും അനിഷ്ടവും കൂടാതെ, നല്ലതെന്നോൎത്ത് ഒന്നിനേയും സ്വീകരിക്കാതേയും, ചീത്തയാണെന്നോൎത്ത് ഒന്നിനേയും സന്ത്യജിക്കാതേയും, പ്രകൃതാചാരചാരിണിയായി ദിവസം കഴിച്ചുവന്നു. ഏതുയും ശ്രേഷ്ഠമായ ആത്മലാഭം സിദ്ധിക്കയാൽ ഉത്തമാതീതതപം സംഭവിക്കകൊണ്ട് പരിപൂൎണ്ണാന്തരാത്മാവായി ആ മഹതി ഏറ്റവും ശോഭിച്ചു.

"ഇവിടെ എനിക്കല്പം പറവാനുള്ളത് സ്ത്രീകളെപ്പറ്റിയാണ്. സ്ത്രീകളുടെ ഹൃദയം കഠിനമാണെന്നും, വജ്രതുല്യമാണെന്നും മറ്റും ചില യോഗ്യന്മാരും ചില അവസരങ്ങളിലും പറഞ്ഞതായി ഓൎമ്മവരുന്നു. ഒരു മനുഷ്യൻ അനേകാസംഖ്യം ധൎമ്മങ്ങൾ ചെയ്തു ആയത് ധൎമ്മാധൎമ്മരൂപമാ

യി അദൃഷ്ടമായി (കാണ്മാൻകഴിയാത്തതായി) സമ്പാദിച്ചിട്ടാണ് സ്ഥൂലദേഹത്തെ ഉപേക്ഷിക്കുന്നത് (മരിക്കുന്നത്). സമ്പാദിച്ചതായ കൎമ്മത്തിൻെറ ഫലം അനുഭവിക്കാനും പിന്നേയും സമ്പാദിക്കാൻവേണ്ടിയുമാണ് മനുഷ്യനായി ജനിക്കുന്നത്. കൎമ്മത്തിന്നനുസരിച്ചാണ് പുരുഷദേഹവും സ്ത്രീദേഹവും കിട്ടുക. പുരുഷൻ സ്ത്രീയായിട്ടും സ്ത്രീ പുരുഷനായിട്ടും ജനിക്കേണ്ടിവരും. സ്ത്രീപുരുഷഭേദം സ്ഥൂലദേഹധൎമ്മമാണ്. ഹൃദയകാഠിന്യവും മററും സൂക്ഷ്മദേഹധൎമ്മമാണ്. സൂക്ഷ്മദേഹത്തിന്നു സുഖദുഃഖാനുഭവങ്ങൾക്കവേണ്ടി പ്രവൃത്തിചെയ്യാൻ കിട്ടിയതായ ഒരു സാധനമാണ് സ്ഥൂലദേഹം. പുരുഷനേക്കാൾ കഠിനഹൃദയത്തോടുകൂടിയ സ്ത്രീയും, സ്ത്രീയേക്കാൾ കഠിനഹൃദയത്തോടുകൂടിയ പുരുഷനും ഉണ്ടായിരിക്കും. ചില സ്ത്രീകളുടെ ദോഷങ്ങളെക്കൊണ്ട് മുഴുവൻ സ്ത്രീകളേയും ചില പുരുഷന്മാരുടെ ദോഷങ്ങളെക്കൊണ്ട് മുഴുവൻ പുരുഷന്മാരേയും കുററപ്പെടുത്തുന്നത് ഒരിക്കലും ശരിയായി വരികയില്ല. കഠിനഹൃദയമാരായ ഭാൎയ്യമാരോടുകൂടിയിരിക്കുന്ന ഭൎത്താക്കന്മാരേക്കാൾ, കഠിനഹൃദയന്മാരായ ഭൎത്താക്കന്മാരോടുകൂടിയിരിക്കുന്ന ഭാൎയ്യമാരായിരിക്കും ലോകത്തിൽ അധികമുണ്ടാവുക. സ്ത്രീലോകം മുഴുവനും കഠിനഹൃദയമാരാണെങ്കിൽ ലോകം നിശ്ചയമായും അന്ധകാരമയമായിരിക്കും. ഭൎത്തൃശുശ്രൂഷ ചെയ്തു ഭൎത്താവ് പറയുംപ്രകാരം അനുസരിച്ച, ഭൎത്താവ് ദൈവമാണെന്നു വിചാരിക്കുന്ന അനേകം സ്ത്രീകൾ നമ്മുടെ ഭാരതഖണ്ഡത്തിൽ ഇക്കാലത്തും ഉണ്ടായിരിക്കുമെന്നു നിസ്സംശയം പറയുവാൻ ഞാൻ ധൈൎയ്യപ്പെടുന്നു. ലോകത്തി

ലുള്ള മുഴുവൻ സ്ത്രീകളിൽ എൻെറ ഭാൎയ്യ ഒരുവൾ ഒഴികെ ബാക്കി മുഴുവൻ സ്ത്രീകളും എൻെറ സഹോദരിമാരാണെന്നു പറയുവാൻസാധിക്കുന്ന പുരുഷന്മാരേക്കാൾ എൻെറ ഭൎത്താവൊഴികെ ലോകത്തിലുള്ള മുഴുവൻ പുരുഷന്മാരും എൻെറ സഹോദരന്മാരാണെന്നു കൈകോൎത്തു ധൈൎയ്യസമേതം പറയുവാൻ സാധിക്കുന്ന സ്ത്രീകളായിരിക്കും അധികമുണ്ടായിരിക്കുക. സ്ത്രീകളിൽ ശുദ്ധഹൃദയമാരായിരിക്കുന്ന സ്ത്രീകൾ അധികമുണ്ടായിരിക്കുമെന്നുള്ളത് നിശ്ചയമാണ്. പ്രസ്തുതകഥാനായികയായ ചൂഡാലയുടെ വിവേകവൈരാഗ്യാദികളെ നോക്കുവിൻ. എത്ര വിസ്മയനീയമാണ് ഈ മഹതിയുടെ ബുദ്ധിശക്തി."

മേൽപ്രകാരം വിവേകാഭ്യാസത്താൽ സിദ്ധിച്ചതായ ആത്മബോധംകൊണ്ട് ഏററവും ശോഭിച്ച ചൂഡാലയെനോക്കി ശിഖിദ്ധ്വജമഹാരാജാവ് ആശ്ചൎയ്യഭരിതനായി പറഞ്ഞു, അല്ലയോ സുന്ദരി! നിണക്ക് പണ്ടുള്ളതായ യൌവനം ഇപ്പോൾ എങ്ങിനെവന്നുചേൎന്നു. നി അലങ്കാരങ്ങളൊക്കെ അണിഞ്ഞമാതിരി തോന്നുന്നുവല്ലൊ. അല്ലയൊ താരേശ ചാരുവക്ത്രേ! നീ ഇപ്രകാരം ശോഭിക്കുവാൻ കാരണമെന്ത്? നീ അമൃതപാനം ചെയ്തിട്ടുണ്ടൊ? നിണക്ക് തത്വബോധം ഉണ്ടായിട്ടുണ്ടൊ? അല്ലയോ മീനലോചനേ! നീ ആനന്ദാമൃതപൂൎണ്ണയെന്നപോലെ ശോഭിക്കുന്നുവല്ലൊ. എന്നിപ്രകാരം പലതുംപറഞ്ഞുകൊണ്ടിരിക്കുന്ന ഭൎത്താവോട്, അല്ലയോ പ്രിയതമെ! കേവലം ഇപ്പാത്തതും ആകാരം മാത്രമുള്ളതും ആയ ഈ

ജഗത്തിനെ ഞാൻ വിട്ടിരിക്കുന്നു. ഞാൻ ബോധസ്വരൂപത്തെ പ്രാപിച്ചിരിക്കുന്നു. അതിനാൽ ഞാൻ ശ്രീമതിയായിത്തീന്നിരിക്കുന്നു. ഇക്കാണുന്ന ജഗത്തിനെ ഒക്കെയും ഞാൻ സന്ത്യജിക്കുന്നു. ചലനമില്ലാത്തതും, സത്യമായതും, വിശ്വവിലക്ഷണമായതുമായ പരബ്രഹ്മത്തെ ഞാൻ ആശ്രയിക്കുന്നു. അതിനാൽ ഞാൻ ശ്രീമതിയായിത്തീന്നിരിക്കുന്നു. ഒന്നായി വിളങ്ങുന്നവസ്തു ഏതാണെന്നും, ഒന്നുമല്ലാത്തവസ്തു (വിശ്വവിലക്ഷണമാകയാൽ) ഏതാണെന്നും, വത്തിക്കുന്നതും, ഉദിക്കുന്നതും, നശിക്കുന്നതും ഏതാണെന്നും ഞാൻ നന്നായറിയുന്നു. അതിനാൽ ഞാൻ ശ്രീമതിയായിത്തീന്നിരിക്കുന്നു. യാതൊന്നും ഞാൻ ഭുജിക്കുന്നില്ലെങ്കിലും ഏത്രയും ദൂരത്തുള്ള ഭോഗങ്ങളെക്കൂടി ഭുജിച്ചിട്ടെന്നപോലെ ഞാൻ സന്തോഷിക്കും. ഞാൻ കോപിക്കുന്നതുമില്ല, സന്തോഷിക്കുന്നതുമില്ല. അതിനാൽ ഞാൻ ശ്രീമതിയായിത്തീന്നിരിക്കുന്നു. ആകാശതുല്യമായ ഹൃത്തിൽ ഞാൻ ഏകയായിട്ട്തന്നെ ഏപ്പോഴും രമിക്കുന്നു. ഞാൻ രാജലീലകളിൽ ആനന്ദിക്കുന്നില്ല. അതിനാൽ ഞാൻ ശ്രീമതിയായിത്തീന്നിരിക്കുന്നു. പൂൎണ്ണമായി വിളങ്ങുന്ന ഞാൻതന്നെ ജഗൽപ്രഭുവെന്നു നിശ്ചയിച്ചിട്ടു ഞാൻ ആത്മാവിൽതന്നെ പ്രീതിയോടെ വത്തിക്കുന്നു. വിദ്വേഷം രാഗം ഇവ രണ്ടും ഏന്നിൽനിന്നു വിട്ടിരിക്കുന്നു. ശാസ്ത്രദൃഷ്ടിയിലുള്ള പ്രജ്ഞകളാകുന്ന തോഴിമാരോടുംകൂടി ഞാൻ വിനോദിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ ഞാൻ ശ്രീമതിയായിത്തീന്നിരിക്കുന്നു. കണ്ണുകൊണ്ടും മററുള്ള ഇന്ദ്രിയ

ങ്ങളെക്കൊണ്ടും മനസ്സുകൊണ്ടും എന്തൊന്നു ഞാൻ കാ
ണുന്നുണ്ടൊ അവകളെയെല്ലാം ഞാൻ ത്യജിച്ചു മഹത്താ
യിരിക്കുന്ന ആത്മാവിനെ എന്റെ അന്തരംഗത്തിൽ കണ്ടു
ഞാൻ സുഖിക്കുന്നതിനാൽ പ്രിയ ഭൎത്താവേ! ഞാൻ ശ്രീ
മതിയായിത്തീൎന്നിരിക്കുന്നു. ഇപ്രകാരം ആത്മാവിനെ
അറിഞ്ഞു വിനോദിക്കുന്ന മൃഡാല പറഞ്ഞതായ വാക്കുക
ളുടെ അൎത്ഥം അല്പംപോലും ആലോചിക്കാതെ രാജാവ്
ചിരിച്ചുംകൊണ്ടു അല്ലയോ മനോരമെ! എന്തിനാണ് നി
ഇപ്രകാരം അസംബന്ധം പറയുന്നത്. ആലോചിക്കു
ന്നതായാൽ നി ഒരു ബാലയാണ്. അല്ലയോ നൃപാത്മ
ജേ! ഞാൻ ഏതു് പ്രകാരം രാജലീലകളിൽ ആനന്ദിക്കു
ന്നുവോ അതുപ്രകാരം നീയും ആനന്ദിക്കുന്നുണ്ടെന്നു ഞാ
ൻ നല്ലപോലെ അറിയുന്നുണ്ട്. പ്രത്യക്ഷമായിരിക്കുന്ന
ദൃശ്യവസ്തുക്കളെവിട്ട് അദൃശ്യവസ്തുക്കളെ ഒരുവൻ പ്രാപി
ക്കുന്നതായാൽ അല്ലയോ ഉല്പലാക്ഷണെ! ആ പുരുഷ
ൻ ശോഭിക്കുന്നത് എങ്ങിനെ? വിഷയങ്ങളെ അനുഭവി
ക്കാതെ ഞാൻ സന്തുഷ്ടനെന്നു വിചാരിച്ചു വിഷയങ്ങളെ
ത്യജിക്കുന്നവൻ ഏവനാകുന്നു? ദരിദ്രനെപ്പോലെ നിശ്ചയ
മായും ഏററവും ഭാഗ്യഹീനനായ അവൻ എങ്ങിനേയാ
ണ് ശോഭിക്കുക. കണ്ടിടുന്നതൊന്നും ഞാൻ കാണുന്നില്ല.
ഞാൻ കാണുന്നത് വേറെ ഒന്നിനേയാണ് എന്നിപ്രകാ
രം വെറുതെ പ്രലാപിച്ചുകൊണ്ടു ജീവകാലം കഴിക്കുന്ന
പുരുഷൻ എങ്ങിനെയാണ് ശോഭിക്കുക. അല്ലയോ ച
ന്ദ്രാനനേ! നി ബാലയാണ് ചപലയാണ്. നി കളിയാ
യിട്ടു ഇപ്രകാരം പറയുന്നതിൽ ഞാൻ ആശ്ചൎയ്യപ്പെടുന്നു.

അല്ലയോ കല്യാണശീലെ! വല്ല നേരംപോക്കും പറഞ്ഞു നീ ക്രീഡിച്ചുകൊൾക. എന്നൊക്കെ പറഞ്ഞു രാജാവു പൊട്ടിച്ചിരിച്ചുംകൊണ്ടു മദ്ധ്യാഹ്നസ്നാനത്തിന്നായിപോകയും ചെയ്തു.

കഷ്ടം എൻെറ ഭത്താവ് ഇത്രകാലമായിട്ടും ആത്മാവിനെ അറിഞ്ഞില്ലല്ലൊ, എൻെറ വാചകങ്ങളുടെ അത്ഥം അല്പംപോലും ആലോചിച്ചില്ലല്ലൊ, എന്നോത്ത് ചൂഡാല അത്യന്തം വ്യസനിച്ചു. പിന്നേയും ഭാൎയ്യാഭത്താക്കന്മാരായ അവർ ഒന്നായി ക്രീഡിച്ചുകഴിഞ്ഞെങ്കിലും ചൂഡാലക്കു യാതൊരു ഭോഗങ്ങളിലും ഇച്ഛയില്ലാതെ ആകാശസഞ്ചാരം മുതലായ യോഗസിദ്ധികളിൽ ആഗ്രഹം ജനിച്ചു. (സൎവ്വവും ത്യജിച്ചു ആത്മാവിൽ മാത്രം ക്രീഡിക്കുന്ന ഒരു ജീവന്നു ഒന്നിലും ഇച്ഛ സംഭവിക്കുവാൻ പാടില്ലെന്നു ഒരു പക്ഷെ സന്ദേഹം ജനിച്ചേക്കാം. ഒരു മൂഢന്നു ഏതുപ്രകാരമാണ് ഇച്ഛ സംഭവിക്കുന്നത് അത് പ്രകാരം ഒരു ജീവന്മുക്തന്നും (ദേഹത്തോടുകൂടിയിരിക്കുമ്പോൾ തന്നെ മുക്തനായവൻ) ഇച്ഛയുണ്ടാകും. പക്ഷെ അവർ രണ്ടുപേക്കും ഉണ്ടാകുന്ന ഇച്ഛക്ക് വ്യത്യാസമുണ്ട്. മൂഢൻ, തനിക്കുണ്ടാകുന്ന ഇച്ഛ ആത്മധൎമ്മമായിട്ടാണ് കരുതുക. ദേഹത്തെ ആത്മാവെന്നു വിചാരിക്കുന്നവനാണ് മൂഢൻ. ജ്ഞാനി തൻെറ ഇച്ഛ ആത്മ ധൎമ്മമായി കാണുകയില്ല. ദേഹാത്മബുദ്ധി നശിച്ചവനാണ ജ്ഞാനി. ഒരു ജ്ഞാനി ജീവന്മുക്തനായതിൻെറ ശേഷം ഏതുവരെ ജീവിക്കുന്നുണ്ടൊ അതുവരക്കും സുഖദുഃഖങ്ങൾ അനുഭവി

ക്കേണ്ടിവരും. സുഖദുഃഖാനുഭവങ്ങൾക്കുവേണ്ടി കർമ്മംചെ യ്യുകയുംവേണം. തന്നിൽനിന്നുണ്ടായിവരുന്ന ഇച്ഛയ്ക്കനു സരിച്ചിട്ടാണ് എല്ലാവരും കർമ്മം ചെയ്യുക. പ്രാരംഭിച്ച ക ർമ്മം കുറെ അധികം ബാക്കിയുള്ളതുകൊണ്ടാണ് ചൂഡാ ലക്ക് യോഗസിദ്ധികളിൽ ഇച്ഛ ഉണ്ടായത്.) തന്റെ ഇച്ഛയ്ക്ക് അടിമപ്പെട്ട് യോഗം അഭ്യസിക്കാനായി സർവ്വ ഭോഗങ്ങളേയും ത്യജിച്ച രാജധാനിവിട്ട് ഒരു വിജനസ്ഥ ലത്തേക്ക പോയി.

ഇവിടെ യോഗസിദ്ധികളെപ്പററി കുറഞ്ഞൊന്നു വിവരിക്കാം. പ്രധാനപ്പെട്ട യോഗസിദ്ധികൾ ഇരുപ ത്തുമൂന്നാണ്. അവയിൽ അണിമാ, മഹിമാ, ലഘിമാ, ഈ മൂന്നു സിദ്ധികൾ ശരീരത്തെ ചെറുതും വലുതും ഘന മില്ലാത്തതും ആക്കിത്തീർക്കും. പ്രാപ്തിയെന്ന സിദ്ധിയാ ൽ സർവ്വപ്രാണികളുടേയും ഇന്ദ്രിയങ്ങളോടുകൂടി ചേരുവാ ൻ സാധിക്കും. പ്രാകാശ്യം, എന്ന സിദ്ധിയാൽ ഇഹ പരലോകങ്ങളിലും ഉള്ള വസ്തുക്കളെ പ്രത്യക്ഷമായി അറിയുവാൻ കഴിയും. ഈശിത, എന്ന സിദ്ധിയാൽ തന്റെ ഇഷ്ടപ്രകാരം അന്യന്മാരെക്കൊണ്ടു പ്രവൃത്തിപ്പി ക്കാം. വശിത, എന്ന സിദ്ധി അസംഗത്വം ഉണ്ടാക്കും. പ്രാകാമ്യം എന്ന സിദ്ധി സർവ്വ ഇഷ്ടങ്ങളേയും തൽക്ഷ ണം സാധിപ്പിക്കും. ഈ എട്ടു സിദ്ധികൾ ഏററവും പ്ര ധാനവും സംസാരത്തെ സ്പർശിക്കപോലും ചെയ്യാത്തതും ഐശ്വര്യം എന്ന വാക്കിനാൽ വിശേഷിക്കപ്പെട്ടതും ആകുന്നു. ബാക്കിയുള്ള പതിനഞ്ചു സിദ്ധികൾ ദേഹവും

വിശപ്പും ഇല്ലാതിരിക്കുക, ദൂരത്തുള്ളതിനെ കാണുകയും കേൾക്കുകയും ചെയ്യുക, മനോവേഗത, ഇഷ്ടാനുസരണം രൂപത്തെ എടുക്കുക, അന്യശരീരത്തിൽ പ്രവേശിക്കുക, ഇഷ്ടപ്രകാരം മരിക്കുക ദേവന്മാരുടെ കളി കാണുക, സങ്കല്പിക്കുന്നതൊക്കെ കിട്ടുക, യാതൊന്നിന്നും തടസ്ഥം വരാതിരിക്കുക ഇഷ്ടാനുസരണം സഞ്ചരിക്കുക, മൂന്നുകാലത്തേയും അറിയുക, ശീതോഷ്ണം മുതലായ ദ്വന്ദ്വങ്ങളെ സഹിക്കുക, അന്യന്മാരുടെ വിചാരത്തെ അറിയുക, വിഷം, ചൂട്, വെള്ളം, മുതലായവയെ സ്തംഭനംചെയ്യുക, ഒന്നിലും തോൽമ വരാതിരിക്കുക, ഈ പതിനഞ്ച് സിദ്ധികൾ ക്രമേണ താണ സിദ്ധികളാകുന്നു. ഇവകളൊക്കേയും യോഗാഭ്യാസംകൊണ്ടു വന്നുചേരുന്നതാണ്. ഒരു ദേഹത്തിൽ ആകെ ആറാധാരങ്ങളുണ്ട്. അതിൽ ഒന്നു മൂലാധാരമാണ്. അതിന്റെ മേല്പട്ട് മേല്പട്ടായിട്ട് സ്വാധിഷ്ഠാനം, മണിപൂരകം, അനാഹതം, വിശുദ്ധി, ആജ്ഞ ഇങ്ങിനെ അഞ്ച് ആധാരങ്ങളാണുള്ളത്. ആജ്ഞ എന്നത് മൂദ്ധാവിലും മണിപൂരകം പൊക്കിളിന്റെ നേരെയുമാണ് സ്ഥിതിചെയ്യുന്നത്. ദേഹത്തിൽ ഇരിക്കുന്ന വായുവെ സ്ഥാനഭേദംകൊണ്ടും പ്രവൃത്തിഭേദംകൊണ്ടും പത്തായി ഭാഗിച്ചിട്ടുണ്ട്. അതിൽ ശ്വാസോച്ഛ്വാസംചെയ്യുന്ന പ്രാണാപാനന്മാരാണ് എത്രയും ശ്രേഷ്ഠം. പ്രാണൻ കിഴെട്ട് മണിപൂരകാധാരംവരക്കും, അപാനൻ കീഴ്പട്ട് പുറത്തും ഗമിക്കുന്നു. ഒരു മനുഷ്യന്നു ഒരുദിവസം ആകെ ഇരുപത്തൊന്നായിരത്ത് അറന്നൂറ് ശ്വാസമാണ്.

പ്രാണന്റെ മേല്പെട്ടുള്ള ഗമനത്തെയും, അപാനന്റെ കീഴ്പെട്ടുള്ള ഗമനത്തെയും തടസ്ഥംചെയ്തു രണ്ടിനേയും മണിപൂരകാധാരത്തിൽ നിൎത്തുന്നതിനെയാണ് അന്തഃകുംഭകമെന്നു പറയുന്നത്. ഇതിന്റെ വൎദ്ധനവും പരിപാകവുമാണ് സമാധി. യോഗികൾ സമാധിയിൽ പരമാനന്ദം അനുഭവിക്കുന്നു. ഒരു ദേഹത്തിൽ ആകെ എഴുപതിരണ്ടായിരം നാഡികളുണ്ട്. ഇതിൽ സുഷുമ്നാനാഡി ദേഹത്തെ മുഴുവനും ഭരിക്കുന്നു. ഇഡ, പിംഗല ഇവ രണ്ടും നാസികയാണ്. പൂഷ, അലംബുഷ ഇവ കണ്ണുകളും, അസ്ഥിജിഹ്വ, ഗാന്ധാരി ഇവ ചെവികളും ആകുന്നു. ശംഖിനി എന്ന നാഡി മൂൎദ്ധാവിങ്കൽ പീയൂഷത്തെ ഉണ്ടാക്കുന്നു. വിശ്വോദര, പയസ്വിനി, ഇവ രണ്ടും ഭക്ഷണവും പാനീയവും എടുക്കുന്നു. സരസ്വതി എന്ന നാഡിയാണ് രസനം. ബാലി മലത്യാഗത്തേയും, രാക മൂത്രവിസൎജ്ജനത്തേയും ഉണ്ടാക്കുന്നു. ശങ്കുസിനി എന്ന നാഡി ശുക്ലത്തെ വഹിക്കുന്നു. ഈ പതിനാലു നാഡികൾ ഏററവും പ്രധാനമാണ്. മണിപൂരകാധാരത്തിൽ കോഴിമുട്ടയുടെ ആകൃതിയിൽ ഒരു സാധനമുണ്ട്. മേൽപറഞ്ഞ നാഡികളിൽ ഏഴു നാഡികൾക്ക് മാത്രമെ അതിന്റെ ഉള്ളിൽകൂടി പ്രവേശനമുള്ളു. ഒരു കിഴങ്ങിന്റെ ആകൃതിയിലാണ് ഗുദം. ആയ്തു സദാ സംകോചവികാസത്തെ ചെയ്തുംകൊണ്ടിരിക്കും. ഗുദത്തോടു തൊട്ട് സൎപ്പഫണാകൃതിയിൽ (ചൂണ്ടുവിരൽ, നടുവിരൽ, മോതിരവിരൽ ഇവ മൂന്നുംകൂടി അടുത്തുപിടിച്ചാലുള്ള ആകൃതിയിൽ) ഇഡ,

സുഷുമ്ന, പിംഗല എന്ന മൂന്നു നാഡികൾ സ്ഥിതിചെയ്യുന്നു. ഇതിൽ ദേഹത്തെ മുഴുവൻ ഭരിക്കുന്ന സുഷുമ്നനാഡിയെ സാധാരണന്മാർ വിശേഷവിധിയായി ഉപയോഗിക്കുന്നില്ലെങ്കിലും യോഗികൾ ഈ നാഡിയെകൊണ്ടാണ് സമാധിയും, സിദ്ധികളും സമ്പാദിക്കുന്നത്. വെള്ളരിവള്ളിയുടെ മുകളിൽനിന്നു പുറപ്പെടുന്നതായ വെള്ളനിറത്തിലുള്ള നാരിന്റെ അററം ചുരുണ്ടുകിടക്കുംപ്രകാരം നാഡിത്രയങ്ങളുടേയും ഗുദത്തിന്റെയും മദ്ധ്യേ ചുരുണ്ടുകിടക്കുന്ന ഒരു നേരിയ സാധനമാണ് കുണ്ഡലിനി. ഇതു ദേഹത്തെ നിലനിർത്തുന്നതാകുന്നു. മൂർദ്ധാവിന്റെ അല്പം പിമ്പുറത്ത് ഉറുപ്പികയുടെ വിസ്താരത്തിലുള്ള ഒരു സ്ഥലത്താണ് മസ്തിഷ്കമെന്നു പറയപ്പെടുന്ന തലച്ചോർ സ്ഥിതിചെയ്യുന്നത്. അതിന്റെ മദ്ധ്യത്തിലാണ് ശംഖിനിയെന്ന നാഡി പീയൂഷത്തെ ശേഖരിക്കുന്നത്. ഇതിന്റെ ചുററും അഞ്ചു സ്ഥലങ്ങളിൽ ജ്ഞാനേന്ദ്രിയങ്ങൾ അഞ്ചും ചെന്നു മുട്ടുന്നു. ജ്ഞാനേന്ദ്രിയങ്ങൾ മുട്ടുന്ന ദിക്കിനെ ഇന്ദ്രിയകേന്ദ്രങ്ങൾ എന്നു പറയും. ഈ കേന്ദ്രങ്ങൾക്കു കേടുപററുന്നതായാൽ ഇന്ദ്രിയങ്ങൾ നശിച്ചുപോകും. താമരത്തണ്ടിന്റെ ഉള്ളിൽ കാണുംപ്രകാരമുള്ള ഒരു ചെറുദ്വാരം സുഷുമ്നക്കുണ്ട്. അതിൽകൂടിയാണ് മസ്തിഷ്കത്തിൽ സ്ഥിതിചെയ്യുന്ന പീയൂഷമെന്നു പറയപ്പെടുന്ന ദ്രവസാധനം താണുവന്നു സർപ്പാവസ്ഥപോലെ സ്ഥിതിചെയ്യുന്ന കുണ്ഡലിനിക്ക് കൊടുക്കുന്നത്. ഈ രക്ഷാസാധനത്താൽ കുണ്ഡലിനി ദേഹം മുഴുവനും

രക്ഷിക്കുന്നു. യോഗികൾ മണിപൂരകാധാരത്തിൽ പ്രാണാപാനന്മാരെ കുംഭകംചെയ്യുമ്പോൾ ദേഹത്തിലെ മുഴുവൻ വ്യാപാരവും നിന്നുപോകുന്നു. ഉഷ്ണക്കുറവുനിമിത്തം ദ്രവമായി നില്ക്കുന്ന പീയൂഷം ഉറച്ചുപോകുന്നു. കുണ്ഡലിനിക്കു ആഹാരം കിട്ടാതെയാകുമ്പോൾ തന്റെ ചുരുളഴിവന്നു അഭ്യാസത്താൽ തുറന്നുവെച്ചതായ സുഷുമ്നയിൽകൂടിമേല്പട്ടു കയറുന്നു. അപ്പോൾ യോഗികൾ ആനന്ദിക്കുന്നു. മൂർദ്ധാവുവരക്കും എത്തിയ കുണ്ഡലിനിക്ക് പീയൂഷംകൊടുക്കാതെ തടസ്ഥംചെയ്യുന്ന ഖെചരിയോഗികൾക്ക് സിദ്ധികൾ തനിയെ വന്നുചേരുന്നു. അവർ പരമകാഷ്ഠയെ പ്രാപിക്കുന്നു.

കുറെക്കാലം കഴിഞ്ഞതിൽപിന്നെ യോഗാഭ്യാസവൈഭവത്താൽ സാധിച്ചതായ സിദ്ധികളോടുംകൂടി ചൂഡാല സുഖമായി ഭർത്തൃഗൃഹത്തിൽ വന്നുചേൎന്നു. ഭർത്താവിനെ നമസ്കരിച്ചു. ഭർത്താവോടുകൂടിയിരിക്കുന്ന കാലമെല്ലാം ഭർത്താവിന്നു ജ്ഞാനമുണ്ടാവാനായി പിതാവ് പുത്രനോടെന്നപോലെ പലവിധത്തിൽ ഉപദേശിച്ചിട്ടും ഭർത്താവിന്നു യാതൊന്നും മനസ്സിലാകാത്തതിനാൽ വളരെ വ്യസനിച്ചുംകൊണ്ടു ദിനരാത്രികൾ കഴിച്ചുകൂട്ടി. ഇത്രഅധികംകാലം ഇവർ ഭാൎയ്യാഭർത്താക്കന്മാരായിരുന്നിട്ടും ചൂഡാലയുടെ യാതോരു ഗുണങ്ങളും രാജാവ് മനസ്സിലാക്കായ്കയാൽ തന്റെ യാതോരു സിദ്ധികളും രാജാവിനെ കാണിച്ചില്ല.

ഇങ്ങിനെ കഴിഞ്ഞുകൂട്ടുന്ന കാലത്ത് എനിക്കു തത്വജ്ഞാനം ലഭിക്കുന്നില്ലല്ലോ എന്നുള്ള ദുഃഖം രാജാവിന്നു

രതിക്രമിച്ചു. ധനങ്ങൾ വസ്ത്രങ്ങൾ മുതലായവയൊ ക്കെ അനേകം ഭിക്ഷുക്കാൾക്കും ബ്രാഹ്മണൎക്കും മററും ദാ നാംചെയ്തു. കുറെക്കാലം തീൎത്ഥയാത്രയും ദിക്സഞ്ചാര വും ചെയ്തു. രാജധാനിയിൽ വെച്ചുതന്നെ കഠിനമായ ത പസ്സു ചെയ്തു. ഇതൊക്കെ ചെയ്തിട്ടും അല്പംപോലും ബുദ്ധി ക്കു മാററംവന്നുകാണായ്കയാൽ തന്റെ രാജ്യത്തോടും, ഗൃഹത്തോടും, ഭാൎയ്യ, ബന്ധുക്കൾ, മുതലായവരോടും ത നിക്കു കഠിനമായ വെറുപ്പുതോന്നി ഒരു ഭ്രാന്തനെപ്പോലെ രാജ്യഭാരം ചെയ്യുന്നതിൽ ഇഷ്ടമില്ലാതായി. ഒരുദിവസം താൻ വളരെ സമാധാനത്തോടുംകൂടി ഏകാന്തത്തിൽ ഭാ ൎയ്യയെ വിളിച്ചു തന്റെ മടിയിൽ ഇരുത്തി എത്രയും മധുര മാകുംവണ്ണം ഇങ്ങിനെ പറഞ്ഞു. അല്ലയോ പ്രിയ വല്ല ഭേ! ഞാൻ വളരെ കാലമായി രാജ്യം ഭരിക്കുന്നു. പ്രജ കളെയെല്ലാം എന്റെ സ്വന്തം വംശജന്മാരെപ്പോലെ ഞാൻ രക്ഷിച്ചു. അളവില്ലാത്ത വിഭവങ്ങളും ഞാൻ ക ണ്ടു. ഇക്കാലം എനിക്കു ഒന്നിങ്കലും ആഗ്രഹമില്ലാതായി രിക്കുന്നു. ഞാൻ ഉടനെ കാട്ടിലേക്കു പോയി തപസ്സു ചെയ്വാൻ ഇച്ഛിക്കുന്നു. ആപത്ത്, സമ്പത്ത്, സുഖം, ദുഃഖം ഇവകളൊന്നും കാട്ടിൽ വാഴുന്ന ഒരു മുനിയെ ബാ ധിക്കുകയില്ല. നാട്ടിൽ വാഴുന്ന ഒരു മനുഷ്യനേക്കാൾ കാട്ടിൽ വാഴുന്നവൎക്കാണ് സുഖമുണ്ടായിരിക്കുക. ഒരു മ നുഷ്യന്റെ മനസ്സിന്നുള്ളതായ മാലിന്യം നശിക്കുവാൻ കാട്ടിലുള്ള ഏകാന്തവാസം ഉതകുംപ്രകാരം ചന്ദ്രമണ്ഡ ലത്തിൽനിന്നൊ, സത്യലോകത്തിൽനിന്നൊ, ഇന്ദ്രലോ

ക്കത്തിൽനിന്നൊ, സാധിച്ചെന്നുവരികയില്ല. ഞാനിതാ കാട്ടിലേക്കു പോകുവാൻ ഒരുങ്ങിയിരിക്കുന്നു. എന്റെ പ്രിയവല്ലഭേ! നീ യാതോരു മുടക്കവും പറയരുത്. ഒരു പതിവ്രതയായ ഭാൎയ്യ ഭൎത്താവിന്റെ ഇഷ്ടത്തിന്നു വിരോധംപറയുകയില്ലെന്നു നിശ്ചയമാണ്. എന്റെ ആഗ്രഹത്തിന്നു നീ മുടക്കംപറയാതിരിപ്പാൻ ഞാൻ പിന്നേയും പിന്നേയും നിന്നോടാവശ്യപ്പെടുന്നു. എന്നെനീ വിട്ടയക്കുക. ഭൎത്താവിന്റെ ഇഷ്ടം സാധിപ്പിക്കുന്നത് ഒരുത്തമഭാൎയ്യയുടെ ധൎമ്മമാണ്.

ഇപ്രകാരം പലതും പറഞ്ഞുംകൊണ്ടിരിക്കുന്ന ഭൎത്താവോട് അല്ലയോ നാഥ! ഇതാണോ കാട്ടിൽ പോയി വസിക്കേണ്ടുന്ന കാലം. നല്ല യൌവ്വനത്തോടുകൂടിയിരിക്കുന്ന തരുണനാണ് ഭവാൻ. വാൎദ്ധക്യമാണ് വനവാസത്തിന്നുകൊള്ളുക. ഗൃഹഭരണംചെയ്തു രാജ്യത്തേയും ഭരിച്ചു അനേകവിധമുള്ള ഭോഗങ്ങളേയും ഭുജിച്ചു സുഖമായിരിക്കേണ്ട നിങ്ങൾ കാട്ടിൽ പോയി കഷ്ടം അനുഭവിക്കുവാൻ ഒരുങ്ങുന്നതു എന്തിനാകുന്നു. രാജ്യത്തേയും, രാജധാനിയേയും, എന്നേയും ത്യജിച്ചുംകൊണ്ടുള്ള വനവാസം നിങ്ങൾക്കു ചേൎച്ചയുള്ളതല്ല. ഇങ്ങിനെയൊക്കെ പറഞ്ഞിട്ടും രാജാവിന്റെ ബുദ്ധിക്ക് യാതൊരു മാററവും വരാതെ അല്ലയോ ബാലികെ! ഞാൻ കാന്താരവാസിയായെന്നു നീ വിചാരിക്കുക. നീ എന്നെ മുടക്കുകയും വേണ്ട എന്നോടുകൂടി വരികയും വേണ്ട. പുരുഷന്മാൎക്കുപോലും കാന്താരജീവിതം വളരേ കഷ്ടമാണ്. വല്ലഭൻ വിട്ടുപോയാൽ വീടു രക്ഷിക്കേണ്ടത് ഭാൎയ്യയുടെ ധൎമ്മമാണ്.

നീ എന്റെ പ്രതിനിധിയായി രാജ്യം ഭരിച്ചിരിക്കുക. എന്നിങ്ങനെ പറഞ്ഞുംകൊണ്ട് രാജാവ് കുളിപ്പാൻ പോയി. സൂൎയ്യൻ അസ്തമിച്ചു, അന്ധകാരം മൂടിത്തുടങ്ങി. രാജാവ് സന്ധ്യാവന്ദനാദികളൊക്കെ കഴിച്ചു തന്റെ പ്രിയവല്ലഭയോടുംകൂടി ശയനമുറിയിൽ പ്രവേശിച്ചു, നിദ്രക്കായി ആരംഭിച്ചു. ഏകദേശം അൎദ്ധരാത്രിയായപ്പോൾ ഭാൎയ്യയുടെ ഗാഢനിദ്രയിങ്കൽ രാജാവ് എഴുനീററു പ്രിയപത്നിയേയും ഉപേക്ഷിച്ചു കാവല്ക്കാരെയൊക്കെ വിളിച്ചു ഞാൻ വീരയാൎത്ഥം പോകയാണെന്നു കല്പിച്ചു. രാജധാനി വിട്ടു. ഹെ! ജഡയായ രാജ്യസമ്പത്തെ, നിനക്ക് നമസ്കാരം എന്നൊക്കെ പറഞ്ഞു രാജ്യത്തെ ഉപേക്ഷിച്ചു, ഘോരമാകുന്ന വിപിനത്തിൽ പ്രവേശിച്ചു. പത്തു ദിവസംകൊണ്ട് രാജാവ് നദികൾ, മണ്ഡലങ്ങൾ, പൎവ്വതങ്ങൾ മുതലായവയൊക്കെ കടന്നു ജനസഞ്ചാരം കേവലം ഇല്ലാത്തതായ മന്ദരാചലത്തിന്റെ ചരുവിലുള്ള ഘോരാടവിയിൽ എത്തിച്ചേൎന്നു. നഗരവും ജനങ്ങളും ഈ കാട്ടിൽനിന്നു വളരെ അകലെയാണ്. പലമാതിരി പഴങ്ങളോടുംകൂടിയുള്ള വൃക്ഷങ്ങളാൽ വനം ശോഭനമായിരിക്കുന്നു. അമൃതസമമായ വെള്ളം നിറഞ്ഞിരിക്കുന്ന കിണറുകളും അവിടവിടെയുണ്ട്. ചില പൎണ്ണശാലകളുടെ അവശിഷ്ടങ്ങളും മററും കണ്ടാൽ കുറെക്കാലം മുമ്പ് മഹൎഷിമാരുടെ വാസസ്ഥലമായിരുന്നെന്നു ഊഹിക്കാം. യാതൊരു ക്ഷുദ്രപ്രാണികളും ഇല്ലെന്നു മാത്രമല്ല, അവിടവിടെയായി അധികം ലതാഗൃഹങ്ങളും കാണ്മാനുണ്ട്. ഈ പ്രകാരം മനോഹരമായ അരണ്യത്തിൽ രാജാവ്

വിശേഷമായ ഒരു പൎണ്ണശാല എത്രയും എളുപ്പത്തിൽ പണിതീൎത്തു. പൂന്തോട്, മുളവടി, ഫലഭോജനപാത്രം, കമണ്ഡലു, മാൻതോൽ, അൎഘ്യപാത്രം, അക്ഷമാല ഇവകളൊക്കെയും ശേഖരിച്ചു. വല്ല തപസ്വികളും അതിഥികളായി വന്നാൽ അവൎക്കു ഇരിപ്പാനായി ദൎഭകൊണ്ടുള്ള ആസനം എന്നുവേണ്ട താപസകൎമ്മത്തിന്നാവശ്യപ്പെട്ട സൎവ്വ സാമഗ്രികളും അല്പദിവസംകൊണ്ട് രാജാവ് സമ്പാദിച്ചു. നിത്യം ചെയ്യേണ്ടതായ കൎമ്മങ്ങളുടെ നിശ്ചയമൊക്കെ ചെയ്തു. സന്ധ്യാവന്ദനവും ജപവും പ്രഭാതത്തിൽ ഒന്നാം യാമത്തിങ്കലും, പൂവറുപ്പാൻ രണ്ടാം യാമത്തിങ്കലും, കുളിയും ദേവപൂജയും മൂന്നാം യാമത്തിങ്കലും, കായ, കിഴങ്ങ് മുതലായവ ഭക്ഷിപ്പാൻ നാലാം യാമത്തിങ്കലും ജപിപ്പാൻ ബാക്കിയുള്ള സമയങ്ങളി (രാത്രിയിൽ) ലും നിശ്ചയിച്ചു.

രാജാവ് പോയതിൽപിന്നെ ചൂഡാലയുടെ ഉറക്കം ഞെട്ടി ഭൎത്താവിനെ ശയ്യയിൽ കാണായ്കയാൽ എഴുനീറ്റിരുന്നു ആലോചിച്ചുതുടങ്ങി. കഷ്ടം! എന്റെ ഭൎത്താവ് രാജ്യത്തെ വെടിഞ്ഞു. കാട്ടിലേക്കു പോയി എന്നുള്ളത് നിശ്ചയംതന്നെ. ഭൎത്താവിന്റെ സമീപത്തേക്കു പോകുകയല്ലാതെ ഇവിടെ ഞാൻ താമസിച്ചിട്ടു ഫലമെന്താണ്. ഭൎത്താവില്ലാതുള്ള സ്ത്രീകൾക്കു ഗതിയില്ലെന്നാണ് ശാസ്ത്രസിദ്ധാന്തം. ഇങ്ങിനെ പലതും വിചാരിച്ചു കിളിവാതലിൽകൂടി പുറത്തിറങ്ങി ആകാശസഞ്ചാരംചെയ്തു. കയ്യിൽ വാളും ധരിച്ചു പരവശനായി നടക്കുന്ന തന്റെ പ്രിയതമനെ കണ്ടു. ത്രികാലജ്ഞതപസ്സിദ്ധിയാൽ മേലാൽ

Sree Valayanad Yuvajana Vayanasala
Post PUTHIYARA
PUTHIYAPALAM

ഭൎത്താവിന്നു വരാൻപോകുന്നതൊക്കെ നല്ലതല്ലെന്നു വിചാരിച്ചറിഞ്ഞു. ഞാൻ താഴെയിറങ്ങി ഭൎത്താവിന്റെ ഒന്നായിപ്പോകുന്നതു ഭംഗിയല്ല. കുറെക്കാലം കഴിഞ്ഞിട്ടാവാം. അങ്ങിനെയാണെല്ലൊ നിയതിയുടെ കല്പന. എന്നൊക്കെ ആലോചിച്ചു രാജധാനിയിലെക്കു മടങ്ങി തന്റെ മെത്തമേൽ ചെന്നു ശയിച്ചു. ഒരു കാൎയ്യസാദ്ധ്യത്തിന്നുവേണ്ടി ഭൎത്താവ് കുറെ അകലെ പോയിരിക്കുന്നുന്നും കുറച്ചുകാലം കഴിഞ്ഞെ മടങ്ങിവരികയുള്ളു എന്നും അറിയിക്കേണ്ടവരെയൊക്കെ അറിയിച്ചു, പുത്രയും ഭംഗിയായി രാജ്യഭാരം ചെയ്തുതുടങ്ങി. ഇങ്ങിനെ പതിനെട്ടു സംവത്സരം കഴിഞ്ഞു. അപ്പോൾ ഭൎത്താവിനെ ചെന്നു കാണണ്ട കാലം അടുത്തിരിക്കുന്നു എന്നു തോന്നി. ആകാശസഞ്ചാരിണിയായി മന്ദരാദ്രിയിൽ ചെന്നു തന്നെ കാണാത്തവിധം ആകാശത്തിൽ ഭൎത്താവിന്റെ നേരെ മുകളിൽ നിന്നു ഭൎത്താവിനെ നോക്കി. രാജചിഹ്നങ്ങളാകട്ടെ ആഡംബരങ്ങളാകട്ടെ ഒന്നുംകൂടാതെ വളരെ കറുത്തും മെലിഞ്ഞും ഉള്ള ദേഹത്തോടുകൂടിയിരിക്കുന്ന തന്റെ ഭൎത്താവിനെ അറിയുവാൻ യോഗസിദ്ധിയെ ആശ്രയിക്കേണ്ടിവന്നു. ഭൎത്താവാണെന്നറിഞ്ഞു പൊട്ടിപ്പിളൎന്ന ഹൃദയത്തോടുംകൂടി ഹാ! സൎവ്വശാസ്ത്രാൎത്ഥദൎശിയായിരുന്നിട്ടുംകൂടി ഭൎത്താവിന്റെ മനസ്സിന്നുള്ള മൌഢ്യം നോക്കുക. പ്രാരബ്ധകൎമ്മത്തിന്റെ ഫലമല്ലാതെ മറ്റെന്താണു് ഈ ദുഃഖത്തിന്നുള്ള കാരണം? ഏതായാലും ജ്ഞാനം, ഭോഗം, മോക്ഷം, ശ്രീ, ഇവകളൊക്കെ ഞാൻ നിശ്ചയമായും ഭൎത്താവിന്നുണ്ടാക്കിത്തീൎക്കാതിരിക്കയില്ല. പക്ഷെ ഈ രൂപത്തോടും

കൂടി ഞാൻ ഭൎത്താവിന്റെ അടുക്കെ പോയാൽ എന്റെ യാതൊരു വാക്കിനേയും സ്വീകരിക്കുകയില്ലെന്നു മാത്രമല്ല ഇവൾ എന്റെ ഭാൎയ്യ, ബാല, ചപല എന്നൊക്കെ പറഞ്ഞു നിഷേധിക്കുകയും ചെയ്യും. രാഗാദികളെ നാം നല്ലതല്ലെന്നുള്ള വാസ്തവബോധം ഭൎത്താവിന് ഇപ്പോൾ വന്നുപോരുകയാൽ അവകളെയെല്ലാം ത്യജിച്ചിട്ടുണ്ട്. ഇപ്പോൾ ഭൎത്താവിന്റെ ചിത്തത്തിങ്കൽ ആത്മജ്ഞാനം പ്രതിബിംബിക്കുമെന്നു നിശ്ചയമാണ്.

"മാന്യവായനക്കാരോട് ഇവിടെ എനിക്കു കുറഞ്ഞൊന്നു പറവാനുണ്ട്. രാഗാദിദോഷങ്ങളെ വിട്ടിരിക്കുന്ന ബുദ്ധിയിൽ മാത്രമെ ആത്മജ്ഞാനം പ്രതിബിംബിക്കയുള്ളു എന്നാണ് ചൂഡാല അഭിപ്രായപ്പെട്ടിട്ടുള്ളത്. രാഗാദിദോഷങ്ങൾ നശിക്കുന്നത് ആത്മജ്ഞാനംകൊണ്ടല്ലെന്നും, രാഗാദിദോഷങ്ങൾ നശിക്കാതിരിക്കുന്ന കാലംവരെക്കും ആ ജീവൻ ആത്മജ്ഞാനത്തിന് അധികാരിയാകയില്ലെന്നും ഈ അഭിപ്രായംകൊണ്ടു സ്പഷ്ടമാകുന്നുണ്ട്. ഇപ്പോൾ ഭൎത്താവ് ആത്മജ്ഞാനത്തിനു അധികാരി ആയിട്ടുണ്ടെന്നു പറയുന്നതുകൊണ്ടു മോക്ഷം ആത്മജ്ഞാനംകൊണ്ടു മാത്രമെ സാധിക്കുകയുള്ളു എന്നു നിശ്ചയിക്കാം. ഇപ്പോൾ രാഗാദികൾ നശിച്ചിട്ടുണ്ടെന്നു പറയുന്നതിനാൽ ചൂഡാലയെ വിട്ടുപോകുന്നത് വരെക്കും രാഗാദികൾ നശിച്ചിട്ടുണ്ടായിരുന്നില്ലെന്നും, ആത്മജ്ഞാനത്തിന് അധികാരി ആയിരുന്നില്ലെന്നും നിശ്ചയംതന്നെ. രാജാവ് ചൂഡാലയെ വിട്ടിട്ടു പതിനെട്ടു സംവത്സരമായി. ഈ പതിനെട്ടു സംവത്സരവും അദ്ദേഹം ചെയ്തിട്ടുള്ളത് പൂജയും

ജപവുമാണ്. അധികസമയവും ജപമാണ് ചെയ്തിട്ടുള്ളതെന്നു അദ്ദേഹം ആദ്യം ചെയ്ത നിശ്ചയങ്ങളെക്കൊണ്ടു മനസ്സിലാക്കാം. പൂജ എന്നുള്ളത് അന്തരിന്ദ്രിയമായ മനസ്സ് ബാഹ്യേന്ദ്രിയങ്ങളുടെ സഹായത്തോടുകൂടി ചെയ്യുന്ന കർമ്മമാണ്. മനസ്സ് അന്യസഹായംകൂടാതെ സ്വയം ചെയ്യുന്ന കർമ്മമാണ് ജപം. രണ്ടും കർമ്മം തന്നെയാണ്. ഹിന്തുക്കളുടെയിടയിൽ മതങ്ങൾ എത്രയാണെന്നു കണക്കാക്കുവാൻ തന്നെ പ്രയാസമാണ്. വിഗ്രഹാരാധന ചെയ്യുന്ന ആചാര്യന്മാരും, കർമ്മത്തെ കേവലം നിഷേധിക്കുന്ന ആചാര്യന്മാരും ഉണ്ടു. വിഗ്രഹാരാധനയെ ദൂഷിക്കുന്ന ഉപദേഷ്ടാക്കൾക്ക് അധികവും ജ്ഞാനവാസിഷ്ഠമാണ് പ്രമാണം. പ്രകൃതചരിതം ജ്ഞാനവാസിഷ്ഠത്തിലുള്ളതാണ്. ജ്ഞാനവാസിഷ്ഠം എന്നു വെച്ചാൽ ജ്ഞാനത്തെ സംബന്ധിച്ചുള്ള വസിഷ്ഠമഹർഷിയുടെ ഉപദേശമാണ്.

ഒരു ദിവസം വിശ്വാമിത്രമഹർഷി ദശരഥമഹാരാജാവിനെ കാണ്മാനായി അയോദ്ധ്യാരാജധാനിയിൽ ചെന്നു. രാജാവ് മുനിയെ കണ്ട ഉടനെ അർഘ്യപാദ്യാദികളാൽ പൂജിച്ചു സ്വർണ്ണപീഠത്തിന്മേൽ ഇരുത്തി കൈകൂപ്പി നിന്നു. എന്തൊന്നു ഉദ്ദേശിച്ചിട്ടാണ് ഭവാൻ ഇങ്ങട്ട് വന്നിട്ടുള്ളത് ആയത് അവിടുത്തേക്ക് സാധിച്ചെന്ന് വിചാരിക്കേണം. എന്നു രാജാവ് പറഞ്ഞപ്പോൾ, ഞാൻ ഒരു കാര്യസാദ്ധ്യത്തിന്നുവേണ്ടി ഒരു നിയമത്തെ ആരംഭിച്ചിരിക്കുന്നു. ആയത് അസുരന്മാർ മുടക്കം ചെയ്യുന്നു. അതിന്റെ നിവൃത്തിക്കായി ഭവാന്റെ മൂത്തമകൻ

രാമനെ എനിക്ക തരണം. അറിവുള്ളവരാരും ആലോചിക്കാതെ ഒരു കാൎയ്യവും ചെയ്കയില്ല. രാമനാൽ ആയത് നിവൃത്തിയാകുമെന്ന ഞാൻ നല്ലവണ്ണം അറിയും. കൂടാതെ ശ്രീരാമൻ ഒരു മഹാത്മാവാണെന്ന ഞാനും, വസിഷ്ഠനും, ദീൎഘദൎശികളായ മറ്റുള്ളവരും അറിയും. എന്ന വിശ്വാമിത്രമഹൎഷി പറഞ്ഞത് കേട്ടപ്പോൾ രാജാവ് സ്തംഭിച്ചുനിന്നുപോയി. വളരെ മുടക്കങ്ങളൊക്കെ പറഞ്ഞു. വിശ്വാമിത്രമഹൎഷി കോപാക്രാന്തനായി കണ്ണു ചുവപ്പിച്ചത് കണ്ടപ്പോൾ വസിഷ്ഠൻ മദ്ധ്യസ്ഥനായി രണ്ടുപേരേയും സമാധാനിപ്പിച്ചു. രാമന്റെ യോഗ്യതയൊക്കെയും രാജാവിനെ ധരിപ്പിച്ചു. ഒന്നായി അയക്കാമെന്നു രാജാവ് ധൈൎയ്യപ്പെട്ടു. രാമന്റെ ഭൃത്യന്മാരെ വിളിച്ചു രാമൻ എന്തുചെയ്യുന്നെന്നു ചോദിച്ചു. സ്വാമിൻ! ശ്രീരാമൻ തീൎത്ഥാടനം കഴിഞ്ഞുവന്നതിൽ പിന്നെ എപ്പോഴും ദുഃഖത്തിന്റെ മാതിരിയിലിരിക്കുന്നു. കുട്ടിക്ക് യാതൊന്നിലും ഇഷ്ടമില്ല. ഞങ്ങളുടെ നിൎബ്ബന്ധംകൊണ്ടു ചില നിത്യകൎമ്മങ്ങളൊക്കെ ചെയ്യുന്നുണ്ട്. സമ്പത്ത് എന്തിന്നാണ്, ആപത്ത് എന്താണ്, വീടും വിഭവങ്ങളും ഒന്നും സാരമുള്ളതല്ല, എന്ന പറഞ്ഞു മൌനിയായിരിക്കും. ഭക്ഷണമേതൊടാകട്ടെ, വസ്ത്രമേതൊടാകട്ടെ, ഇഷ്ടമില്ല. സന്യാസിമാരെക്കണ്ടാൽ അവരുടെ പിന്നാലെ നടക്കും. അഭിമാനവും ഇല്ല രാജത്വത്തിൽ വാഞ്ഛയും ഇല്ല. അനിഷ്ടത്തിൽ ദുഃഖവും, ഇഷ്ടത്തിൽ മോദവും കാട്ടിക്കില്ല. ആനന്ദപ്രാപ്തിക്കുള്ള വഴിനോക്കാതെ

ഇത്രകാലവും ഞാൻ കഴിച്ചുവല്ലൊ എന്നൊക്കെ ചില തത്വങ്ങൾ പറഞ്ഞു ശുദ്ധ വേദാന്തയെപ്പോംലയരിക്കുന്നും ധനം നിസ്സാരമാണെന്നു പറഞ്ഞു യാചകന്മാൎക്കൊക്കെ കൊടുക്കുന്നു. മഹാരാജാവെ! ഞങ്ങൾ എന്താണ് വേണ്ടത്. രാമനെ സംസാരിയാക്കുവാൻ ഇന്നു ലോകത്തിൽ ആരുണ്ട. ഇതൊക്കെ കേട്ടപ്പോൾ രാമനെ സഭയിലേക്കു കൂട്ടിക്കൊണ്ടുവരുവാനായി വിശ്വാമിത്രമഹൎഷി ഭൃത്യന്മാരോടാവശ്യപ്പെട്ടു. "രാമനുണ്ടായിട്ടുള്ള ഈ മോഹത്തിന്നു കാരണം ആപത്തുമല്ല രാഗവുമല്ല. വിവേകവൈരാഗ്യത്താലുണ്ടായിവന്നതായ ഒരു ബോധം മാത്രമാണ്. നല്ല യുക്തികളെക്കൊണ്ട് രാമന്റെ മോഹത്തെ തീൎക്കയാണെങ്കിൽ കുട്ടി നിശ്ചയമായും ബ്രഹ്മാനന്ദം പ്രാപിക്കും ലൌകികവ്യവഹാരവും നടത്തും." കൌശികമഹാമുനി ഇപ്രകാരം പറഞ്ഞുംകൊണ്ടിരിക്കുമ്പോൾ രാമൻ സഭയിൽ ആഗതനായി. ഒന്നാമത് അച്ഛനേയും, പിന്നീട് മുനിമാരേയും, ബ്രാഹ്മണരേയും മറ്റും വണങ്ങി. നിന്നുകൊണ്ടിരിക്കുന്ന കുട്ടിയോടു അച്ഛൻ തന്റെ മടിയിൽ ഇരിക്കുവാൻ ആവശ്യപ്പെട്ടു രാമൻ ഉടനെ ഭൃത്യന്മാർ നിലത്തു വിരിച്ചതായ വസ്ത്രത്തിന്മേൽ ഇരുന്നു. രാജാവും വിശ്വാമിത്രമഹൎഷിയും പലതും ഉപദേശിച്ചു. രാമൻ തനിക്കുണ്ടായതായ വിവേകവൈരാഗ്യത്തെപ്പറ്റി എത്രയും ദീൎഘമായി സഭയിൽ വെച്ചു പറഞ്ഞു. ഉടനെ വിശ്വാമിത്രമഹൎഷി ശ്രീശുകമഹൎഷിയുടെ ചരിത്രവും പറഞ്ഞു രഘുവംശത്തിന്നു ഗുരുവായും, സൎവ്വജ്ഞനായും ഇ

രിക്കുന്ന വസിഷ്ഠമഹൎഷിയോട് രാമനുണ്ടായിട്ടുള്ള വൈരാഗ്യമെല്ലാം ചില ഉപദേശങ്ങൾ ചെയ്യാൻ ആവശ്യപ്പെട്ടു. വിരക്തനായ ശിഷ്യനു ഉപദേശിക്കേണ്ടത് ജ്ഞാനമാണെന്നും, ശാസ്ത്രതത്വം അത്രതന്നെയാണെന്നും വൈരാഗ്യമില്ലാത്ത ശിഷ്യനു തത്വജ്ഞാനം ഉപദേശിച്ചാൽ അതു നായുടെ തോലുകൊണ്ടുണ്ടാക്കിയ പാത്രത്തിൽ സൂക്ഷിച്ചതായ പശുവിൻപാൽ പോലെ അത്ര അശുദ്ധമായിരിക്കുമെന്നും മറ്റും വിശ്വാമിത്രമഹൎഷി പലതും പറഞ്ഞപ്പോൾ സഭയിൽവെച്ചുതന്നെ ഭഗവാൻ വസിഷ്ഠമഹൎഷി ഉപദേശിക്കുവാൻ തുടങ്ങി. ഈ ഉപദേശമാണു് ജ്ഞാനവാസിഷ്ഠം."

നമ്മുടെ മലയാളരാജ്യത്തു കൎമ്മത്തെ നിഷേധിച്ചു കൎമ്മംകൊണ്ടു യാതൊരു ഫലമില്ലെന്നും പറഞ്ഞു തത്വജ്ഞാനം ഉപദേശിച്ചുവരുന്ന ആചാൎയ്യന്മാർ അധികമുണ്ട്. എന്നാൽ ഇങ്ങിനെയുള്ള ആചാൎയ്യന്മാരുടെ ഉപദേശം കേൾക്കുവാൻ, ശ്രീരാമൻ, ശിഖിദ്ധ്വജൻ മുതലായവരെപ്പോലെ വിരക്തിവന്നതായ ശിഷ്യന്മാർ എത്രയുണ്ടായിരിക്കും. വിഷയത്തിൽ വിരക്തിയില്ലാത്തവൎക്കു തത്വജ്ഞാനമുണ്ടാകയില്ലെന്നു പല ആചാൎയ്യന്മാരുടെ വാക്കുകൊണ്ടും നമ്മുടെ യുക്തികൊണ്ടും നമുക്കു മനസ്സിലാകും. മൂഢന്മാൎക്കുകൂടി തത്വജ്ഞാനം ഉപദേശിക്കുന്ന ആചാൎയ്യന്മാൎക്കുതന്നെ വിരക്തിയുണ്ടായിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സൎവ്വസംഗപരിത്യാഗികളായ ആചാൎയ്യന്മാർ ഈ മലയാളരാജ്യത്തു എത്രപേർ

ഉണ്ടായിട്ടുണ്ടെന്നു അന്വേഷിച്ചറിയേണ്ട ഭാരം മാന്യവായനക്കാരിൽതന്നെ ഞാൻ സമൎപ്പിക്കുന്നു. വിരക്തിയില്ലാത്തവൎക്കു ഉപദേശിക്കുന്ന തത്വജ്ഞാനം ശ്വാവിന്റെ തോൽകൊണ്ടുണ്ടാക്കിയ പാത്രത്തിൽ സൂക്ഷിക്കുന്ന ഗോക്ഷീരംപോലെ അത്ര അശുദ്ധമാണെന്നു പറയുന്ന സ്ഥിതിക്ക് വിരക്തിലേശമില്ലാത്ത തത്വജ്ഞാനോപദേഷ്ടാക്കന്മാരായിരിക്കുന്ന ആചാൎയ്യന്മാരുടെ അവസ്ഥയെപ്പററി വിശ്വാമിത്രമഹൎഷി എന്തായിരിക്കും അഭിപ്രായപ്പെടുക. കൎമ്മവും ഉപാസനയുമാണ് വിവേകവൈരാഗ്യാദികളെ ഉണ്ടാക്കുന്നതെന്നു ശ്രീരാമന്റെ താൽക്കാലികാവസ്ഥ നമ്മെ പഠിപ്പിക്കുന്നു. വിവേകം വൈരാഗ്യത്തേയും വൈരാഗ്യം വിവേകത്തേയും വൎദ്ധിപ്പിക്കും. മോക്ഷം സാധിപ്പാൻ കൎമ്മോപാസനകൾ ആവശ്യമില്ലെങ്കിലും മോക്ഷാസാധിക്കേണ്ടതായ ജ്ഞാനം സിദ്ധിപ്പാൻ കൎമ്മോപാസനകൾ അവശ്യം ആവശ്യമാണ്. "വിഗ്രഹാരാധന ചീത്തയാണ്, വിഗ്രഹം ജഡമാണ്, എങ്ങും നിറഞ്ഞുനില്ക്കുന്ന ബ്രഹ്മത്തിനേയാണ് ഉപാസിക്കേണ്ടത്, എന്നു പറഞ്ഞുനടക്കുന്ന ചിലരോട്, ബ്രഹ്മം എന്നുവെച്ചാൽ എന്താണ്? ആയതിന്നു ശക്തിയുണ്ടോ? എന്നു ചോദിച്ചപ്പോൾ അതേ നിശ്ചയമായും അതിന്നു ശക്തിയുണ്ട്. അതു സൎവ്വശക്തനാണ്. അങ്ങിനെയാണെങ്കിൽ ശക്തി നാശിക്കുകയില്ലേ? ശക്തിയോടുകൂടിയിരിക്കുന്നതായാൽ വസ്തു രണ്ടായില്ലേ? ഛേ ഈ ചോദ്യം നിങ്ങളുടെ തോന്നിയവാസമാണ്" എന്നു എന്നോടു പറഞ്ഞതായ ബ്രഹ്മോ

പാസകന്മാരെ ഞാൻ ഓൎക്കുന്നുണ്ട്. മാന്യവായനക്കാരെ: സത്യമാണ് ഒരു മനുഷ്യനെ ഉന്നതിയിലെത്തിക്കുക. സത്യവാനാണെന്നു അന്യന്മാരെ വിശ്വസിപ്പിക്കുന്ന സത്യം യഥാൎത്ഥസത്യമല്ല. തന്നെ വഞ്ചിക്കാതിരിക്കുന്നതാണ് യഥാൎത്ഥസത്യം. ഈ സത്യം ഒരു ജീവനെ വിവേകിയാക്കാതിരിക്കുകയില്ല. സത്യമായ വിവേകം വൈരാഗ്യത്തെ ഉണ്ടാക്കും. ഒരു മൂഢനായ വിഗ്രഹാരാധകനു സാധിക്കുംപ്രകാരം വാസ്തവസത്യം അത്ര പൊടുന്നനവെ വേറൊരു ജീവനും സാധിക്കുകയില്ല. വിഗ്രഹാരാധന ഒരു ജീവനു എത്രയും ശ്രേഷ്ഠമായതുതന്നെയാണ്. കൎമ്മവും ഉപാസനയുമാണ് ഒരു വിഗ്രഹാരാധകൻ ചെയ്യുന്നത്. വിധി, വിശ്വാസം, ഹഠം, ഇവക്കു അധീനമാണ് കൎമ്മവും ഉപാസനയും. നീ ഉപാസന ചെയ്യുക എന്നുള്ള ശാസ്ത്രവിധിയിങ്കൽ വിശ്വാസംവെച്ചു നിൎബ്ബന്ധബുദ്ധിയോടുംകൂടി കൎമ്മവും ഉപാസനയും ചെയ്യേണം. ഒന്നിനെ മറെറാന്നായി ഉപാസിക്കുന്നതിന്ന് പ്രതീകോപാസന എന്നാണ് ശാസ്ത്രസിദ്ധാന്തം. ശിലാവിഗ്രഹം പ്രതീകമാണ്. നാല് കൈകളിൽ ശംഖചക്രഗദാപത്മങ്ങളെ ധരിച്ചു ഭക്തന്മാരെ അനുഗ്രഹിപ്പാൻവേണ്ടി സൎവ്വശക്തനായിരിക്കുന്ന വിഷ്ണുഭഗവാൻ വൈകുണ്ഠത്തിൽ ഇരിക്കുന്നുണ്ടെന്നും ഈ ശിലാവിഗ്രഹത്തെ ഭഗവാനാണെന്നു വിചാരിച്ചു ഞാൻ പൂജയും ധ്യാനവും ചെയ്താൽ സൎവ്വശക്തനായിരിക്കുന്ന ഭഗവാൻ എന്റെനേരെ പ്രസാദിച്ചു എന്നെ അനുഗ്രഹിക്കുമെന്നുമാണ് പ്രതീകോപാ

PUTHIYARA P.T.A. YAPALAM

സകന്റെ വിശ്വാസം. അവൻ പ്രത്യക്ഷമായി കാണുന്നത് ശിലയെതന്നെയാണ്. അവന്റെ സങ്കല്പം മുഴുവനും വിഷ്ണുവിങ്കലാണ് (ഈശ്വരങ്കലാണ്.) സങ്കല്പമാണ് മനസ്സിന്റെ വൃത്തി. സങ്കല്പം നശിപ്പിക്കുന്നതുതന്നെയാണ് മോക്ഷം. സങ്കല്പം നിശ്ശേഷം നശിച്ചാൽ ബുദ്ധിജ്ഞാനസമ്പൂർണ്ണമാണ്. ക്ഷണം ക്ഷണം വികാരത്തെ പ്രാപിച്ചുംകൊണ്ടിരിക്കയാണ് നമ്മുടെ മനസ്സ്. ഒരുക്ഷണം ആയത് സുഖിക്കും. അടുത്ത ക്ഷണം ദുഃഖിക്കും. പിന്നെ കോപിക്കും. ഉടനെ ശാന്തമാകും. ഈവക വികാരങ്ങളൊക്കെയും ഓരോ സങ്കല്പത്താൽ വന്നുചേരുന്നതാണ്. ഓരോന്നിൽനിന്നും എനിക്കു സുഖംകിട്ടുമെന്നു സങ്കല്പിച്ചു വിഷയങ്ങളുടെ പിന്നാലെ ഓടുന്ന മനസ്സിനെ ഈ പ്രതിമോപാസകൻ വിഷ്ണുവെന്ന നിലയിൽ ലക്ഷ്യം വെച്ച വിഗ്രഹത്തിൽ നിർത്തുകയാണ്. എന്റെ സർവ്വാഭീഷ്ടങ്ങളും വിഷ്ണുഭഗവാൻ സാധിപ്പിച്ചുതരുമെന്നുള്ള അത്യാഗ്രഹത്താൽ ദ്രവ്യവസ്തുക്കളിൽ തുള്ളിച്ചാടി കളിക്കുന്ന അവന്റെ മനസ്സിനെ (തൈലധാരപോലെയുള്ള ധ്യാനനിഷ്ഠയിൽ ഭഗവദാകാരമായിരിക്കുന്ന അവന്റെ മനസ്സിനെ) ഒന്നിങ്കൽമാത്രം സ്ഥിതിചെയ്യിക്കുന്നു. അപ്പോൾ മനസ്സിന്റെ സങ്കല്പം നശിക്കുന്നു. സങ്കല്പംചെയ്യാൻ അവന്നു സമയമില്ലാതിരിക്കുന്നു. പക്ഷെ വിഷ്ണുഭഗവാൻ എന്റെ സർവ്വാഭീഷ്ടങ്ങളും നൽകുമെന്നുള്ള സങ്കല്പം ബാക്കിയിലിരിക്കുന്നു. ഒരു ജീവൻ കഷ്ടം അനുഭവിക്കുമ്പോൾ ആയത് അവൻ ചെയ്ത ദുഷ്കർമ്മത്തിന്റെ ഫലമാണെ

ന്നും, സുഖം അനുഭവിക്കുമ്പോൾ സൽകൎമ്മത്തിന്റെ ഫ
ലമാണെന്നും ജനങ്ങൾ പറഞ്ഞുവരുന്നത് സാധാരണ
യാണ്. ഇതിനാൽ ദുഷ്കൎമ്മം ചെയ്യരുതെന്നും, സൽക
ൎമ്മം ചെയ്യേണമെന്നും നാമുക്കു പഠിക്കുവാൻ കഴിയുന്നു.
ഒരു മനുഷ്യന്നു ഗാഢനിദ്രയിലല്ലാതെ ഒരു ക്ഷണസമയം
പോലും കൎമ്മം ചെയ്യാതിരിപ്പാൻ കഴിയുന്നില്ല. എത്ര
ത്തോളം സ്വസ്ഥനായിരുന്നാലും ഒരു സമയവും മനസ്സ്
വിചാരം ചെയ്യുന്നുണ്ടെന്നു നാമുക്കെല്ലാം അനുഭവമാണ്.
വിചാരവും കൎമ്മം തന്നെയാണ്. നല്ലവിചാരം നല്ല ക
ൎമ്മവും ചീത്തവിചാരം ചീത്തകൎമ്മവുമാണ്. ഏതു ക
ൎമ്മം ചെയ്താലും ആയത് ഒരു കാലം ഫലത്തെതരാതിരി
ക്കുകയില്ല. വിഗ്രഹത്തിന്റെ മുമ്പിലിരുന്നു വിഷ്ണുവിങ്ക
ൽ മനസ്സുവെച്ചു ചെയ്യുന്ന കൎമ്മോപാസനകൾ ഒരിക്കലും
ദുഷ്കൎമ്മമായി വരികയില്ല. വിഗ്രഹാരാധനയെ വെറുക്കു
ന്നവരായാലും കൎമ്മം സൽകൎമ്മമാണെന്നു സമ്മതിച്ചേതീ
രു. വിഗ്രഹാരാധനയെ വെറുത്താലും ഒരു മനുഷ്യൻ
ഉന്നതിയെ പ്രാപിക്കേണമെങ്കിൽ ഉപാസനകൂടാതെ ക
ഴിയുകയില്ല. ഉപാസനയും മാനസികകൎമ്മം തന്നെയാ
ണ്. ഏതു ഉപാസകനായാലും വേണ്ടതില്ല ആൎക്കും ല
ക്ഷ്യം വെക്കാതെ ഉപാസിക്കുവാൻ കഴിയുന്നതല്ല. മന
സ്സ് പരിച്ഛിന്നമാണ്. ആയത എന്തൊന്നിനെപ്പററി
വിചാരിക്കുന്നുവൊ അതിന്റെ ആകൃതിയോളം മാത്ര
മെ വിചാരിക്കുവാൻ കഴിയുകയുള്ളൂ. പരിച്ഛിന്നമായ
മനസ്സിന്ന് അപരിച്ഛിന്നവസ്തുവെ വിചാരിപ്പാൻ കഴിയു

ന്നതല്ല. അതിനെ വിചാരിക്കുന്നുണ്ടെങ്കിൽ അപരിച്ഛിന്നവസ്ഥ പരിച്ഛിന്നമായിക്കഴിഞ്ഞു. ഉപാസകന്മാരിൽ പ്രധാനികൾ പ്രണവോപാസകന്മാരാണ്. പ്രണവം എന്നുവെച്ചാൽ അക്ഷര (ഓംകാര) മാണ്. ഓംകാരത്തെ ബ്രഹ്മമാണെന്നുവെച്ചാണ് ഉപാസിക്കുന്നത്. ഓംകാരം ബ്രഹ്മമല്ല ബ്രഹ്മം ഓംകാരവുമല്ല. പക്ഷെ ബ്രഹ്മവാചകമായിട്ടാണ് ഓംകാരത്തെ ഉപാസിക്കുന്നത്. ഓംകാരത്തെ ഒരു പ്രതിമപോലെ പ്രതീകരൂപമായിട്ട് ഉപാസിച്ചാൽ മന്ദമദ്ധ്യമബുദ്ധികൾക്ക് പരബ്രഹ്മപ്രാപ്തിക്ക് സാധനമാകുമെന്നാണ് ആചാര്യന്മാർ പറയുന്നത്. ഓംകാരത്തിന്ന് നാലു ഭാഗങ്ങളുണ്ട്. അകാരം, ഉകാരം, മകാരം, തുര്യമായിരിക്കുന്ന ഓംകാരം. അതുപ്രകാരം ജീവന്നും ഈശ്വരന്നും നന്നാല് ഭാഗങ്ങളുണ്ട്. വിശ്വൻ, തൈജസൻ, പ്രാജ്ഞൻ, ആത്മാവ്. വിരാട്ട്, ഹിരണ്യഗർഭൻ, ഈശ്വരൻ, ബ്രഹ്മം. ഈ ഓരോ മാത്രകളേയും ക്രമേണ ഓരോന്നിൽ ലയിപ്പിക്കുകയാണ് പ്രണവോപാസകൻ ചെയ്യുക. ഇതിൽ തുര്യമായിരിക്കുന്ന ഓംകാരത്തെ ആത്മാവിൽ (ബ്രഹ്മത്തിൽ) ലയിപ്പിച്ച ബുദ്ധിക്ക് ഏകാഗ്രത്വം ഉണ്ടാകുന്നത് പ്രണവോപാസകന്റെ ഉപാസനയുടെ ഫലമാണ്. പരിച്ഛിന്നമായ മനസ്സ്കൊണ്ട് അപരിച്ഛിന്നമായ പരബ്രഹ്മത്തെ ഓംകാരത്താൽ ലക്ഷ്യംവെക്കുകയാണ്. മനസ്സും ഓംകാരവും പരിച്ഛിന്നമാണ്. പരിച്ഛിന്നം ഒരിക്കലും അപരിച്ഛിന്നമാകയില്ല. ലക്ഷ്യംവെക്കാതെ ഒരു ജീവിക്കും ഒരു പ്രവൃത്തിയും ചെയ്യാൻ സാധിക്കുന്നതല്ല. ഒരാ

ൾക്കു ഒരു ദിക്കിൽ പോകേണമെങ്കിൽ ലക്ഷ്യംവേണം. ഒരാളെയൊ ഒരു വസ്തുവെയൊ മനസ്സിലാക്കേണമെങ്കിൽ ലക്ഷ്യംവേണം. ഭക്ഷണം കഴിക്കേണമെങ്കിലൊ, വസ്ത്രം അണിയേണമെങ്കിലൊ ലക്ഷ്യംവേണം. ലക്ഷ്യംകൂടാതെ ഒന്നും പ്രവൃത്തിക്കുവാൻ മനുഷ്യനു മാത്രമല്ല ഒരു ജീവിക്കുപോലും കഴിയുന്നതല്ല. മോക്ഷത്തിനു സാധനം കർമ്മമല്ല, ഉപാസനയുമല്ല; ജ്ഞാനമാണു കാരണം. ജ്ഞാനം അവാന്തരവാക്യമെന്നും, മഹാവാക്യമെന്നും രണ്ടായി ഭാഗിച്ചിട്ടുണ്ട്. അവാന്തരവാക്യവും മോക്ഷത്തിനു സാധനമല്ല. മഹാവാക്യമാണു മോക്ഷസാധനം. മഹാസമുദ്രംപോലെയുള്ള നാലു വേദങ്ങളിൽനിന്നു കടഞ്ഞെടുത്ത നാലു രത്നങ്ങളാണു മഹാവാക്യങ്ങൾ. “തത്വമസി” “അഹംബ്രഹ്മാസ്മി” “അയമാത്മാബ്രഹ്മ” “പ്രജ്ഞാനമാനന്ദംബ്രഹ്മ” ഇതാണ് മഹാവാക്യങ്ങൾ. ഈ മഹാവാക്യങ്ങളെ വിചാരംചെയ്യുമ്പോൾതന്നെ ലക്ഷണകൊണ്ടുണ്ടാകുന്ന ലക്ഷ്യാർത്ഥത്തെ വിചാരംചെയ്യേണമെന്നാണ് ആചാര്യസിദ്ധാന്തം. ജഹല്ലക്ഷണയും, അജഹല്ലക്ഷണയും മഹാവാക്യവിചാരത്തിൽ കൊള്ളുകയില്ലെന്നും ജഹദജഹല്ലക്ഷണ (ഭാഗത്യാഗലക്ഷണ) കൊണ്ടു വിചാരംചെയ്തു വാച്യഭാഗത്തെ തള്ളി ലക്ഷ്യഭാഗത്തെ അഭേദമായി കാണേണമെന്നുമാണ് പറയുന്നത്. ഇതിൻെറ രഹസ്യം ആവോ ആർക്കറിയാം. ഇവിടെ ജപിക്കുവാനായി മഹാവാക്യം ഉപദേശിക്കുന്ന ആചാര്യന്മാരേയും ഞാൻ അറിയും.

നിങ്ങൾക്കു ഇഷ്ടമുള്ള ഒരു വസ്തുവിൽ ഈശ്വരബു

ധിവെച്ച് ഉപാസിക്കാനാണ് ആചാൎയ്യന്മാർ ഉപദേശിക്കുന്നത്. പിന്നെ മറെറാന്നിലും, ഇതിനെ നിങ്ങഠം ഈശ്വരോപാസന ചെയ്താൽ കൈലാസത്തിലൊ മറെറാ ഇരിക്കുന്നുണ്ടെന്നു നിങ്ങഠം സങ്കല്പം ചെയ്യു ശിവൻ നിങ്ങഠംക്ക് അടുത്തേടത്ത് വരും. ഒടുക്കം നിങ്ങളുടെ ദേഹമാകുന്ന ക്ഷേത്രത്തിൽ നിങ്ങഠംക്ക് ശിവനെ കാണ്മാൻ കഴിയും. നിങ്ങളുടെ ഉപാസനയുടെ ഫലമായി നിങ്ങളുടെ ബുദ്ധിക്ക് വിചാരശക്തി കൂടിവരും. അപ്പോഠം ശിവൻ പിന്നേയും അടുത്തുവരും. നിങ്ങളുടെ ബുദ്ധിയുടെ നിശ്ചയശക്തിയാൽ അന്തൎയ്യാമിയായ ശിവൻ ശരീരാത്മകനായി ഒടുക്കം നിങ്ങളുമായി അഭിന്നനാണെന്നു അറിയുവാൻ കഴിയും. അറിവില്ലാത്തവൎക്ക് വിഗ്രഹാരാധന ഏത്രയും ആവശ്യമാണ്. സത്യവാനായ വിഗ്രഹാരാധകൻ ഉടനെ ഉന്നതിയെ പ്രാപിക്കും. അനുഭവസ്ഥനായ വിഗ്രഹാരാധകൻ മാത്രമെ ഇതിൻെറ രഹസ്യത്തെ അറികയുള്ളൂ. എത്ര മൂഢനായാലും അവൻ തപസമ്പന്നനാകും. ഇത്രയും പറഞ്ഞു ഇനി പ്രസ്തുതചരിത്രത്തിലേക്കുതന്നെ പ്രവേശിക്കട്ടെ.

മേൽപറഞ്ഞപ്രകാരം നിശ്ചയിച്ച ചൂഡാല ഒരു താപസവേഷം എടുത്തു ഭൎത്താവിൻെറ ഗുരുസ്ഥാനം കൈക്കൊള്ളുകതന്നെ എന്നുറച്ച, ധ്യാനശക്തിയാൽ തൻെറ സ്വരൂപം മാററി ഒരു ഭൂദേവപുത്രനായി, രാജാവിൻെറ മുമ്പിൽ പ്രത്യക്ഷമായി. തങ്കനിറത്തോടുകൂടിയുള്ള ദേഹത്തിങ്കൽ മുത്തുമാലയും ധരിച്ച, വെള്ളിക്കമ്പി

പോലെയുള്ള പൂണൂലിട്ടു, രണ്ടു വെള്ളവസ്ത്രങ്ങൾ ധരിച്ചു വല്ലാതെ ശോഭയോടുംകൂടി ഭൂമിയിൽനിന്നു ഒരു കോൽ മീതെ പൊന്തിനില്ക്കുന്ന ബ്രാഹ്മണപുത്രനെ കണ്ട ഉടനെ ഗീൎവ്വാണപുത്രനാണെന്നുള്ള വിചാരത്തോടുംകൂടി രാജാവ് തന്റെ മെതിയടി ഊരിവെച്ചു. അല്ലയോ ദേവപുത്രാ! ഭവാനെ ഞാൻ വണങ്ങുന്നു. ഇവിടെ കാണുന്ന ഈ ആസനത്തിന്മേൽ വന്നിരുന്നാലും, എന്നു പറഞ്ഞുംകൊണ്ടു ഒരു ആസനം കാണിച്ചുകൊടുത്തു. രാജൎഷേ! നമസ്തുഭ്യം എന്നുപറഞ്ഞു ദ്വിജപുത്രൻ പീഠത്തിന്മേൽ ഇരുന്നു. ഹേ ദേവപുത്ര! മഹാഭാഗ! എങ്ങുന്നാണ് ഇപ്പോൾ വരുന്നതു. മാന്യനായിരിക്കുന്ന അങ്ങയെ എനിക്കു കാണ്മാൻ സംഗതി വന്നതുകൊണ്ടു ഇന്നേത്തെ ദിവസം എനിക്കു എത്രയും ശ്രേഷ്ഠം തന്നെ, എന്നുപറഞ്ഞു അൎഘ്യപാദ്യാദികളെകൊണ്ടു പൂജിച്ചു പൂമാല ചാൎത്തി, വന്ദിച്ചുകൊണ്ടുനില്ക്കുന്ന രാജാവോട് ഹേ മഹാത്മാവേ! എന്നെ കണ്ടുകൂടുമ്പോൾ തന്നെ എത്രയും അനല്പമായുള്ള പ്രേമം കാണിച്ചതിനാൽ ഭവാൻ ചിരഞ്ജീവിയാവാൻ ഞാൻ ഒന്നാമതായി പ്രാൎത്ഥിക്കുന്നു. സങ്കല്പ വികല്പങ്ങളൊക്കെ നശിച്ചു സൽപുമാനായ തനിക്കു മുക്തി സിദ്ധിപ്പാനായി മനസ്സ് ശാന്തമാവാൻ തക്കവണ്ണം തപസ്സു ചെയ്തുവോ? മഹാരാജ്യത്തേയും വിട്ടു ഘോരമായുള്ള ഈ മഹാവനത്തിൽ വന്നു കാലം കഴിക്കുന്ന ഭവാന്റെ ഈ ശാന്തിവ്രതം എത്രയും മഹത്തായ അസിധാരാവ്രതത്തോട് തുല്യമാണെന്നു സംശയമില്ല. ഒരു തരുണൻ തരുണി

ദയോടുകൂടി സുഖമായി ക്രീഡിച്ചു അന്തരംഗത്തിൽ നിവൃത്തസംഗനായിരിക്കുക എന്ന അവസ്ഥക്കാണ് അസിധാരാവ്രതമെന്നു പറയുന്നത്. എന്നൊക്കെ ചൂഡാല പറഞ്ഞപ്പോൾ വൎദ്ധിച്ചുവന്നതായ സന്തോഷത്തോടുംകൂടി രാജാവ് അല്ലയോ ഭഗവാനെ! സൎവ്വവും അറിവാൻ അങ്ങേക്കു സാധിക്കുമെന്നു എനിക്കു തോന്നുന്നു. അങ്ങയുടെ ഉത്തമമായിരിക്കുന്ന സൎവ്വാംഗ ശോഭകൊണ്ടുതന്നെ ദേവനാണെന്നു ഭവാനെ ഞാൻ അറിയുന്നുണ്ടു. പിന്നെ എന്തിനാണ് ഞാൻ ആശ്ചൎയ്യപ്പെടുന്നത്. ഭവാൻ ആരാണെന്നും, ആരുടെ പുത്രനാണെന്നും, ഇവിടെ വരുവാനുള്ള കാരണം എന്തായിരിക്കുമെന്നും അറിവാൻ എനിക്ക് അതിയായ ഉൽകണ്ഠയുണ്ട്. എന്റെ ആഗ്രഹം നിവൃത്തിയാക്കിത്തരുവാൻ ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു.

അല്ലയോ രാജാവേ! എത്രയും വിനീതനായി ചോദിക്കുന്ന ഏതൊരു പുരുഷനേയും ലോകത്തിൽ ആരും വഞ്ചിക്കുകയില്ല. ഋഷിമാരിൽ പ്രധാനിയായി, ബ്രഹ്മപുത്രനായി ലോകം മുഴുവനും പുകഴ്ത്തുകൊണ്ടിരിക്കുന്ന നാരദമഹൎഷിയെ ഭവാൻ കേട്ടിട്ടുണ്ടായിരിക്കാം. ബ്രഹ്മൎഷിയായ അദ്ദേഹം ഒരുകാലം ഗംഗാതീരത്തിലുള്ള ഒരു ഗുഹയിൽ ധ്യാനനിഷ്ഠനായി ഇരുന്നിട്ടുണ്ടായിരുന്നു. ഒരു ദിവസം നിഷ്ഠ നീങ്ങി സന്തുഷ്ടചിത്തനായിരിക്കുംസമയം എന്തൊന്നില്ലാത്ത ഒരു ശബ്ദം കേട്ടു. എത്രയും മനോഹരമായ ശബ്ദത്തെ കേട്ടു ആശ്ചൎയ്യഭരിതനായി നോക്കു

മ്പോൾ ചില വനജാക്ഷികൾ മതി മറന്നു ഗംഗയിൽ ജ
ലക്രീഡാ ചെയ്യുന്നതായി കണ്ടു. അവർ ഓരോ സ്ത്രീകളു
ടേയും ദേഹകാന്തി അന്യോന്യം ദേഹത്തിങ്കൽ പ്രതി
ബിംബിച്ചുകാണുന്നു. അവർ രംഭ, തിലോത്തമ മുതലാ
യ ദേവസ്ത്രീകളോട് തുല്യമാരായിരുന്നു. അടുക്കൽ പുരുഷ
ന്മാർ ആരും ഇല്ലായ്കയാൽ അവരാരും യാതൊരു വസ്ത്ര
വും ധരിച്ചിട്ടില്ല. നഗ്നമാരായ ആ സുന്ദരികളുടെ ക്രീഡ
കണ്ടു തനിക്കു കാമഭ്രാന്തിളകി പെട്ടെന്നു ഇന്ദ്രിയസ്ഖല
നമുണ്ടായി.

അല്ലയോ ഗീർവ്വാണപുത്രാ! ഏത്രയും മഹാനായി,
ബ്രഹ്മപുത്രനായി, ജീവന്മുക്തനായിരിക്കുന്ന ആ മഹർഷി
മാരനും കീഴടങ്ങിയതെങ്ങിനെ?

ഹേ രാജാവേ! സത്യമായും, നിർമ്മലമായും ഉള്ള ത
ൻെറ വാസ്തവരൂപത്തെ ഒരു നിമിഷമെങ്കിലും ഒരുവൻ മ
റക്കുന്നതായാൽ ദൃശ്യവസ്തുക്കൾ (വിഷയങ്ങൾ) അവനെ
തൽക്ഷണം അതിക്രമിക്കാതിരിക്കയില്ല. ചിന്മാത്രസ്വഭാ
വമാകുന്ന തൻെറ സ്വരൂപം കാണിനേരംപോലും ഒരുവ
ൻ മറക്കാതിരിക്കുന്നുണ്ടെങ്കിൽ ദൃശ്യമാകുന്ന പിശാച് അ
വനെ അടുക്കുകപോലും ചെയ്കയില്ല. അല്ലയോ മഹിപ
തെ! ഒരു ജീവന്നു സുഖവും ദുഃഖവും സ്ഫുരിക്കുന്നത് തന്നെ
യാണ് ബന്ധം. ലേശംപോലും സുഖദുഃഖഭ്രാന്തില്ലാതെ
വന്നീടുന്നതാണ് മോക്ഷം. ശുദ്ധമായ തൻെറ സ്വരൂപ
ജ്ഞാനത്തിൽനിന്നു, അഭിന്നമായി സത്യമായീടുന്ന ത
ത്വാനുഭവംകൊണ്ടു സുഖദുഃഖാദികളെ ത്യജിക്കുന്നതാ

യാൽ അവൻ ജീവന്മുക്തനായെന്നു നിശ്ചയമാണ്. രാജാവെ! സർവ്വവും ചിദാകാശബ്രഹ്മമാകുന്നു എന്ന നിശ്ചയം സിദ്ധിക്കുന്നതായാൽ ആ ജീവന്നു പിന്നെ വന്നുചേരേണ്ടതു് ഒന്നുമില്ല. എത്രയും വലുതായി കാണപ്പെടുന്ന ഈ ജഗത്ത് ആത്മസ്വരൂപത്തിൽ നിന്നുളവായതാകുന്നു. അതു് വാസനാനിമിത്തം സ്ഥിതിയെ പ്രാപിച്ച് ധർമ്മാധർമ്മങ്ങൾക്കധീനമായി നില്ക്കുന്നു. ഹേ ബുദ്ധിശാലിയായ രാജാവെ! വാസനയെ നിശ്ശേഷം നശിപ്പിച്ചു ധർമ്മാധർമ്മങ്ങളാകുന്ന ബന്ധനത്തിൽനിന്നു മോചിക്കുന്നതായാൽ ആ ജീവൻ പിന്നെ ജനിക്കുകയില്ലെന്നുള്ളതു് ഞങ്ങളുടെ മതസിദ്ധാന്തമാകുന്നു. ബ്രാഹ്മണവേഷധാരിയായ ചൂഡാല ഇപ്രകാരമെല്ലാം പറഞ്ഞപ്പോൾ ഏററവും സന്തോഷത്തോടുംകൂടി

രാജാവ്—അല്ലയോ ഗീർവ്വാണപുത്ര! ഉദാരബുദ്ധിയായ നിങ്ങളുടെ വാക്കുകൾ കേൾക്കുന്തോറും അമൃതപാനം ചെയ്തപോലെ എന്റെ മനസ്സ് കുളുക്കുന്നു. ഭവാന്റെ ഉല്പത്തിയെ എത്രയും സംക്ഷേപമായിട്ട് എനിക്കു പറഞ്ഞുതന്നാലും, എന്നതിൽപിന്നെ ജ്ഞാനോപദേശത്തിന്നു ഞാൻ ആഗ്രഹിച്ചുകൊള്ളാം. ബ്രഹ്മപുത്രനായ ആ മഹാമുനി തന്റെ വീര്യത്തിനെ പിന്നെയെന്താണ് ചെയ്തത്?

അല്ലയോ ധരണീപതെ! കേട്ടാലും, മഹർഷി പെട്ടന്നു സ്വമനസ്സാകുന്ന ആ മത്തവാരണത്തിനെ ശുദ്ധബുദ്ധിയാകുന്ന കയർകൊണ്ടു വിവേകമാകുന്ന കുററിയോടു് താളച്ചിട്ടു, പാർശ്വഭാഗത്തിലിരിക്കുന്നതായ സ്ഫടികപാത്ര

ത്തിൽ തന്റെ വീൎയ്യത്തെ നിക്ഷേപിച്ചു, തന്റെ സങ്കല്പ ത്താൽ ഉണ്ടായതായ ക്ഷീരം ആയതിൽ നിറച്ചുവെച്ചു. ഒ രു മാസത്തിന്നുള്ളിൽ ആ രേതസ്സ് കുടത്തിൽനിന്നു വള ൎന്നു പരിപൂൎണ്ണമായ സൎവ്വാംഗങ്ങളോടുംകൂടി പൂൎണ്ണചന്ദ്ര നെപ്പോലെ പുറത്തുവന്നു. ആ കുമാരൻ സൎവ്വസംസ്കാരസ മ്പന്നനായി തന്റെ അച്ഛന്റെ അടുക്കെനിന്നു സൎവ്വ വി ദ്യകളും അഭ്യസിച്ചു. ഒരു ദിവസം അച്ഛൻ മകനേയും കൂ ട്ടി തന്റെ പിതാവായ വിധിയുടെ അടുക്കെ പോയി. തന്റെ പൌത്രനെക്കണ്ടു, അതിവാത്സല്യത്തോടും കൂടി ബ്രഹ്മാവ് ജ്ഞാനപാരംഗതനാക്കി ആലിംഗനംചെയ്തു. അല്ലയോ രാജാവേ! അങ്ങയോട് സംസാരിക്കുന്ന ഈ ഞാനാണ് കുംഭസംഭവനും, ബ്രഹ്മപൌത്രനും ആയ അ കുംഭൻ. അല്ലയൊ രാജാവെ! എന്റെ വാസ്തവരൂപത്തെ ബോധിച്ചതിനാൽ ഒക്കേയും ഒരു ലീലമാത്രമായിട്ടാണ് ഞാൻ കരുതുന്നത്. എന്റെ സുഹൃത്തുകൾ നാല് വേ ദങ്ങളാകുന്നു. സരസ്വതി ദേവിയാണ് എന്റെ മാതാ വ്. ഗായത്രി എന്റെ മാതാവിന്റെ സഹോദരിയാ ണ്. വിഷ്ടപം മുഴുവനും എനിക്കു ഇഷ്ടപ്രകാരം സഞ്ച രിക്കുവാൻ സാധിക്കും.

രാജാവ് അമൃതിനെ അതിക്രമിക്കത്തക്ക വാക്കുകളെ കോരിച്ചൊരിയുന്ന ഭവാനെ ഇന്നു ഞാൻ കാണുകയാൽ എന്നേപ്പോലെയുള്ള ധന്യൻ ലോകത്തിൽ വേറെ ആരു മില്ലെന്നു നിശ്ചയമാണ്. സജ്ജനസംസൎഗ്ഗത്താൽ കിട്ടു ന്നതായ സുഖംപോലെ രാജ്യലാഭാദികളെകൊണ്ടൊന്നും

ഇതുവരെ യാതൊരു സുഖവും എനിക്കു സിദ്ധിച്ചിട്ടില്ല.

കുംഭൻ– ഇരിക്കട്ടെ, അക്കഥ അവിടെ നില്ക്കട്ടെ. എന്റെ സൎവ്വ വിവരങ്ങളും ഞാൻ അങ്ങയോട് പറഞ്ഞുവല്ലൊ. നിങ്ങൾ ആരാണ്? എന്താണ് ഇവിടുന്നു ചെയ്യുന്നത്? നിങ്ങളുടെ വിവരങ്ങളൊക്കെയും ചുരുക്കമായി എന്നോടു പറഞ്ഞുതന്നാലും.

രാജാവ്– അല്ലയോ ദേവപുത്രാ! നിങ്ങൾക്കു കഴിഞ്ഞതും വരാനുള്ളതും അറിയുവാൻ ശക്തിയുണ്ടെന്നു ഞാൻ അറിയുന്നു. എങ്കിലും പറയേണമെന്നു എന്നോടു ആവശ്യപ്പെടുന്നതുകൊണ്ട് ഒക്കെയും ഞാൻ പറയാം. അല്ലയോ മഹാത്മാവെ! എന്റെ മനസ്സിനുണ്ടായ സംസാരഭയം കൊണ്ടാണ് ഞാൻ ഈ കാട്ടിൽവന്നു താമസിക്കുന്നത്. ഞാൻ രാജാവായിരുന്നു. എന്റെ രാജത്വം ഞാൻ ഉപേക്ഷിച്ചിട്ടാണ് ഇവിടുത്തേക്കു വന്നിട്ടുള്ളത്. എന്റെ പേർ ശിഖിദ്ധ്വജൻ എന്നാണ്. ഇനിയും ഞാൻ ജന്മമെടുക്കേണ്ടിവരുമെല്ലൊ എന്നുള്ള ഭയമാണ് എനിക്കു സഹിപ്പാൻ സാധിക്കാത്തത്. എത്ര കൎമ്മം ചെയ്തിട്ടും എന്റെ മനസ്സിന്നുണ്ടാകുന്ന ഭയം തീരുന്നില്ല.

കുംഭൻ—ഹേ രാജാവേ! എന്തിനാണ് നിങ്ങൾ ഭയപ്പെടുന്നത്. ജ്ഞാനമാണ് പരമശ്രേയസ്സ്. ജ്ഞാനംകൊണ്ട് നിശ്ചയമായും കൈവല്യം പ്രാപിക്കാം. സ്വാദ്ധ്യായം മുതലായ സൎവ്വ കൎമ്മങ്ങളും നല്ലവണ്ണം ആലോചിക്കുന്നതായാൽ നേരംപോക്കിന്നു മാത്രമേ പററുകയുള്ളൂ. ആത്മജ്ഞാനമില്ലാത്തവൎക്ക് ഗതി കൎമ്മംതന്നെയാണ്,

സന്ദേഹമില്ല. അജ്ഞാനിക്ക് തന്റെ വാസനകൊണ്ട് കൎമ്മങ്ങൾ സഫലമാകുന്നു. അല്ലയൊ രാജാവേ! വാസനയുടെ നാശംനിമിത്തം ജ്ഞാനിക്ക് കൎമ്മം നിഷ്ഫലമാകുന്നു. ഒരു ഋതുവിങ്കലുണ്ടായ പുഷ്പങ്ങൾ മറെറാരു ഋതുവിങ്കൽ എങ്ങിനെ നശിക്കുന്നുവോ അതേപ്രകാരമാകുന്നു വാസനാനാശത്തിൽ ജ്ഞാനിക്ക് കൎമ്മഫലങ്ങളും നശിക്കുന്നത്. വാസനകൂടാതെയുള്ള കൎമ്മം ജന്മാന്തരത്തിൽ ഫലത്തെ തരികയില്ല. കാണുന്നതൊക്കെയും ബ്രഹ്മമാണെന്നുള്ള ഭാവന ഏതൊരു ജീവന്ന് ഉണ്ടാകുന്നുവോ അവന്റെ വാസന നിശ്ശേഷം നശിച്ചുപോകുന്നു. അവന്നു പിന്നെ ജന്മം ഉണ്ടാകുന്നില്ല. അവൻ മഹത്തായിരിക്കുന്ന സ്വസ്വരൂപം പ്രാപിക്കുന്നു. ജ്ഞാനംകൊണ്ട് ഏതൊരു ജീവൻ ജ്ഞേയത്തെ പ്രാപിക്കുന്നുവൊ അവൻ പിന്നെ ജനിക്കുന്നില്ല. ജ്ഞാനമാകുന്നു ഏററവും ശ്രേയസ്സെന്നു ബ്രഹ്മാവു മുതലായ എല്ലാ മഹാന്മാരും പറയുന്നു. ജ്ഞാനമുള്ളവൻ സംസാരത്തെ കടക്കുന്നു. എന്താണ് നിങ്ങൾക്ക് ജ്ഞാനമില്ലാതെ ഇങ്ങിനെ ഇരിക്കുന്നത്. ഞാൻ ആരാണെന്നും, എങ്ങിനെയാണ് ഞാൻ ഉണ്ടായതെന്നും, ഈ കാണുന്ന ജഗത്ത് എങ്ങിനെയാണ് നശിക്കുന്നതെന്നും വിചാരിച്ചറിയാതെകണ്ട് ഒരു മൂഢനെപോലെ, അല്ലയോ രാജാവേ! താൻ എന്തിനാണ് കാലം കഴിക്കുന്നത്? ബന്ധം എന്നുവെച്ചാൽ എന്താണെന്നും മോക്ഷം എങ്ങിനെയുള്ളതാണെന്നും തത്വജ്ഞന്മാരെ സേവിച്ചിട്ട് എന്തുകൊണ്ട് താൻ ചോദിച്ചറിഞ്ഞില്ല. സമദൃഷ്ടികളായിരിക്കുന്ന സാധുക്കളോട് അന്വേഷി

ച്ചെങ്കിൽ ദുസ്തരമായ സംസാരത്തെ കടക്കുവാനുള്ള യു
ക്തി മനസ്സിലാകും.

ദേവരൂപിണിയായ തന്റെ ഭാൎയ്യയാൽ പ്രബോ
ധിതനായ രാജാവ് കണ്ണിൽ വെള്ളവും നിറച്ചുകൊണ്ട്,

രാജാവ്— അല്ലയൊ ദേവപുത്രാ! ഭവാൻനിമിത്തം
ഇപ്പോൾ എനിക്കു തത്വബോധമുണ്ടായി. സജ്ജനസംഗ
വും വെടിഞ്ഞു ഈ മഹാവനത്തിൽ ഞാൻ താമസി
ക്കുന്നത് എന്റെ മൂഢത്വംകൊണ്ടുതന്നെയാണ്. ഭവാ
ന്റെ ഉപദേശത്താൽ എന്റെ പാപമെല്ലാം ഒടുങ്ങിയെ
ന്നു ഞാൻ കരുതുന്നു. എന്റെഗുരുവും, പിതാവും, സ്നേഹി
തനും അങ്ങുന്നു തന്നെ. നിങ്ങളുടെ ചരണാരവിന്ദങ്ങളെ
ശിഷ്യനായ ഞാനിതാ നമസ്കരിക്കുന്നു. ഏതൊന്നാണ്
എത്രയും ഉൽകൃഷ്ടമായത്, ഏതൊന്നിനെ അറിഞ്ഞാൽ
ദുഃഖം നീങ്ങും, ഏതൊന്നുകൊണ്ടാണ് ഞാൻ നിൎവൃത
നാകുന്നത്, ആയത് പ്രീതിയോടുംകൂടി എനിക്കു ഉപദേ
ശിച്ചുതന്നാലും.

കുംഭൻ— ഞാൻ ഒരു ഉപദേഷ്ടാവാണെന്നു രാജാ
വിന്നു തോന്നുന്നുണ്ടെങ്കിൽ പറയാം. നേരംപോക്കായി
ട്ടാണ് എന്നെ ഒരു ഉപദേഷ്ടാവാണെന്നു കരുതുന്നതെ
ങ്കിൽ എന്റെ ഉപദേശം യാതൊന്നും ഫലമായി വരി
കയില്ല.

രാജാവ്— അല്ലയോ മഹാദേവാ! ഭവാന്റെ ഉപ
ദേശം എനിക്കു വേദവാക്യത്തിന്നു തുല്യമാകുന്നു. എ
ന്റെ വാക്ക് സത്യമാണെന്നും, ഭവാന്റെ ഉപദേശം
വേദവാക്യംപോലെ ഞാൻ അനുഷ്ഠിക്കുമെന്നും അറിയുക.

കുംഭൻ — നല്ലത് രാജാവെ! അച്ഛൻെറ വാക്ക് മകൻ സ്വീകരിക്കുംപ്രകാരം എൻെറ വാക്കിനെ ഭവാൻ സ്വീകരിക്കുക. ഒന്നാമതായി ഞാൻ ഒരു കഥ പറയാം പിന്നെ പ്രകൃതത്തിലേക്ക് പ്രവേശിക്കാം.

അല്ലയോ രാജാവെ! സർവ്വശാസ്ത്രങ്ങളേയും അറിയുന്ന അതിഗുണവാനായ ഒരു മനുഷ്യൻ ഉണ്ടായിരുന്നു. പക്ഷെ ആത്മജ്ഞാനം അദ്ദേഹത്തിന് ലേശംപോലും ഉണ്ടായിരുന്നില്ല. വളരെ അദ്ധ്വാനത്താൽ കിട്ടേണ്ടതായ ചിന്താമണിക്ക് വേണ്ടി ആയാൾ പ്രയത്നിക്കുവാൻ തുടങ്ങി. ആയാളുടെ അതി പ്രയത്നത്തിൻെറ ഫലമായി ചിന്താമണി ആയാൾക്ക് കുറെകാലംകൊണ്ടധീനത്തിലായി. അത്യുത്സാഹികളായ പുരുഷന്മാൎക്ക് സാധിക്കാത്തത് ലോകത്തിൽ ഒന്നുമില്ല. ചന്ദ്രബിംബംപോലെ തൻെറ മുമ്പിൽ പ്രകാശിച്ചുംകൊണ്ടിരിക്കുന്ന ചിന്താമണിയെ കണ്ടിട്ടു അതിനെ കരസ്ഥമാക്കാതെ ബോധമില്ലാത്തവനെന്നപോലെ പലതും ആലോചിച്ചു തുടങ്ങി. ഇതൊരു രത്നമാണെന്നു എനിക്കു തോന്നുന്നില്ല. പക്ഷെ രത്നമാണെങ്കിലും ചിന്താമണി അല്ലന്നു നിശ്ചയം തന്നെ. എത്രയോ പ്രയാസപ്പെട്ട് കിട്ടേണ്ടതായ ചിന്താമണി ഇത്ര പെട്ടെന്നു ഒരിക്കലും കിട്ടി വരാൻ പാടുള്ളതല്ല, അഥവാ കിട്ടുന്നുണ്ടെങ്കിൽ തന്നെ ഒരു ജീവകാലം മുഴുവൻം അദ്ധ്വാനിച്ചാൽ ജീവകാലം നശിക്കാറാകുമ്പോൾ മാത്രമെ കിട്ടി വരികയുള്ളു. അങ്ങിനേയാണല്ലൊ ചിന്താമണിയെപ്പററിയുള്ള ഐതിഹ്യം. എൻെറ കൃപണതകൊണ്ടു ഇളകുന്ന തീക്കൊള്ളിപോലെ തിളങ്ങി

ക്കൊണ്ടിരിക്കുന്ന രത്നത്തിങ്കൽ എനിക്കുള്ള ഭ്രമംകൊണ്ടു ഇരട്ട ചന്ദ്രനെപ്പോലെ ഞാൻ എന്തൊ കാണുന്നുണ്ടു. സൎവ്വവും സാധിപ്പിക്കുന്ന ചിന്താമണി ഇപ്പോഴം കിട്ടുവാൻ ഞാൻ ഒരിക്കലും അത്ര ഭാഗ്യവാനായിട്ടില്ല. അതിഃവേഗത്തിൽ സമ്പത്ത് ആൎക്കാണുണ്ടാകുന്നത് അവരാണ് ലോകത്തിൽ ഭാഗ്യവാന്മാരായിട്ടുള്ളവർ. ഞാൻ സാധുക്കളിൽ വെച്ചു സാധുവാണ്. തപസ്സും ഞാൻ കുറച്ചു മാത്രമെ ചെയ്തിട്ടുള്ളു. ഭാഗ്യം ലേശം പോലും ഇല്ലാത്ത എനിക്ക് ഇത്ര പെട്ടന്നനവെ സിദ്ധികൾ വന്നു ചേരുകയില്ല. ഇപ്രകാരമുള്ള അനേകം ദുൎവ്വിചാരങ്ങളെക്കൊണ്ടു തന്റെ മനസ്സിനെ ചിത്തപ്പെടുത്തി, തന്റെ മൂഢതയാൽ മോഹിതനായിട്ട് ചിന്താരത്നത്തിനെ തൊട്ടതേയില്ല. സിദ്ധികളെ ആർ ബഹുമാനിക്കുന്നില്ലയൊ അവരെ സിദ്ധികൾ ത്യജിക്കുമെന്നു നിശ്ചയമാണ്. ചിന്താരത്നം അദ്ദേഹം കാണാത്തവിധം മറഞ്ഞുപോയെന്നു പറഞ്ഞാൽ മതിയല്ലൊ. താൻ കണ്ടതു ചിന്താരത്നമല്ലന്നുള്ള ദൃഢനിശ്ചയത്തോടുംകൂടി അദ്ദേഹം പിന്നേയും കഠിനമായ തപസ്സുചെയ്തു. ഉത്സാഹശീലന്മാർ തങ്ങളുടെ കാൎയ്യസാദ്ധ്യം വരാതെ പ്രവൃത്തിയിൽ നിന്നു പിൻമാറുകയില്ലന്നുള്ളത് സാധാരണയാണല്ലൊ. കുറച്ചുകാലം കഴിഞ്ഞപ്പോൾ പരിഹാസം ചെയ്യുന്നവരായ ചില സിദ്ധന്മാർ അദ്ദേഹത്തെ വഞ്ചിപ്പാൻവേണ്ടി ഒരു കുപ്പിമണി അറിയാതെ അദ്ദേഹത്തിന്റെ മുമ്പിൽ കൊണ്ടുവെച്ചു. അല്ലയോ രാജാവേ! മൂഢനായ അദ്ദേഹം ചിന്താമണിയെന്നു വിചാരിച്ചു കുപ്പിക്കഷണത്തേയും എ

ടുത്തു എന്തിന്നാണ് എനിക്കിനി ധനം, ഒക്കെയും എനിക്ക് ഈ ചിന്താമണിയാൽ കിട്ടുമല്ലൊ എന്നുള്ള ദുരാശയോടുംകൂടി, ഉള്ളതായ സമ്പത്തൊക്കെ ത്യജിച്ചു, അനേകം ദുഷ്ടന്മാരുള്ള രാജ്യമാണിത്, ഇവിടെ ഇനി താമസത്തിന്ന് കൊള്ളുകയില്ല, എന്നൊക്കെ കരുതി തനിക്കു സ്വന്തമായി സുഖമനുഭവിക്കേണമെന്നുള്ള ദുരാശയാൽ ജനസഞ്ചാരമില്ലാത്ത ഒരു കാട്ടിൽപോയി കൂടി. ആ കാട്ടിൽനിന്നു ആയാൾ ഏററവും കഷ്ടപ്പെട്ടു കഴിഞ്ഞു.

അല്ലയോ മഹീപതെ! ഇനിയും ഞാനൊരു കഥ പറയാം. ആയത് താങ്കളുടെ ചരിത്രത്തോട് തുല്യമാണെന്നു മാത്രമല്ല, പല അറിവുകളും അതിൽനിന്നുണ്ടാവാനും സംഗതി ഉണ്ടു. ആനകൾക്കൊക്കെ രാജാവായി വിന്ധ്യാകാനനത്തിൽ ഒരു ഗജശ്രേഷ്ഠനുണ്ടായിരുന്നു. വജ്രത്തേക്കാൾ കഠിനങ്ങളായി വെളുത്തു നീണ്ടതായ രണ്ടു കൊമ്പുകളോടും കൂടിയിരിക്കുന്ന ആ മത്തഹസ്തിയെ നല്ലതായ ഇരിമ്പു ചങ്ങലകൊണ്ടു ഒരു ആനക്കാരൻ കെട്ടിയിട്ടു. കെട്ടു പൊട്ടിക്കുവാൻവേണ്ടി വളരെ പണിപ്പെട്ടു. ഒടുക്കം നാലുനാഴിക സമയംകൊണ്ടു ആ കരിവരൻ ചങ്ങല പൊട്ടിച്ചു. ചങ്ങല പൊട്ടിച്ചതായി കണ്ടു ഉടനെ പനമരത്തിന്മേൽ നിന്നിരുന്ന ആനക്കാരൻ രണ്ടാമതും കെട്ടുവാൻവേണ്ടി ആ കരീന്ദ്രന്റെ മസ്തകത്തിന്മേൽ ചാടി. ദുർമ്മതിയായിരിക്കുന്ന അവന്റെ ചാട്ടം തെററി മസ്തകത്തിന്മേൽ വീഴാതെ അവൻ ഭൂമിയിൽ പതിച്ചു. ദുഃഖിച്ചുംകൊണ്ടു തന്റെ മുമ്പിൽ കിടക്കുന്നതായ ആന

ക്കാരനെ കണ്ട മാത്രയിൽ ആനക്ക് അതിയായ കാരുണ്യമുണ്ടായി. തിൎയ്യക്കുകളായി ഭൂമിയിൽ ജനിച്ചാലും ചിലത്തുകൾക്ക് വലിയ ഗുണങ്ങളുണ്ടായിരിക്കും. ദുഃഖിച്ചുംകൊണ്ടു എന്റെ മുമ്പിൽ കിടക്കുന്ന ഇവനെ ഞാൻ കൊല്ലുന്നത് എന്റെ പൌരുഷത്തിന്ന് മതിയായതല്ല. എന്നു വിചാരിച്ചും കൊണ്ടു ഗജശ്രേഷ്ഠൻ അവിടം വിട്ടുപോയി. ആന വിട്ടതിൽപിന്നെ അവൻ സ്വസ്ഥനായി എഴുനീറ്റു ആനയേയും അന്വേഷിച്ചു നടന്നു. അടുത്തു വേറൊരു കാട്ടിൽവെച്ചു അവൻ ആ ഗജേന്ദ്രനെക്കണ്ടു. ആ കാട്ടിൽ ഒരു സ്ഥലത്തു അവൻ ഒരു കുഴിയുണ്ടാക്കി നല്ലവണ്ണം മൂടി. അതിന്മേൽ ജീൎണ്ണപ്പെട്ട ചില വള്ളികളും മറ്റും കൊണ്ടുവെച്ചു ആനയെ കുഴിയിൽ തള്ളിയിടാനായി ഒളിച്ചുനിന്നു. കാട്ടിൽകൂടി തിന്നു, പുളച്ചു, കളിച്ചു, നടക്കുന്ന ദന്തീന്ദ്രൻ അബദ്ധമായി കുഴിയിൽ വീണു. ആന ഇങ്ങിനെ ആനക്കാരനാൽ വീണ്ടും ബദ്ധനായി. ഇന്നും ആന ദുഃഖിച്ചുംകൊണ്ടു കാലം കഴിക്കുന്നു. തന്റെ പുരോഭാഗത്തിൽ വീണുകിടക്കുന്ന വിരോധിയെ അന്നു നീണ്ടതായ തന്റെ തുമ്പിക്കൈകൊണ്ടു കൊന്നിട്ടുണ്ടായിരുന്നുവെങ്കിൽ ഇന്നു കുഴിയിൽ പതിപ്പാനും, ദുഃഖിപ്പാനും സംഗതിയുണ്ടൊ. അല്ലയൊ മതിമൻ! ആലോചിച്ചാലും, മനുഷ്യന്മാർ മൂഢതകൊണ്ടു വരാനുള്ള കാലത്തെ അവസ്ഥ വൎത്തമാനകാലത്തെ ക്രിയകൊണ്ടു ആലോചിയാതെ വിന്ധ്യാവാരണത്തെപ്പോലെ ദുഃഖികളായി ഭവിക്കുന്നു.

രാജാവ് — അല്ലയോ സുരനന്ദനാ! ഭവാൻ പറഞ്ഞതു താ

യ ഈ കഥകൾ എന്തിനെ സൂചിപ്പിച്ചിട്ടാണെന്നറിവാൻ എനിക്കാഗ്രഹമുണ്ട്.

ചിന്താമണി വിവരണം.

കുംഭൻ—രാജാവെ! കേട്ടാലും, ശാസ്ത്രാൎത്ഥങ്ങളെ നല്ലവണ്ണം അറിഞ്ഞവനും തത്വജ്ഞാനത്തിൽ അറിവില്ലാത്തവനുമായ പുരുഷൻ ചിന്താരത്നത്തിന്നുവേണ്ടി ഉത്സാഹിച്ചു എന്നു ഞാൻ പറഞ്ഞത്, താങ്കളെ ഉദ്ദേശിച്ചാണ്. ശാസ്ത്രാൎത്ഥങ്ങളെല്ലാം താൻ നല്ലപോലെ മനസ്സിലാക്കിട്ടുണ്ട്. തത്വവിചാരത്തിലേക്കു താങ്കളുടെ ബുദ്ധി പ്രവേശിച്ചിട്ടില്ല. ഹേ രാജാവെ! അല്പംപോലും കൃത്രിമമില്ലാത്ത സൎവ്വ സന്ന്യാസത്തെയാണ് ചിന്താമണിയായി ഞാൻ പ്രസ്താവിച്ചിട്ടുള്ളതു. കീൎത്തിപ്പെട്ടതായ രാജ്യം, പതിവ്രതയായ ഭാൎയ്യ, ബന്ധുക്കൾ, സമ്പത്ത് ഇവയൊക്കേയും വിട്ടിട്ടാണ് ഭവാൻ ഈ കാട്ടിൽ താമസിക്കുന്നത്. സൎവ്വ ആധികളും തീൎക്കാനായി താങ്കൾ അത്യുത്സാഹത്തോടുംകൂടി പ്രവൎത്തിക്കുന്നു. താങ്കളുടെ സൎവ്വ സന്ന്യാസത്തിൽ "ഞാൻ" എന്നുള്ള ബുദ്ധി നശിക്കുന്നില്ല. "ഞാൻ" എന്നുള്ള ബുദ്ധി എതുവരെ നശിക്കുന്നില്ലയോ അതുവരെക്കും നിങ്ങളുടെ സൎവ്വസന്ന്യാസം പൂൎണ്ണമാകുകയില്ല. ഏററവും മഹത്താകിയ ആ സൎവ്വ സന്ന്യാസം ഇതൊന്നുമല്ല. ആയത് വേറെ തന്നേയാണ്. താങ്കൾ ഇപ്പോൾ ചെയ്യുന്ന കൎമ്മംകൊണ്ടും, വിചാരംകൊണ്ടും, താങ്കളുടെ വികല്പം വൎദ്ധിക്കുകയാണുണ്ടായിട്ടുള്ളതു. അല്പമായി താങ്കളിൽ ഉണ്ടായിരുന്ന ത്യാഗമാകുന്ന ചിന്താരത്നം

PUTHIYARA

ചൊല്ലോയശേഷം തപസ്സാകുന്ന കല്പിമണി[illegible]മാകുന്ന നിങ്ങളുടെ കണ്ണുകൊണ്ടു കണ്ടു അറി[illegible]ാണ് താങ്കൾ ചിന്താമണിയെന്നു നിശ്ചയിച്ചത്. എളുപ്പമായി സാധിക്കുന്ന പരമാനന്ദത്തെയും വിട്ടു ദുസ്സാദ്ധ്യമായുള്ള വസ്തുക്കളിൽ അത്യഭിമാനം ചെയ്യുന്നവൻ ഭോഷനായിരിക്കുന്ന ആത്മദ്രോഹിയാണെന്നു നിശ്ചയമാണ്. എന്നിക്ക ചിന്താമണി കിട്ടി എന്നോർത്തിട്ടാണ് നിങ്ങൾ ഇവിടെ ഇരിക്കുന്നത്. അല്ലയോ രാജാവേ! സ്ഫടികത്തിന്റെ ഒരു കഷണംപോലും നിങ്ങൾക്കു കിട്ടിയിട്ടില്ലെന്നു ധരിച്ചുകൊൾക.

### ഗജവൃത്താന്ത വിവരണം.

കുംഭൻ — വിന്ധ്യൻകാനനത്തിലുള്ള ഗജശ്രേഷ്ഠൻ എന്നു പറഞ്ഞത് ഭവാനെപ്പററിയാണ്. വാരണേന്ദ്രന്റെ രണ്ടു കൊമ്പുകൾ ഭവാനുള്ളതായ വിവേകവും വൈരാഗ്യവുമാണ്. ആനയെ വളരെ ഉപദ്രവിച്ചതായ ആനക്കാരൻ ഭവാനെ അധഃപതിപ്പിക്കുന്നതായ അജ്ഞാനമാണ്. ഭവാൻ ശക്തനാണെങ്കിലും ശക്തി കുറഞ്ഞതായ അജ്ഞാനംകൊണ്ടു ഭവാൻ ദുഃഖവും, ഭയവും ആനക്കാരനെക്കൊണ്ട് ആന അനുഭവിച്ചത് പോലെ അനുഭവിക്കുന്നു. അല്ലയോ രാജാവെ! ആ ഗജശ്രേഷ്ഠൻ, ഇരിമ്പുചങ്ങലയാൽ ബന്ധനസ്ഥനായി എന്നത്, ആശയാകുന്ന പാശത്താൽ താങ്കൾ ബദ്ധനായി എന്നതിനെയാണ് സൂചിപ്പിച്ചത്. ഉറപ്പും, വലിപ്പവും, കാഠിന്യവും ഇരിമ്പുചങ്ങലയേക്കാൾ എത്രയും അധികമായിട്ടാണ് ആശക്കുള്ളത്; എന്നു ഭവാൻ ഒരിക്കലും വിസ്മരിക്കരുത്. കുറെക്കാലം ചെ

ന്നാൽ ഇരിമ്പ്ചങ്ങല തനിയെ നശിക്കും. ആശക്കു കാലം ചെല്ലുന്തോറും കട്ടപ്പും കൂടുമെന്നു നിങ്ങൾ ധരിക്കേണം. ആ ദന്തിവരൻ ഏതുപ്രകാരമാണ് ചങ്ങലയെ പൊട്ടിച്ചത്; അതുപ്രകാരമാണ് ഭവാൻ ഏത്രയും യോഗ്യതയുള്ള ഒരു രാജ്യത്തെയും സർവ്വ ഭോഗങ്ങളെയും ത്യജിച്ചത്. ആനക്കാരൻ രണ്ടാമത്തും ചാടിയെങ്കിലും ആനമേൽ വീഴാതെ ഭൂമിയിൽ പതിച്ചു എന്നു പറഞ്ഞത്, നിങ്ങൾ രാജ്യത്തെയും ഭോഗജാലങ്ങളെയും വിട്ടു ഉടനെ നിങ്ങൾക്കുണ്ടായ സർവ്വസന്ന്യാസത്താൽ സംഭവിച്ച അജ്ഞാനത്തിന്റെ ഭ്രംശത്തെപ്പറ്റിയാകുന്നു. അല്ലയോ രാജൻ! വൈരാഗ്യമുള്ള പുരുഷൻ ഭോഗാശയെ ത്യജിക്കുവാൻ ഇച്ഛിക്കുമ്പോൾ, തന്നെ ബന്ധിച്ചിട്ടുള്ളതായ അജ്ഞാനം തന്നിൽനിന്നു കിടുകിടെ വിറക്കുമെന്നുള്ളത് പരമാർത്ഥമാണ്. വിവേകിയായ പുരുഷൻ ഭോഗജാലങ്ങളെ വെടിയുമ്പോൾ അജ്ഞാനം ഓടിപ്പോകുമെന്നുള്ളത് നിശ്ചയമാണ്. വനത്തിലേക്ക് താൻ പുറപ്പെട്ടതായ സമയം താങ്കളുടെ അജ്ഞാനത്തിന്നു കേട് പറ്റിയിട്ടുണ്ടായിരുന്നു. പക്ഷെ സർവ്വസന്ന്യാസമാകുന്ന ഖഡ്ഗംകൊണ്ടു അന്നു താൻ അജ്ഞാനശത്രുവിനെ ഛേദിച്ചില്ല. അതിനാൽ ഭവാന്റെ അജ്ഞാനം പിന്നേയും വർദ്ധിച്ചു വൻതപസ്സാകുന്ന കുഴിയിലേക്ക് ഭവാനെ തള്ളിവിട്ടു. അജ്ഞാനമെന്ന ആനക്കാരനാണ് ഭവാന്ന് ദുഃഖമെന്ന കുഴിയെ ഉണ്ടാക്കിയത്. വല്ലികൾ മുതലായവകൊണ്ടു കുഴി മറച്ചു എന്നു പറഞ്ഞത്, ഭവാന്ന് ഉണ്ടായ തപോദുഃഖത്തിന്ന് സജ്ജനാപ്പ

ത്തികൊണ്ടു അല്പമായ മറവുണ്ടായി എന്നതിനെപ്പററിയാണ്. ഭവാൻ ഇപ്പോഴും ഈ തപസ്സാകുന്ന കുഴിയിൽ പെട്ടുഴന്നു ദുഃഖിക്കുന്നു.

ഹേ രാജാവേ! അറിയേണ്ടതിനെ അറിഞ്ഞവളായ ആ സാദ്ധ്വീമണി ചൂഡാല പറഞ്ഞതൊക്കെ എന്തുകൊണ്ടു ഭവാൻ സ്വീകരിച്ചില്ല. തപവിത്തുകളിൽവെച്ച് അവൾ എത്രയും ശ്രേഷ്ഠയാണ്. അവൾ പറയുന്നതും പ്രവൃത്തിക്കുന്നതും ഒക്കേയും സത്യമാണ് അവൾ പറഞ്ഞത് താങ്കൾ സ്വീകരിക്കാത്ത സ്ഥിതിക്ക് താങ്കൾ ചെയ്യുന്ന ഈ സർവ്വസന്ത്യാഗം എന്തുകൊണ്ടു പരിപൂർണ്ണമാക്കി ചെയ്യുന്നില്ല.

രാജാവ്—അല്ലയൊ മഹാത്മാവെ! ഭവാൻ പറഞ്ഞതൊക്കെ ഞാൻ കേട്ടു. ഞാൻ ഇപ്പോൾ രാജ്യത്തെ വെടിഞ്ഞിരിക്കുന്നു. എന്റെ വീടും ഞാൻ വെടിഞ്ഞു. എന്റെ ദേശത്തേയും, ഭാർയ്യയേയും, പുത്രന്മാരേയും, ഞാൻ വെടിഞ്ഞു. ഞാൻ ത്യജിക്കേണ്ടത് ഇനി ഒന്നുമില്ല.

കുംഭൻ—അല്ലയോ രാജാവെ! ധനം, ഗൃഹം, രാജ്യം ഛത്രം, ദാരങ്ങൾ, ബന്ധുക്കൾ ഇവകളൊന്നും നിങ്ങളുടെതല്ല. പിന്നെ എങ്ങിനെയാണ് നിങ്ങൾ സർവ്വസന്ത്യാഗിയായി വരിക. വിടാൻ ഏററവും പ്രയാസമായ വലുതായ രാഗാദികളെ നിങ്ങൾ വേരോടെ നാശിപ്പിക്കുക. അതിൽ പിന്നെ ദുഃഖലേശമില്ലാത്ത ആ പരപദം നിങ്ങൾ പ്രാപിക്കും.

രാജാവ്—അല്ലയൊ ഗീർവ്വാണപുത്രാ! രാജ്യമൊന്നും

എന്റേതല്ലെങ്കിൽ മരം, മല മുതലായതൊക്കെ നിറഞ്ഞതായ ഈ കാട്ടിലാണ് ഞാൻ ഇപ്പോൾ ഇരിക്കുന്നത്. എന്നാൽ അതൊക്കെയും ഇതാ എന്റെ ധീരതയാൽ ഞാൻ വെടിഞ്ഞുകൊള്ളുന്നു. ഇപ്പോൾ ഞാൻ സർവ്വസന്ന്യാസിയായില്ലെ.

കുംഭൻ—ഗിരിയും, വനവും, ശാദ്വലവും, സലിലവും, മരവും, മറ്റും താങ്കളുടെതാണൊ? അല്ല. പിന്നെ അവയൊക്കെ എങ്ങിനെയാണ് ത്യജിക്കുക. ത്യജിക്കാൻ പ്രയാസമായ രാഗാദികളെ താങ്കൾ ത്യജിച്ചു സുഖിയായിരിക്കുക.

രാജാവ്—ഇതൊന്നും എന്റേതല്ലെങ്കിൽ ഈ പർണ്ണശാലയും, കുളവും പാത്രങ്ങളും എന്റേതാണ് ഇതാ അതൊക്കെയും ഞാൻ ത്യജിക്കുന്നു.

കുംഭൻ—ഹേ രാജാവെ! ഇതൊന്നും താങ്കളുടേതല്ല വിടാൻ കഴിയാത്തതായ രാഗാദികളെ വിട്ട് ഭവാൻ സുഖിയായിരിക്കുക.

രാജാവ്—അല്ലയോ സുരനന്ദനാ! പർണ്ണശാല മുതലായതും എന്റേതല്ലെങ്കിൽ ഈ തോലും, കമണ്ഡലുകുംഭാദികളും എന്റേതാണ്. വ്യാജം കൂടാതെ ഞാനിതാ അവകളേയും ഉപേക്ഷിക്കുന്നു. എന്നു പറഞ്ഞുംകൊണ്ട് പൊട്ടുന്നവെ എഴുന്നീറ്റു മാൻതോൽ, അക്ഷമാല മുതലായതൊക്കെ ഒന്നായി ചേർത്തു കുറെ ഉണങ്ങിയ വിറകും കൂട്ടി തീക്കൊടുത്തു മുഴുവനും ഭസ്മമാക്കി. വളരെ സന്തോഷത്തോടുകൂടി ഇങ്ങിനെ പറഞ്ഞു.

ഞാൻ വാസനയെ ദൂരെ അകററിയിരിക്കുന്നു. ഇപ്പോൾ ഞാൻ സൎവ്വസന്ന്യാസിയായി വന്നു. അല്ലയോ ദേവപുത്രാ! ഞാൻ ഭവാനാൽ പ്രബോധിതനായി, ഞാൻ കേവലനായി, ശുദ്ധനായി, അല്പംപോലും ദുഃഖം എന്നിൽ ഇല്ല. ഭവനം, സ്ഥാനം മുതലായതൊക്കെയും ആഗ്രഹിക്കുന്നതാണ് സംസാരം. ഹേ മാന്യാത്മാവെ! ഇവയൊക്കെയും ഉപയോഗമുള്ളതാണെന്നുള്ള സങ്കല്പമാണ് സംസാരം എന്നു ഞാൻ ഇപ്പോൾ വിചാരിക്കുന്നു. നാനാവിധങ്ങളായ ഈവക ബന്ധഹേതുക്കളെ ഒരുവൻ എത്രകണ്ടു അകററുന്നുവോ അവൻ അത്രകണ്ടു ഉൽകൃഷ്ടനായിരിക്കുന്നു. ആനന്ദത്തെ അനുഭവിക്കുന്നു. എന്റെ സൎവ്വ ബന്ധങ്ങളും നീങ്ങി ഇപ്പോൾ ഞാൻ സൎവ്വസന്ന്യാസിയായി വന്നിരിക്കുന്നു.

കുംഭൻ—അല്ലയൊ രാജാവെ! ഭവാൻ ഇനിയും സൎവ്വസന്ന്യാസിയായിട്ടില്ല. ഞാൻ സൎവ്വസന്ന്യാസിയായെന്നും, ഞാൻ ആനന്ദത്തെ അനുഭവിക്കുന്നെന്നും താങ്കൾ വെറുതെ പറയുന്നതാണ്. താങ്കളുടെ ഈ വിചാരം ശരിയല്ല.

രാജാവ്—ഒന്നു ഞെട്ടി. ശരിതന്നെ ഇന്ദ്രിയങ്ങളാകുന്ന ഘോരസൎപ്പങ്ങൾ വസിക്കുന്നേടം, രക്തം, മാംസം, അസ്ഥി മുതലായവകളെക്കൊണ്ടുണ്ടാക്കപ്പെട്ടതുമായ ഈ ശരീരം ഞാൻ ഉപേക്ഷിക്കേണ്ടതുണ്ടു. ഈ കാണുന്ന പൎവ്വതത്തിന്മേൽ കയറി താഴെ ചാടിയാൽ എനിക്ക ഈ ശരീരത്തെയും നശിപ്പിച്ചു സൎവ്വസന്ന്യാസിയായിരിക്കാം, സംശയമില്ല, എന്നു പറഞ്ഞുംകൊണ്ടു പൎവ്വതത്തിന്മേൽ കയറുവാൻ ഉത്സാഹിക്കുന്ന രാജാവോട് ഇങ്ങിനെ പറഞ്ഞു:

കുംഭൻ—ഹേ രാജൻ! യാതൊരു കുററവും ചെയ്യാത്ത ഈ ശരീരത്തെ താങ്കൾ എന്തുചെയ്യാൻ ഭാവിക്കുന്നു. ഭവാൻ മഹാ അജ്ഞാനി തന്നെ സംശയമില്ല. ശരീരത്തെ ത്യജിച്ചത്കൊണ്ടു താങ്കൾ സർവ്വസന്ന്യാസിയായി വരികയില്ല. ശരീരത്തോടു കൂടിയിരുന്നിട്ടാണ് സർവ്വസന്ന്യാസം ശീലിക്കേണ്ടത്. അല്ലയോ പാർത്ഥിവേശ്വരാ! യാതൊന്നുകൊണ്ടാണ് ശരീരം ക്ഷോഭിക്കുന്നത്, ജന്മകർമ്മങ്ങൾക്കുള്ള വിത്ത് യാതൊന്നാണ്, ത്യജിക്കേണ്ടതായ അതിനെ ത്യജിച്ചെങ്കിൽ നിങ്ങൾ മഹാ ത്യാഗിയായി, സംശയമില്ല.

രാജാവ— അല്ലയോ ഗുരുനാഥാ! ഏതൊന്നാണ് ശരീരത്തെ ക്ഷോഭിപ്പിക്കുന്നത്, എന്താണ് ജന്മകർമ്മങ്ങൾക്കുള്ള ബീജം, കരുണയോടും കൂടി എനിക്ക് അതിനെ പറഞ്ഞുതരിക.

മാന്യ വായനക്കാരെ! രാഗാദികളെപ്പററി ചുരുക്കമായി വിവരിക്കാം. രാഗാദികളെ ത്യജിപ്പാനാണ് ചൂഡാല ആദ്യം തന്നെ ഉപദേശിച്ചിട്ടുള്ളത്. ശരീരത്തെ ക്ഷോഭിപ്പിക്കുന്നതും ജന്മകർമ്മങ്ങൾക്കുള്ള ബീജവും രാഗാദികൾ തന്നെയാണ്. രാഗാദികളാണ് ഒരു മനുഷ്യനെ അധഃപതിപ്പിക്കുന്നത്. സങ്കല്പമാണ് മനസ്സിൻെറ വൃത്തിയെന്നും, സങ്കല്പനാശമാണ് മോക്ഷത്തിന്നു കാരണമെന്നും പല ദിക്കിലും പറഞ്ഞിട്ടുണ്ട്. സങ്കല്പം രാഗാദികളെക്കൊണ്ടും, രാഗാദികൾ സങ്കല്പംകൊണ്ടുമാണ് വർദ്ധിക്കുന്നത്. രണ്ടും അന്യോന്യാശ്രയമായി തോന്നുന്നുണ്ടു. രാഗാദിവൃത്തികൾ ആകെ പതിമൂന്നാണ്. രാഗം,

ദ്വേഷം, കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സൎയ്യം, ഈൎഷ്യ, അസൂയ, ദംഭം, ദൎപ്പം, അഹംകാരം ഇവകൾക്കൊക്കെ തമ്മിൽ അല്പാല്പമെ വ്യത്യാസമുള്ളു.

1. രാഗം എന്നുവെച്ചാൽ രതിസുഖത്തിങ്കലുള്ള ഇഛ്ശയാണ്. സ്വപത്നിയിങ്കലുള്ള സ്നേഹംകൊണ്ടു ഒരാൾ രാഗിയാകയില്ല. ഭാൎയ്യയെ ഉപേക്ഷിക്കേണമെന്ന് ചില ആചാൎയ്യന്മാർ പറഞ്ഞിട്ടുണ്ട്, ആയത് ഭാൎയ്യയെ ഉപേക്ഷിക്കേണമെന്ന അൎത്ഥത്തിലല്ല. ഭാൎയ്യാത്വത്തെ ഉപേക്ഷിച്ചു ഭാൎയ്യയിങ്കലും ഈശ്വരത്വം അഭേദമായി കാണേണമെന്ന അൎത്ഥത്തിലാണ്. ഭാൎയ്യാഭൎത്താക്കന്മാൎക്ക് ഒന്നായി ജീവന്മുക്തന്മാരാവാൻ സാധിക്കുമെന്നു പ്രസ്തുതചരിത്രംതന്നെ നമ്മോടുപദേശിക്കുന്നുണ്ട്. സ്ത്രീകളിൽ ആസക്തിയുള്ളവൻ രാഗിയാണ്.

2. ദ്വേഷം— വല്ല കാരണത്താലും ഒരു ജീവനിൽ ശത്രുത്വം ആരോപിക്കുക, അതിൽ പിന്നെ ആ ജീവന്റെനേരെ പകവെച്ചു വല്ല പ്രതികാരവും ചെയ്യേണമെന്നു സദാ വിചാരിക്കുക. ഇതാണ് ദ്വേഷം.

3. കാമം—ധനം മുതലായതിലുള്ള അതിയായ ആഗ്രഹം, ഞാൻ ധനികനായില്ലല്ലൊ, ഞാൻ ധനികനായിരുന്നാൽ എന്തൊക്കെ ചെയ്യുമായിരുന്നു, എന്നിപ്രകാരമുള്ള മനോരാജ്യത്താൽ മനസ്സിനെ നിറക്കുന്നതാണ് കാമം.

4. ക്രോധം—ഓരോന്നിനേയും ആഗ്രഹിച്ചു, ആയത് സാധിപ്പാനായി ഓരോ വഴികളും കണ്ടുപിടിച്ചു, കാൎയ്യം സാധിക്കുമെന്നുള്ള സന്തോഷത്തോടുംകൂടിയിരിക്കു

മ്പോൾ അതിന്ന വിഘ്നം നേരിടുന്നതായാൽ ഉണ്ടാകുന്നതായ മനോവികാരമാണ് ക്രോധം.

5. ലോഭം—എങ്ങിനെ ആൎജ്ജിച്ചാലും വേണ്ടതില്ല, തന്റെ ഒരു പൈ ആകട്ടെ ഒരു സാധനമാകട്ടെ അന്യജീവിക്ക കൊടുക്കാതിരിക്കുക, മഹാ ലുബ്ധനായി യാതൊരു ഉപകാരവും അന്യജീവന് ചെയ്യാതിരിക്കുക, ഇതാണ് ലോഭം.

6. മോഹം—എനിക്ക വേണ്ടതൊക്കെയും എന്റെ അടുക്കെ ഉണ്ട്. എനിക്കിനി ഒന്നും പ്രവൃത്തിക്കാൻ കഴിയുകയില്ല, ഒന്നും എനിക്ക കിട്ടേണ്ടതും ഇല്ല, എന്നുള്ള വിചാരത്തോടുംകൂടി താൻ ചെയ്യേണ്ട കൃത്യം ഒന്നും ചെയ്യാതെ സ്വസ്ഥനായിരിക്കുന്നതാണ് മോഹം.

7. മദം—ലോകത്തിൽ എന്നെക്കാൾ ധനികൻ ആരുണ്ട്, എനിക്ക് ധനംകൊണ്ട് സാധിക്കാത്തതു ഒന്നുമില്ല, എന്റെ ജീവകാലം മുഴുവൻ ഇഷ്ടപ്രകാരം ചിലവുചെയ്താലും എന്റെ ധനം ഒടുങ്ങുകയില്ല, ഈശ്വരനുംകൂടി എന്നെ ഒന്നും ചെയ്‌വാൻ സാധിക്കുന്നതല്ല, എന്നീപ്രകാരമുള്ള വിചാരമാണ് മദം.

8. മാത്സൎയ്യം—അവന്റെ അധീനത്തിൽ കുറെ ധനമുണ്ട്, ധനംകൊണ്ട് അവൻ മദിച്ചിരിക്കുന്നു, എന്റെ ധനം കുറെ നശിച്ചാലും വേണ്ടതില്ല, അവന്റെ ധനം മുഴുവൻ ഞാൻ നശിപ്പിക്കും, എന്റെ ജീവകാലത്തിൽ അവനെ ഞാൻ ഉയൎത്തുകയില്ല, ഈ വിധം വിചാരം മാത്സൎയ്യമാണ്.

9. ഈൎഷ്യ—ഞാൻ ഒരു തെറ്റും ചെയ്യാത്തവൻ,

ഒരു ജീവിക്കുപോലും എന്റെ ഈ പ്രായത്തിലിടക്ക് ഒരു ഉപദ്രവവും ഞാൻ ചെയ്തിട്ടില്ല, എന്നാൽ കഠിനദ്രോഹികൾ എത്ര സുഖത്തിൽ നടക്കുന്നു, നിൎദ്ദോഷിയായ എനിക്കു ഈ ദുഃഖം വരുവാൻ കാരണമെന്ത്, ഇനിമേലാൽ ഞാൻ ഒരാൾക്കും ഒരുപകാരവും ചെയ്കയില്ല, ഇക്കാലം ഉപദ്രവം ചെയ്യുന്നവൎക്കാണ് സുഖം. ഈ വിചാരമാണ് ഈൎഷ്യ.

10. അസൂയ—ലോകത്തിൽ എന്നേക്കാൾ സുഖിയനായി ആരും ഉണ്ടായിരിക്കരുത്, ഈ ലോകത്തിൽ എന്നേക്കാൾ സുഖമെട്ടുകുവാൻ അധികാരമുള്ളവർ ആരും ഇല്ല, ഞാൻ നിശ്ചയമായും ലോകത്തിൽ ഒരു പ്രധാന സുഖിയനാവാതിരിക്കയില്ല. ഈ വിചാരമാണ് അസൂയ.

11. ഡംഭം—ഞാൻ അനേകം ധൎമ്മം ചെയ്യുന്നു, പലൎക്കും നല്ല നല്ല ഉപദേശങ്ങളെ കൊടുക്കുന്നു, ഞാൻ ലോകത്തിൽ എത്ര കീൎത്തിയുള്ളവൻ, എന്റെ കീൎത്തി ലോകം മുഴുവനും പുകഴുന്നു, നോക്കുക ഞാൻ ലോകപ്രസിദ്ധൻ. ഇതാണ് ഡംഭം.

12. ദൎപ്പം—എന്നെ ആരെല്ലാം ബഹുമാനിക്കുന്നു. സ്ത്രീപുരുഷഭേദംകൂടാതെ എന്നെ സൎവ്വരും മാനിക്കുന്നു. എന്റെ ഈ ബഹുമതി എന്റെ ഗുണങ്ങളിൽനിന്നു ഉളവായതുതന്നെയാണ്. ഹാ! ഞാൻ സൎവ്വരാലും മാനിക്കത്തക്ക ഗുണമുള്ളവൻ. ഇതാണ് ദൎപ്പം

13. അഹങ്കാരം—എനിക്ക് അറിഞ്ഞുകൂടാത്തത് എന്തുണ്ട്. സൎവ്വ ശാസ്ത്രങ്ങളും എനിക്കറിയാം. ലോക

ന്യായങ്ങളും മുഴുവൻ ശീലമുണ്ട്. വ്യവഹാരനിയമങ്ങളും ഞാൻ അറിയാത്തതില്ല. ഞാൻ സർവ്വസമർത്ഥൻ; പക്ഷെ ചിലർ എന്നെ ദൂഷിക്കുന്നത് അവരുടെ ദോഷംകൊണ്ടാണ്. സർവ്വജ്ഞനെന്നു നടിപ്പിക്കുന്ന ഈ അഹങ്കാരം മറെറല്ലാ ദോഷങ്ങൾക്കും ബീജമാകുന്നു.

ഈ പറയപ്പെട്ട പതിമൂന്നു വൃത്തികളും ചിത്തമാകുന്ന വൃക്ഷത്തിൻെറ ശാഖകളാകുന്നു. ഒരു മനുഷ്യനെ അധഃപതിപ്പിക്കുന്നതും ഈ വൃത്തിദോഷങ്ങളെക്കൊണ്ടുള്ള സങ്കല്പമാണ്. ബുദ്ധിക്കുള്ള വിക്ഷേപദോഷം എന്നു പറയുന്നത് ഈ സങ്കല്പത്തെ തന്നെയാണ്. വിക്ഷേപദോഷം നശിപ്പിക്കുവാൻ വേണ്ടിയാണ് ഉപാസനചെയ്യാൻ ആചാര്യന്മാർ നിർബ്ബന്ധിക്കുന്നത്. ഉപാസന എന്നുവെച്ചാൽ ധ്യാന(ജപ)മാകുന്നു. ഒരു മനുഷ്യന്നു തൻെറ ഉണർവ്വ്കാലത്തിൽ പത്തുനിമിഷം ജപിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിൽ ആ പത്തു നിമിഷം സങ്കല്പം ചെയ്യുവാനായി അദ്ദേഹത്തിന്ന് സമയം കിട്ടുകയില്ല. ഒരേ സമയത്ത് മനസ്സിന്ന് ഒരു പ്രവൃത്തി ചെയ്യാനല്ലാതെ ഒന്നിൽ അധികം പ്രവൃത്തി ചെയ്യാൻ സാധിക്കുന്നതല്ല. എത്ര അധികസമയം ധ്യാനത്തിൽ ഇരിക്കുന്നുവൊ അത്ര സമയവും ബുദ്ധിയിൽ അന്യവിചാരം ഉണ്ടാകുന്നതല്ല. ഉപാസനയുടെ പരമകാഷ്ഠ, ഏതിനെ ഉപാസിക്കുന്നുവൊ അതിൻെറ ആകാരമായി നിശ്ചലമായി നില്ക്കുകയാകുന്നു. ഉപാസന കൂടാതെ വിക്ഷേപദോഷം നശിക്കുകയില്ലന്നു നിശ്ചയമാകുന്നു. അന്തഃകരണത്തി

ന്ന് വേറൊരു ദോഷം മേൽപറഞ്ഞ രാഗാദികളാൽ ഉണ്ടായതായ ദുഷ്കർമ്മഫലമാണ്. അതിനെ മലം എന്നു പറയുന്നു. ഉപാസനയുടെ മദ്ധ്യെ ഒരു ജീവന്നു സൽകർമ്മവും കൂടി ചെയ്വാൻ സാധിച്ചെങ്കിൽ ദുഷ്കർമ്മം കുറയുമെന്നു നിശ്ചയമാണ്. സൽകർമ്മത്താൽ ദുഷ്കർമ്മം കുറഞ്ഞും ഉപാസനയാൽ സങ്കല്പം നശിച്ചും (മലവിക്ഷേപദോഷങ്ങൾ നശിച്ചും) ഇരിക്കുന്ന ബുദ്ധിയിൽ ശേഷിപ്പുള്ള ദോഷം ആവരണമാണ്. ഇതിനെ തന്നേയാണ് അജ്ഞാനമെന്ന് പറയുന്നത്. ഒരു വസ്തുവിങ്കലുള്ള അറിവില്ലായ്മ എത്ര തന്നെ കർമ്മം ചെയ്താലും ധ്യാനിച്ചാലും നശിക്കുകയില്ല. അതിനെ അറിയുകതന്നെ വേണം. അജ്ഞാനമാണ് ബന്ധനം, ജ്ഞാനമാണ് മോചനം (മോക്ഷം) തത്വജ്ഞാനത്തിൽ ആർക്ക് ഇച്ഛജനിക്കേണമൊ അവർ മലവിക്ഷേപ ദോഷങ്ങൾ നശിപ്പിക്കേണ്ടുന്നത് അത്യാവശ്യമാണ്. ആർ എന്തുതന്നെ പറഞ്ഞാലും കർമ്മവും ഉപാസനയും ഒരു മനുഷ്യനെ കഷ്ടപ്പെടുത്തുകയില്ലന്നും, നേരെ മറിച്ച് അവൻെറ ബുദ്ധിയുടെ ദോഷത്തെ നീക്കി അവനെ തത്വജ്ഞനാക്കുമെന്നും എത്രയും താഴ്മയോടും കൂടി ഞാനിതാ എൻെറ അഭിപ്രായം, വായനക്കാരിൽ സമർപ്പിക്കുന്നു. മലവിക്ഷേപദോഷം നശിച്ചിരിക്കകൊണ്ടാണ് ദേവരൂപിണിയായ ചൂഡാല തൻെറ ഭർത്താവിന് ആത്മജ്ഞാനം ഉപദേശിക്കുവാൻ ആരംഭിക്കുന്നത്.

മേൽകാണിച്ചപ്രകാരം രാജാവിൻെറ അപേക്ഷ കേട്ട് കുംഭൻ പറഞ്ഞു. അല്ലയോ രാജാവേ! സർവ്വത്തിലും

പ്രവേശിച്ചു ഓരോന്നിന്റെയും ആകാരമായിതീരുന്നതും, ഭ്രാന്തവുമായ ഈ ചിത്തം കേവലം ജഡമല്ല. ജഡമല്ലാത്തതും അല്ല. ജഗത്തെന്നു പറയുന്നത് മുഴുവനും ചിത്തമാണ്. ഒരുവനുള്ള ബന്ധവും ചിത്തമാണ്. ഈ ചിത്തത്തെ നശിപ്പിക്കുന്നതായാൽ അവൻ സംശയം കൂടാതെ സൎവ്വസന്ത്യാഗിയായെന്നു പറയാം. ജന്മകൎമ്മങ്ങളുക്കുള്ള വിത്ത് ഈ ചിത്തമാണെന്നാണ് വിദ്വാന്മാർ പറയുന്നത്. ചിത്തമാണ് ശരീരത്തെ ചലിപ്പിക്കുന്നത്. ആത്മാവിന്നു ചലനമുണ്ടെന്നു തോന്നിപ്പിക്കുന്നതും ചിത്തമാണ്. ചിത്തത്തെ വെടിഞ്ഞാൽ നിശ്ചയമായും ദ്വൈതം നശിച്ചു. ദ്വൈതം നശിക്കുന്നത് തന്നെയാണ് കൈവല്യപ്രാപ്തി. ഏറ്റവും ശ്രേഷ്ഠവും, ശുദ്ധവും, അവ്യയവും, അനാമയവും, ആയ ഇതാണ് ഹേ രാജാവെ! അദ്വൈതം. പരമാനന്ദമാണ് ആയതിന്റെ സ്വരൂപം. സൎവ്വസന്ത്യാഗം പരമാനന്ദമാണ് സംശയമില്ല. മറ്റുള്ളതൊക്കെയും ഭയങ്കരമായ ദുഃഖമാണ്. സൎവ്വസന്ത്യാഗം ചെയ്തു് ശാന്തനായി, സ്വസ്ഥനായി, ആകാശംപോലെ ഏറ്റവും സൌമ്യനായി, ബ്രഹ്മസ്വരൂപനായി ഹേ രാജാവെ! ഭവാൻ വാഴുക.

രാജാവ്— അല്ലയോ ഗുരുനാഥാ! ചിത്തമെന്താണെന്നു ഞാൻ അറിയുന്നില്ല. ചിത്തത്തിന്റെ സ്വരൂപം ഒന്നാമതായി എനിക്കു പറഞ്ഞുതന്നാലും. അതിൽ പിന്നെ ചിത്തത്തെ നശിപ്പിക്കേണ്ടുന്ന ക്രമവും പറഞ്ഞുതരിക.

കുംഭൻ— ഹേ രാജാവെ! വാസനയാണ് ചിത്തത്തിൻെറ സ്വരൂപം വാസനയുടെ പൎയ്യായമാണ് ചിത്തശബ്ദമെന്നു വിദ്വാന്മാർ പറയുന്നു. അഹംകാരത്തിൻെറ ഉദയമാണ് സൎവ്വാനൎത്ഥസ്വരൂപമായ സംസാരത്തിൻെറ നിദാനം. ആ അഹംകാരം ചിത്തമാകുന്ന വൃക്ഷത്തിൻെറ വിത്താണ്. ഒന്നാമതായി ഈ അഹംകാരത്തിൽ നിന്നുണ്ടാകുന്ന അങ്കുരത്തെയാകുന്നു നിശ്ചലസ്വഭാവമായ ബുദ്ധിയെന്നു പറയുന്നതു. അല്ലയൊ ബുദ്ധിമാനായ രാജാവെ! ബുദ്ധിയെന്നു പറയപ്പെടുന്ന ഈ മുളയുടെ സങ്കല്പസ്വരൂപത്തേയാണ് ചിത്തം, മനസ്സ്, ചേതസ്സ് എന്നൊക്കെ പറഞ്ഞുവരുന്നത്. ഈ ചിത്തമാകുന്ന വൃക്ഷത്തിൽ തിങ്ങിവിങ്ങി നില്ക്കുന്ന രാഗാദികളാകുന്ന കൊമ്പുകളെ ഓരോന്നായി ഛേദിച്ചുംകൊണ്ടു ക്രമേണ വേരോടുകൂടി ഭവാൻ നശിപ്പിച്ചാലും. ഇതാകുന്നു ഉത്തമമായ ത്യാഗമെന്നു വിദ്വാന്മാരൊക്കേയും പറയുന്നത്. പലമാതിരി ഫലങ്ങൾ ഉണ്ടാകുന്ന വാസനകളാകുന്ന ചിത്തവൃക്ഷത്തിൻെറ മുഴുവൻകൊമ്പുകളും ആത്മജ്ഞാനത്താൽ നിശ്ശേഷം നശിക്കുമെന്നതിന്നു സംശയമില്ല. മനസ്സിലുള്ള ആശകളൊക്കേയും നശിച്ചു ശാന്തനായി മൌനമായിരുന്നു വിചാരംചെയ്യുന്ന പുരുഷൻെറ ചിത്തമാകുന്ന വൃക്ഷത്തിൻെറ കൊമ്പുകൾ നശിച്ചുപോകുമെന്നു ഹേ രാജാവെ! ധരിച്ചാലും. കൊമ്പുകൾ മുറിക്കുന്നതു പ്രധാനമാണെന്നു കരുതേണ്ട. വൃക്ഷത്തെ വേരോടെ നശിപ്പിക്കുന്നതാണ് ഏറ്റവും ഉത്തമം. അതിനാൽ ഭവാൻ

ച്ചിത്ത വൃക്ഷത്തിനെ വേരോടെ നശിപ്പിക്കാനായി ഉത്സാഹിച്ചാലും എന്നാൽ ഭവാൻ ചിത്തമില്ലാത്തവനായി ഭവിക്കും.

രാജാവ്__ അല്ലയോ ദേവപുത്രാ! ഞാൻ ചിത്തവൃക്ഷത്തെ നശിപ്പിക്കാം. വൃക്ഷത്തിന്റെ ബീജം അഹംകാരമാണെന്നല്ലെ പറയുന്നത്. അഹംകാരത്തെ ദഹിപ്പിക്കുന്നവഹ്നി എന്താണന്നു ഭവാൻ പറഞ്ഞുതന്നാലും.

കുംഭൻ__ ഹേ രാജൻ! ഞാൻ ആരാണെന്നു വിചാരംചെയ്താൽ ഉണ്ടായിവരുന്ന ആത്മജ്ഞാനമാകുന്ന പാവകൻ ഈ മനസ്സാകുന്ന ദുർവൃക്ഷത്തിന്റെ ബീജത്തെ ദഹിപ്പിക്കുമെന്നു ധരിച്ചാലും. അന്യമായ യാതോരഗ്നിക്കും ഇതിനെ ദഹിപ്പിക്കുവാൻ ശക്തിയുണ്ടാകയില്ല.

രാജാവ്__ അല്ലയോ ഗുരുനാഥാ! ഞാൻ സ്വബുദ്ധികൊണ്ടാലോചിച്ചു നോക്കിയതിൽ, ലോകം ജഡമാകയാൽ ഞാൻ ലോകമല്ലന്നു നിശ്ചയംതന്നെ. രക്തം, മാംസം മുതലായവകളെകൊണ്ടുണ്ടാക്കപ്പെട്ട ഈ ശരീരവും ഞാനല്ല. കർമ്മേന്ദ്രിയങ്ങളും, ജ്ഞാനേന്ദ്രിയങ്ങളും ഞാനല്ല. മനസ്സും, ബുദ്ധിയും, ഞാനല്ല. അഹംകാരവും ഞാനല്ലതന്നെ. എങ്ങും നിറഞ്ഞുനില്ക്കുന്ന ചിദാത്മാവാണ് ഞാൻ. ഭവാനായി ശോഭിക്കുന്നതും ചിദാത്മാവുതന്നെ.

കുംഭൻ__ ഹേ രാജൻ! ഇതുകൊണ്ടൊന്നും മതിയാവുകയില്ല. ഈ പറഞ്ഞ ജഡ വസ്തുക്കളൊന്നും ഭവാനല്ലെങ്കിൽ ഭവാൻ ആരാണെന്നു നല്ലവണ്ണം വ്യക്തമാക്കി പറഞ്ഞാലും.

രാജാവ്— പ്രതീയമാനങ്ങളായ ഈ എല്ലാ പദാൎത്ഥങ്ങളും യാതൊന്നിനെ ആശ്രയിച്ച മോദിക്കുന്നുവൊ ആ ശുദ്ധ ചിന്മാത്രസ്വരൂപനാണ് ഞാൻ. അങ്ങിനെയിരിക്കുന്ന എന്റെ ഹൃത്തിൽനിന്നു ചിത്തവൃക്ഷത്തിന്റെ ബീജമാകുന്ന അഹംകാരം എത്രതന്നെ ഞാൻ ഉപേക്ഷിച്ചിട്ടും വിട്ടുപോകുന്നില്ല. പിന്നേയും ആയത് എന്നെ ബാധിക്കുന്നു. അതിനെ ഉപേക്ഷിക്കുവാൻ ഞാൻ ശക്തനാകാത്തത് കൊണ്ട് എനിക്കു കഠിനമായ വ്യസനമുണ്ട്.

കുംഭൻ__ അല്ലയോ രാജാവെ! കാരണത്തിൽനിന്നല്ലാതെ യാതൊരു കാൎയ്യവും ഉണ്ടാകുകയില്ലെന്നു ധരിക്കുക. ഇത്ര കഠിനമായ ഈ അഹംകാരത്തിന്റെ കാരണമെന്തായിരിക്കുമെന്നു നല്ലപോലെ അന്വേഷിച്ചുനോക്കുക.

രാജാവ്__ അഹംകാരത്തിന്റെ കാരണം ഞാൻ അറിയുന്നുണ്ട്. വേദനമാണ് അഹംകാരത്തിന്റെ കാരണം. ആയത് എന്നിൽനിന്നു എങ്ങിനെയാണ് വിട്ടുപോകുക. ചൈതന്യത്തിൽ ജഡവസ്തുക്കളെ അദ്ധ്യാസംചെയ്തുകൊണ്ടാണ് എന്നെ അഹംകാരം കഷ്ടപ്പെടുത്തുന്നത്. അദ്ധ്യാസം നശിപ്പിക്കേണ്ടുന്ന ഉപായത്തെ എനിക്കു പറഞ്ഞുതന്നാലും.

കുംഭൻ__ അല്ലയോ കാരണജ്ഞനായുള്ള രാജാവെ! വേദനത്തിന്റെ കാരണവും ഭവാൻ പറയുക. അതിൽ പിന്നെ കാരണാകാരണത്തെപ്പററി ഞാൻ പറയാം.

രാജാവ__ മിഥ്യയായിരിക്കുന്ന ശരീരാദിയെ പരമാൎത്ഥമാണെന്നു തോന്നുന്നതിൽനിന്ന് വേദനമുണ്ടാകുന്നു.

ചിത്തത്തിൻെറ ബീജവും, അതിൻെറ കാരണമായിരിക്കു ന്ന വേദനവും, എന്തൊന്നുകൊണ്ടാണ് നശിക്കുന്നത്. അല്ലയൊ ജ്ഞാനപാരഗ! ജഡവസ്തുസത്തയുടെ മിഥ്യാ ത്വത്തെ ഞാൻ അറിയുന്നില്ല.

കുംഭൻ—ശരീരാദി വസ്തുക്കളൊക്കെ പരമാൎത്ഥമാ ണെങ്കിൽ ഭവാൻെറ ചിത്തവും അതിൻെറ കാരണവും സത്യംതന്നെ. ചിത്തസങ്കല്പത്താലുണ്ടായ ദേഹാദിവസ്തു ക്കൾ നശിക്കുന്നതാണെങ്കിൽ ഭവാൻെറ അഹംകാരകാര ണമായിരിക്കുന്ന വേദനം എവിടെ. അതിന്നു പിന്നെ ആ ശ്രയം എന്താണ്.

രാജാവ്—കൈകാലുകളോടുകൂടി കൎമ്മംചെയ്യുന്ന ഈ ശരീരം കേവലം ഇല്ലാത്തതാണെന്നു എങ്ങിനെ പറ യുവാൻകഴിയും.

കുംഭൻ—രാജാവെ! കാരണംകൂടാതെ വല്ല കാൎയ്യ വും ഉണ്ടായെങ്കിൽ ആ കാൎയ്യം പരമാൎത്ഥത്തിലുള്ളതല്ല. കാരണംകൂടാതെ കാൎയ്യം ഉണ്ടാകുകയില്ലെന്നുള്ളത് നി ശ്ചയമാണ്. കാണുന്നതൊക്കേയും ഭ്രാന്തികല്പിതമാണ്. ഒക്കേയും ഇല്ലാത്തതാണ്. എല്ലാം മനസ്സിൻെറ സങ്ക ല്പം മാത്രമാണ്. കയറിൻെറ കഷണത്തിൽ കണ്ടതായ പാമ്പിന്ന് എത്രത്തോളം പരമാൎത്ഥമുണ്ടൊ അത്രത്തോ ളമെ സൎവ്വവസ്തുക്കൾക്കും പരമാൎത്ഥമുള്ളു.

രാജാവ്—ബ്രഹ്മാവാണല്ലൊ ലോകത്തെ സൃഷ്ടിച്ച ത്. ബ്രഹ്മാവ് സൃഷ്ടിച്ചതായ ലോകത്തിന്ന് ബ്രഹ്മാ വ് കാരണമാണെന്നു പറഞ്ഞുകൂടയൊ.

കുംഭൻ—സൃഷ്ടിക്കുമുമ്പ് കേവലമായി, ശാന്തമായ

ബ്രഹ്മമല്ലാതെ വേറെ ഒന്നും ഉണ്ടായിരുന്നില്ല. അതി നാൽ ബ്രഹ്മാവ് കാരണമാവാൻ പാടില്ല.

രാജാവ്—ആദ്യവസ്തുവായ ബ്രഹ്മം ബ്രഹ്മാവിന്ന് കാരണമല്ലെ?

ബ്രഹ്മാവിന്ന് കാരണമില്ലെന്നുള്ള അറിവ് രാജാവിന്നില്ലന്നറിഞ്ഞതിനാൽ;

കുംഭൻ—അല്ലയോ രാജാവെ! ആദ്യവസ്തു അവ്യയമാണ്, ശാന്തമാണ്, ആദ്യന്തമില്ലാത്തതാണ്, നിത്യമാണ്, നാശമററതാണ്, ശുദ്ധമാണ്, ചലിക്കാത്തതാണ്, പിന്നെയെങ്ങിനെയാണ് കൎത്താവും ഭോക്താവും ആകുന്നത്. ഹേ രാജാവെ! ജഗത്ത് ഇല്ലാത്തതാണ്. ബ്രഹ്മാവും ഈ കാണുന്ന സൎഗ്ഗവും ചിത്ത് തന്നെയാകുന്നു. സംശയമില്ല. ഞാൻ കൎത്താവുമല്ല, ഭോക്താവുമല്ല. ഈ നിശ്ചയം ഭവാൻ സ്വീകരിച്ചു അജ്ഞാനത്തെ നശിപ്പിക്കേണം. ജ്ഞാനികളൊക്കേയും ഈ ദൃഢനിശ്ചയത്തിന്മേലാണ് അജ്ഞാനത്തെ നശിപ്പിക്കുന്നത്.

"ഇവിടെ ഞാൻ എന്ന വാക്കിൻെറ സാരം അല്പം വിവരിക്കുന്നത് വായനക്കാൎക്ക രുചിക്കുമെന്നു തോന്നുന്നു. ഞാൻ കൎത്താവല്ല, ഭോക്താവല്ല എന്നു പറയുമ്പോഠം ഞാൻ എന്നുള്ളത് ആദ്യവസ്തുവായ ചിത്താണെന്നു വരുന്നു. ഞാൻ ഇവിടെ ജീവിക്കുന്നുണ്ട്. എന്നിൽ കൎത്തൃത്വവും ഉണ്ട്, അനേകം ഭോഗജാലങ്ങളെ ഞാൻ ഭുജിക്കുന്നും ഉണ്ട്. ഇങ്ങിനെയുള്ള ഞാൻ അകൎത്താവായ ചിത്താണെന്നു ബോധിക്കേണമെങ്കിൽ എൻെറ ജീവത്വം ഇല്ലാത്തതാണെന്നു ഒന്നാമതായി അറിഞ്ഞിരിക്കേ

ണം. എന്റെ ആത്മാവ് നിത്യമാണ്, നാശമററതാണ്, എന്റെ ജീവഭാവം അനിത്യമാണ്, നശിക്കുന്നതാണ്. ഇവിടെ ഞാൻ എന്നു പറയുന്നത് എന്തിനേയാണ്.

പ്രകൃതിക്കു അനേകം നാമഭേദങ്ങളുണ്ട്, മായ, അജ്ഞാനം, ശക്തി, എന്നൊക്കെ പറയുന്നത് പ്രകൃതിയുടെ പര്യായങ്ങളാണ്. മക്കൾക്കു അച്ഛൻ ആകുന്ന ആൾ തന്നെയാണ് ഭാര്യക്കു ഭർത്താവും, അനുജന്ന് ജ്യേഷ്ഠനും ആകുന്നത്. പക്ഷെ ഓരോ ദിക്കിലും ഓരോ സംബന്ധത്തെ അനുസരിച്ചു ഉപയോഗിക്കുമ്പോളെയാണ് നാമഭേദങ്ങളുണ്ടാകുന്നത്. പ്രകൃതിക്ക് ആദിയില്ലെന്നു പറയുന്നു, എങ്കിലും നശിക്കുന്നതാകയാൽ ജനിച്ചതാണെന്നു നിശ്ചയിക്കാം. പ്രകൃതി ആദ്യവസ്തുവായ ചൈതന്യത്തിൽ ലയിച്ചിരിക്കുമ്പോൾ അതിനെ പ്രധാനമെന്നാണ് പറയുക. പ്രകൃതി പ്രധാനമായിരിക്കുമ്പോൾ വ്യക്തിയില്ലെന്നും, യാതൊരു വ്യാപാരമില്ലെന്നും പറയുന്നു. ഒളിഞ്ഞിരിക്കുന്ന പ്രധാനം വ്യക്തമാകുമ്പോൾ ആയത് പ്രകൃതിയായി. പ്രകൃതി എന്നുവെച്ചാൽ സർവ്വത്തിന്നും കാരണം എന്നാണർത്ഥം. ആദ്യവസ്തുവിന്ന് കാരണത്വവും കർത്തൃത്വവും ഇല്ല. പ്രധാനം വെളിപ്പെട്ടപ്പോളാണ് ഒക്കെയും ഉണ്ടായത്. പ്രകൃതി ജഡമാണ്. പ്രധാനം പ്രകൃതിയായി മാറിയപ്പോൾ ആദ്യവസ്തുവിന്റെ ചേതനത്വം പ്രകൃതിയിൽ പ്രതിഫലിച്ചു. അപ്പോൾ പ്രകൃതി ചേതനം പോലെ ശോഭിച്ചു. ഇവിടെ ജീവത്വം ഉണ്ടാക്കി തീർത്തിട്ടുള്ളത് ബുദ്ധിയാണ്. ബുദ്ധി

പ്രകൃതികാൎയ്യമാണ്. കണ്ണാടിയിൽ മുഖം പ്രതിബിംബിക്കുംപ്രകാരം ബുദ്ധിയിൽ ചൈതന്യം പ്രതിബിംബിച്ചു. ആദ്യവസ്തു, ബുദ്ധി, ബുദ്ധിയിലുള്ള പ്രതിബിംബം (ആഭാസൻ) ഇവ മൂന്നും കൂടി ജീവനായി. ആദ്യവസ്തുവെ ആത്മാവെന്നു പറയുന്നില്ല. പരമാണു വലിപ്പമായ ബുദ്ധിയിൽ പ്രതിബിംബിച്ച ചൈതന്യത്തെ മാത്രമേ ആത്മാവെന്നു പറയുന്നുള്ളു. ആത്മാവെന്നു പറയുമ്പോൾ ബുദ്ധിയും പ്രതിബിംബവും ഉണ്ടായിരിക്കുമെന്നു നിശ്ചയമാണ്. ബുദ്ധിയെന്നു പറയുമ്പോൾ ആത്മാവും പ്രതിബിംബവും ഉണ്ടായിരിക്കും. ഇവിടെ ഞാൻ എന്നു പറയുന്നത് ഈ മൂന്നും കൂടിയ അവസ്ഥക്കാണ്. ഞാൻ എന്ന വാക്കിൽ ആത്മാവിനെ വിടുന്നില്ല. ബുദ്ധിയും പ്രതിബിംബവും കൂടിയുണ്ടായിരിക്കും. ഞാൻ എന്നു പറയപ്പെടുന്ന ജീവനെ രണ്ടായി ഭാഗിക്കാം. ഒന്ന് ലക്ഷ്യഭാഗം, രണ്ടു വാച്യഭാഗം. ബുദ്ധിയേയും ആഭാസനേയും വിട്ടിരിക്കുന്ന അവസ്ഥക്കാണ് ലക്ഷ്യഭാഗമെന്നു പറയുന്നത്. ലക്ഷ്യഭാഗം ശുദ്ധമാണ്, വ്യാപകമാണ്, ബ്രഹ്മത്തോട് അഭിന്നമാണ്. ഞാൻ അജ്ഞാനി, കൎത്താവ്, ഭോക്താവ് ഇവകളൊക്കെയും ബുദ്ധി ധൎമ്മങ്ങളാണ്. (വാച്യഭാഗമാണ്) കണ്ണാടി ചുകപ്പാണെങ്കിൽ പ്രതിബിംബിച്ച മുഖവും ചുകക്കും. അതുപ്രകാരം ബുദ്ധി മലിനമായാൽ പ്രതിബിംബം മലിനപ്പെടും. ബുദ്ധി ശുദ്ധമായാൽ പ്രതിബിംബം ശുദ്ധമായി. ഞാൻ കൎത്താവല്ല, ഭോക്താവല്ല, എന്നറിയുന്നത് രാഗാദികൾ നശി

ക്കാറാൻ തുടങ്ങിയ ബുദ്ധിയാണ്. രാഗാദിദോഷങ്ങൾ നിശ്ശേഷം നശിച്ചതായ സത്വബുദ്ധി ഞാൻ അകൎത്താവായ ആത്മാവാണെന്നു ബോധിക്കും. വാച്യഭാഗത്തെ തള്ളി ലക്ഷ്യഭാഗത്തെ അപരോക്ഷമായി ബോധിക്കുന്ന ജീവൻ ജീവിച്ചിരിക്കുമ്പോൾ തന്നെ മുക്തനാകുന്നു."

കുംഭൻ—അല്ലയൊ രാജാവേ! കൎമ്മംകൊണ്ടു സൎവ്വം സാധിക്കുമെന്നുള്ള നിശ്ചയത്തെ കേവലം നശിച്ചല്ലാതെ ആത്മജ്ഞാനമുണ്ടാകയില്ല. അജ്ഞാനം ക്രമമായി നശിച്ചെങ്കിൽ മാത്രമേ എത്രയോ കാലം മുമ്പ് ജഗത്ത് സത്യമാണെന്ന് ഉറച്ചുകിടക്കുന്നതായ, ബോധം നീങ്ങി പരമാനന്ദപ്രാപ്തി ലഭിക്കയുള്ളൂ. ദേവദേവനായി ചിദാത്മകനായിട്ടുള്ള പരമാത്മാവ്, തന്റെ സങ്കല്പത്താൽ ജഗത്തായി സ്ഫുരിക്കുന്നു. അതുപ്രകാരം തന്നെയാണ് പരമാത്മാവ്, പരമാത്മാവിന്റെ പത്മജനെന്നു പറയുന്നതും. അതിനാൽ ദേവദേവന്റെ ശാന്തമായ സ്വരൂപമാകുന്നു സൎവ്വ ജഗത്തും. ഹേ രാജാവെ! ഈ ധാരണ എപ്പോൾ നന്നായി ഉറക്കുന്നുവൊ അപ്പോൾ ആത്മാവിൽ ആത്മാവിനെ കാണാം.

രാജാവ്—അല്ലയൊ ദേവപുത്രാ! ഇപ്പോൾ ഞാൻ അറിയേണ്ടത് ഒക്കെയും അറിഞ്ഞു. ആത്മാവ് ഒന്നിന്നും കൎത്താവല്ലെന്നു ഞാൻ അറിയുകയാൽ ജഗത്ത് കൎത്താവില്ലാത്ത കാൎയ്യമായതുകൊണ്ടു സത്യമല്ലെന്നും ഞാൻ അറിഞ്ഞു. ചിന്മാത്രസ്വരൂപനാകുന്നു ഞാൻ. സൎവ്വാത്മാവായിരിക്കുന്ന ഞാൻ തന്നെയാണ് സൎവ്വവും. ഞാ

ൻ ദ്രഷ്ടാവും ശാന്തനുമാകുന്നു. സംശയം കൂടാതെ ഞാന്താൻ പിന്നെ എന്നെത്തന്നെ നമസ്കരിക്കുന്നു. നശിക്കുന്നതും കർത്താവല്ലാത്തതുമായ ഈ ലോകം സത്യമാണെന്നു എനിക്കു തോന്നിയത് ഞാൻ കർത്താവാണെന്നുള്ള നിശ്ചയംകൊണ്ടുതന്നെയായിരുന്നു. ഒന്നിനും കർത്താവല്ലെന്നു ഇപ്പോൾ ഞാൻ ബോധിച്ചതിനാൽ ആകാശംപോലെ പരിപൂർണ്ണനായി ഞാൻ ജീവിച്ചുകൊള്ളാം.

ഇപ്രകാരം കുംഭവേഷധാരിണിയായ ചൂഡാലയുടെ ഉപദേശത്താൽ ക്ഷണംകൊണ്ട് ബോധം വന്നവനായ ശിഖിദ്ധ്വജൻ ആത്മാവിനെ ആത്മാവിങ്കൽ നിർത്തി തുള്ളിച്ചാടി കളിച്ചു പഴകിയതായ മനസ്സിന്റെ ഓട്ടവും ഒടുങ്ങിനിന്ന ഉടനെ ശരീരം കല്ലെന്നപോലെ നിശ്ചലമായി, കണ്ണു രണ്ടും അടഞ്ഞു, ഒരു മുഹൂർത്തംകൊണ്ട് ആയാൾ ജീവന്മുക്താവസ്ഥയെ പ്രാപിച്ചു കണ്ണുകൾ തുറന്നു.

കുംഭൻ — അല്ലയോ രാജാവെ! സമാധിയിൽ യോഗികൾ അനുഭവിക്കുന്ന ആ പരപദത്തിൽ ഭവാൻ വിശ്രമിച്ചുവോ? ഭവാന്റെ ഭ്രാന്തികളൊക്കെയും നശിച്ചു അന്തരംഗത്തിൽ പ്രബുദ്ധനായോ? അറിയേണ്ടതൊക്കെയും താൻ അറിഞ്ഞുവോ? ഹേ രാജൻ! കാണേണ്ടതൊക്കെയും ഭവാൻ കണ്ടുവോ?

രാജാവ് — അല്ലയോ ഭഗവൻ! ഭവാൻ എന്നെ അനുഗ്രഹിക്കുകയാൽ സർവ്വത്തിനും മേലെയിരിക്കുന്ന ആ പരപദം ഞാൻ കണ്ടു ലോകത്തിൽ സജ്ജനസംസർഗ്ഗം തന്നെയാണ് ഉടനെ ഫലം തരുന്നത്. ഭവാന്റെ സംസർഗ്ഗംകൊണ്ട് എത്ര പ്രയാസപ്പെട്ടാലും കിട്ടിവരാത്ത ആ

അമൃതം എനിക്ക് ഇന്നു അനുഭവിക്കുവാൻ ഇടയായി. ഇതിന്നുമുമ്പ് ഈ ആത്മപദം എനിക്കു അനുഭവിക്കുവാൻ സാധിക്കാതെവന്നതു എന്തുകൊണ്ടായിരിക്കും?

കുംഭൻ—ഹേ രാജാവെ! മനസ്സ് ശമാദിഗുണങ്ങളോടുംകൂടിയിരുന്നു വിഷയങ്ങളിലുള്ള ആശയെ കേവലം വിട്ട് ഇന്ദ്രിയങ്ങൾ അടങ്ങിനില്ക്കുമ്പോൾ അജ്ഞാനം നീങ്ങും, അപ്പോൾ മാത്രമേ ഗുരുനാഥന്റെ തത്വജ്ഞാനോപദേശം ഹൃദയത്തിൽ പ്രകാശിക്കുകയുള്ളു. അപ്പോൾ മനസ്സിന്നുള്ള സംശയം, വിപൎയ്യയം, ഇവകളൊക്കെ നശിച്ചു അദ്വൈതം പ്രാപിക്കും. ഇതാകുന്നു പരമമായ ഗതി. രാജാവെ! ഭവാൻ മുക്തനായെന്നു സംശയംകൂടാതെ ഞാൻ പറയുന്നു. അതിനാൽ അഖിത്തവാനായി, മൌനത്തോടുംകൂടി സദാ ആത്മാവിൽക്രീഡിച്ചുകൊൾക.

രാജാവ്—ഹേ ദേവാ! തത്വത്തെ ബോധിച്ച ജീവന്മുക്തനായ ജ്ഞാനിക്ക് ചിത്തമില്ലന്നല്ലെ പറയുന്നത്. അങ്ങിനെയായാൽ ജീവന്മുക്തന്മാർ എങ്ങിനെയാണ് വിഹരിച്ചിരിക്കുക?

കുംഭൻ—ഹേ രാജൻ! ജന്മങ്ങളെ പിന്നെയും പിന്നെയും ഉണ്ടാക്കുന്ന വാസനയെയാണ് വിദ്വാന്മാർ ചിത്തമെന്നു പറയുന്നത്. ബോധമുണ്ടായ ജീവന്മുക്തന്ന് പിന്നെ ആവിധം ചിത്തം ഉണ്ടായിരിക്കുകയില്ല. ജീവന്മുക്തന്മാർ കൎമ്മങ്ങളെ ചെയ്യുന്നതായാലും അവരുടെ കൎമ്മവാസന ബന്ധമുണ്ടാക്കുന്നതല്ല. അതിനെ സത്വമെന്നാണ് പറയുക. മലിനതയോടുകൂടിയിരിക്കുന്ന ചിത്തത്തിനെയാണ് ചിത്തമെന്നു പറയുന്നത്. തത്വജ്ഞാ

നികളുടെ ചിത്തം സത്വചിത്തമാണ്. അല്ലയോ ധര ണീപതെ! സ്വൎഗ്ഗത്തെയും മോക്ഷത്തെയും എന്നുവേണ്ട യാതൊരു പദാൎത്ഥത്തെയും ആഗ്രഹിക്കാതെ, ചിത്തത്തി ന്ന് യാതൊരു ചഞ്ചലവും കൂടാതെ, യാവനൊരുവനിരി ക്കുന്നുവോ അവന്നു സംസാരം നശിച്ചു. ചിത്തത്തിൻെറ ചലനമാണ് ദുഃഖത്തിന്നു കാരണം. നിശ്ചലത്വം സുഖ മാണ്. ഹേ തത്വജ്ഞാ! ചിത്തത്തിൻെറ സ്പന്ദവും അ സ്പന്ദവും ഒന്നുപോലെ കരുതി നിത്യമായ ഐക്യത്തെ പ്രാപിച്ചു ഇഷ്ടപ്രകാരം ജീവിച്ചുകൊൾക.

രാജാവ്—ഗുരുനാഥാ! ഇളക്കവും ഇളക്കമില്ലായ്മ യും രണ്ടും വിപരീതസ്വഭാവമാണ്. ആയത് ഒന്നായി ട്ട് എങ്ങിനെയാണ് കരുതുക?

കുംഭൻ—രാജാവേ! സമുദ്രവും വെള്ളവും ഒന്നായതു പോലെ കാണുന്നതൊക്കെയും ആദ്യവസ്തുവായ ചൈത ന്യം മാത്രമാണ്. വെള്ളത്തെ തിരമാലകൾ ചലിപ്പിക്കും പ്രകാരം ബുദ്ധിവൃത്തിയാണ് ചലനത്തെ ഉണ്ടാക്കുന്നത്. അല്ലയൊ മാന്യാത്മാവേ! ചിന്മാത്രമെന്നും, സത്യമെന്നും ശുദ്ധമെന്നും, ബ്രഹ്മമെന്നും, ഏതിനെയാണ് പറഞ്ഞുവ രുന്നത്. അതിനെത്തന്നെയാണ് മൂഢന്മാർ ജഗത്തായി കണ്ടുവരുന്നത്. ചിത്തിൻെറ ഒരു സ്പന്ദം മാത്രമാണ് ജ ഗത്തായി തോന്നുന്നത്. ആയത് നല്ലവണ്ണം വിചാരം ചെയ്താൽ നശിച്ചുപോകും. വിചാരം ചെയ്യാതിരുന്നാൽ ആയത് സത്യമായിട്ടും തോന്നും. ശാസ്ത്രംകൊണ്ടും, സ ജ്ജനസംഗംകൊണ്ടും, അഭ്യാസംകൊണ്ടും മനസ്സ് കളങ്ക മില്ലാത്ത ചന്ദ്രനെപ്പോലെ പ്രകാശിക്കുമ്പോൾ മഹാത്മാ

കളുടെ മനസ്സിൽ ബോധം താനെതന്നെ ഉണ്ടാകും. ഹേ, രാജാവേ! ലോകം എങ്ങിനെയാണ് ഉണ്ടാകുന്നതെന്നും ഏതുപ്രകാരമാണ് നശിക്കുന്നതെന്നും ഞാൻ ഭവാനെ ധരിപ്പിച്ചു. ഇനി താങ്കളുടെ ഇഷ്ടപ്രകാരം ജീവന്മുക്തനായി തന്റെ ശേഷകാലം കഴിച്ചുകൊള്ളുക. ഞാനിതാ ദേവലോകത്തേക്കു പോകുന്നു. എന്റെ അച്ഛൻ സത്യലോകത്തിൽനിന്നു സ്വധർമ്മകൾ എത്തുമ്പോഴും എന്നെ അവിടെ കണ്ടില്ല എങ്കിൽ അച്ഛൻ കോപിക്കും. ഗുരുനാഥന് കോപമുണ്ടാക്കിത്തീർക്കുന്നത് ഒരു ഉത്തമശിഷ്യന്നു യോഗ്യതയല്ല. താൻ സങ്കല്പങ്ങളെല്ലാം വിട്ടു നാനാനിരികളും ആഗ്രഹംകൂടാതെ സദാ സുഖത്തോടുകൂടി ഇരുന്നുകൊൾക, എന്നു പറഞ്ഞുംകൊണ്ടു കുംഭൻ മറഞ്ഞു.

കുംഭൻ മറഞ്ഞതിന്റെശേഷം രാജാവ് ആശ്ചര്യഭരിതനായി. കുംഭൻ ഉപദേശിക്കപ്പെട്ടതിനെ ഓരോന്നായി ആലോചിച്ചു, പരമാനന്ദത്തിൽ മുഴുകി, മൌനിയായിരുന്നു പിന്നീട് ഏററവും ശ്രേഷ്ഠമായ നിർവ്വികല്പസമാധിയിൽ പ്രവേശിച്ചു.

"ഇവിടെ സമാധിയെപ്പററി അല്പം പറയാം. ആത്മാവിന്റെ സ്വരൂപം സുഖമാണ്. ഒരു ജീവന്നു സുഖം വന്നുചേരുന്നതല്ല. വിട്ടുപോകയും ഇല്ല. ബുദ്ധിയുടെ ചലനംകൊണ്ടു തന്റെ നിത്യസുഖം മറഞ്ഞുപോകുന്നതാണ്. ബുദ്ധിക്ക എപ്പോൾ നിശ്ചലത്വം ഉണ്ടാകുന്നുവോ അപ്പോൾ സുഖം അനുഭവമാകുന്നു. നാം ജാഗ്രൽകാലത്തും സ്വപ്നകാലത്തും സുഖം അനുഭവിക്കുന്നുണ്ട്. സു

ഷുപ്തിയിൽ നമുക്ക ദുഃഖം കേവലം ഇല്ല. ഈ മൂന്നു കാലങ്ങളിലും സുഖം നമ്മിൽ നിന്നു വേൎപെടുന്നതല്ല. ഉണൎവ്വുകാലത്തു നാം സ്ഥൂലദേഹംകൊണ്ടു പ്രവൃത്തിക്കുന്നു. സ്വപ്നത്തിൽ സ്ഥൂലദേഹത്തെ വിട്ടു സൂക്ഷ്മദേഹംകൊണ്ടു പ്രവൃത്തിക്കുന്നു സുഷുപ്തിയിൽ സൂക്ഷ്മദേഹം അതിന്റെ കാരണമായ അജ്ഞാനത്തിൽ ലയിക്കുന്നു. അപ്പോൾ നാം കാരണദേഹത്തോടുകൂടിയിരിക്കുന്നു. അജ്ഞാനമാണ് സൂക്ഷ്മദേഹത്തിന്റെ കാരണം. അതിനാൽ സുഷുപ്തിയിലുള്ള കേവലസുഖം നാം അറിയുന്നില്ല. അറിയിക്കാത്തതാണ് അജ്ഞാനത്തിന്റെ ഗുണം. ഒരിക്കൽ സുഷുപ്തിവിട്ടു സ്വപ്നത്തെയും കടന്നു ജാഗ്രത്തിൽ നാം വരുന്നു അപ്പോൾ സുഷുപ്തിയിൽ അനുഭവിച്ച സുഖത്തിന്റെയും അതായത് അപ്പോഴം അറിയാതിരുന്നതിന്റെയും (സുഖമായി ഉറങ്ങി ഒന്നും അറിഞ്ഞില്ല) സ്മൃതി നമുക്കുണ്ടാകുന്നു. അനുഭവിക്കാത്തത് യാതൊന്നോ അതിന്റെ സ്മൃതി ഉണ്ടാകയില്ല. ഇങ്ങനെ ഈ മൂന്നവസ്ഥകളിലും സുഖം ഇരിക്കുന്നുണ്ട്. ആ സുഖംതന്നെയാണ് സമാധിയിലും പ്രകാശിക്കുന്നത്. സമാധി രണ്ടുവിധമാകുന്നു. സവികല്പസമാധി, നിൎവ്വികല്പസമാധി. സവികല്പസമാധിയിൽ ഞാൻ സുഖം അനുഭവിക്കുന്നു എന്നുള്ള ദ്വൈതഭാവന ഉണ്ടാകും. നിൎവ്വികല്പസമാധിയിൽ ഞാൻ എന്നുള്ള ഭാവനകൂടാതെ കേവലം സുഖരൂപമായിരിക്കും ഇതു യോഗംകൊണ്ടു സാധിക്കേണ്ടതാണ്. യോഗത്തിന്നു ഒക്കെ എട്ട് അംഗങ്ങളാകുന്നു. യമം, നിയമം, ആ

സനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം സമാധി. ഇവയിൽ യമനിയമങ്ങൾ യോഗശാസ്ത്രപ്രകാരം അംശങ്ങളാണ്. പുരാണസമ്പ്രദായപ്രകാരം ആകെ പന്ത്രണ്ടിതായി ഭാഗിച്ചിട്ടുണ്ട്. വിധിപ്രകാരമുള്ള ആസനത്തിലിരുന്നു, പ്രാണായാമംചെയ്തു, പ്രാണാപാനന്മാരെ കുംഭകം ചെയ്തുകൊണ്ടു സമാധിയാകുകയില്ല. നിർവ്വികല്പസമാധിക്ക യോഗത്തിന്റെ എട്ടു അംഗങ്ങളും ഉപയോഗമാണ്. സമാധിക്ക അനേകം വിഘ്നങ്ങളുണ്ട്. യമനിയമാദികളെക്കൊണ്ടു രാഗാദിദോഷങ്ങളും വാസനയും നശിച്ചിട്ടില്ലെങ്കിൽ ബുദ്ധി പുറത്തേക്ക ചാടിക്കളയും. തത്വത്തെ ബോധിച്ചതായ ഒരു ജ്ഞാനിയാണെങ്കിൽ ആയാൾക്ക് യമനിയമാദികളും, ധാരണ, ധ്യാനം, ഇവകളൊന്നും സമാധിക്ക് ഉപയോഗപ്പെടുകയില്ല. ബുദ്ധിയുടെ സർവ്വദോഷങ്ങളും നശിച്ചതിൽപിന്നെയാണ് തത്വജ്ഞനായിട്ടുള്ളത്. നിദ്രയിങ്കൽ ബുദ്ധി കാരണമായ അജ്ഞാനത്തിൽ ലയിക്കുംപ്രകാരം സമാധിയിൽ അജ്ഞാനത്തിൽ ലയിക്കുന്നില്ല. സമാധിയിൽ ബുദ്ധി കാരണമായ അജ്ഞാനത്തോടുകൂടി ആത്മാവിൽ ലയിക്കുന്നു. നിർവ്വികല്പസമാധിയിൽ ഇരിക്കുന്ന യോഗി എത്രയും ഭയങ്കരമായ ശബ്ദംപോലും അറിയുന്നില്ല. നിർവ്വികല്പസമാധി ശീലമുള്ള ഒരു യോഗിക്കല്ലാതെ നിർവ്വികല്പസമാധിയിൽ ഇരിക്കുന്ന ഒരു യോഗിയെ വിരമിപ്പിക്കാൻ സാധിക്കുകയില്ല. നിർവ്വികല്പസമാധിയിൽ തന്റെ വാസ്തവരൂപമായ സുഖത്തെ അറി

ഞ്ഞതിനാൽ സമാധി വിരമിച്ചതിൽപിന്നെ തുച്ഛമായ വിഷയസുഖത്തിൽ യോഗിയുടെ ഇച്ഛ പതിയുന്നില്ല. പ്രാരബ്ധകൎമ്മത്തിൻെറ അനുഭവത്തിനുവേണ്ടി വിഷയങ്ങളിൽ പ്രവൃത്തിക്കുന്നുണ്ടെങ്കിലും തൻെറ സമാധിസുഖത്തെ യോഗി ആ സമയത്തും വിസ്മരിക്കുകയില്ല. സമാധിയിൽ കിട്ടുന്ന സുഖാനുഭവം വെറൊന്നിൽനിന്നും കിട്ടുകയില്ലെന്നുള്ളത് നിശ്ചയമാണ്."

രാജാവിനെ വിട്ടതിൽപിന്നെ കുംഭൻ തൻെറ പരമാൎത്ഥരൂപത്തെ സ്വീകരിച്ചു രാജധാനിയിൽ ചെന്നുചേൎന്നു. രാജാവിൻെറ പ്രതിനിധിയായി രാജ്യകാൎയ്യമൊക്കെ നോക്കി മൂന്നുകൊല്ലം ശരിയായി രാജ്യംഭരിച്ചു. അതിൽപിന്നെ തൻെറ കുംഭവേഷത്തെ സ്വീകരിച്ചു ആകാശമാൎഗ്ഗത്തിൽകൂടി വീണ്ടും ഭൎത്താവിനെ പ്രാപിച്ചു. നിൎവ്വികല്പസമാധിയിൽ ഇരിക്കുന്ന ഭൎത്താവിനെ കണ്ടു, ഭൎത്താവിനെ സമാധിയിൽനിന്നു വിരമിപ്പിക്കാനായി നിശ്ചയിച്ചു. തതൻെറ വേഷം മാററി രാക്ഷസന്മാരും കൂടി പേടിച്ചു വിറച്ചുപോകത്തക്കവിധത്തിൽ രാജാവിൻെറ മുമ്പിൽനിന്നു സിംഹനാദം ചെയ്തു. താൻ പുറപ്പെടുവിച്ചതായ ഘോരശബ്ദം, രാജാവ് അറിഞ്ഞതേയില്ലെന്നു മനസ്സിലാക്കി, രാജാവിൻെറ ശരീരത്തെ പിടിച്ചുകുലുക്കി താഴെക്കു തള്ളിയിട്ടു. എന്നിട്ടും രാജാവ് ഉണരായ്കയാൽ പലതും ആലോചിച്ചു തുടങ്ങി. രാജാവ് ഇപ്പോൾ മഹാഭാഗ്യവാനായി, ആത്മാവിൽ വിശ്രമിക്കുകയാകുന്നു. ഏതായാലും ശരീരത്തെ ഒന്നു പരിശോധിക്കുകതന്നെ. രാജാവ് മരിച്ചി

ട്ടില്ലെങ്കിൽ ഞാൻ രാജപത്നിയായി ജീവിക്കാം. മരിച്ചിട്ടുണ്ടെങ്കിൽ ഇനി ഒരു കാലത്തും ജനിക്കാത്തവിധം മുക്തി ലഭിക്കുന്നതുവരക്കും സന്യാസിനിയായി ജീവിക്കാം. ഇങ്ങിനെ വിചാരിച്ചു രാജാവിന്റെ ദേഹത്തെ പലവിധത്തിലും പരിശോധിച്ചു. മരിച്ചിട്ടില്ലെന്നറിഞ്ഞു താൻ കുംഭവേഷത്തെ മാററി പിന്നേയും സമാധിസ്ഥനായി. യോഗസിദ്ധികളെക്കൊണ്ടു രാജാവിന്റെ സമാധിയെ ഇളക്കി. അനന്തരം കുംഭരൂപം സ്വീകരിച്ചു താൻ മുമ്പിരുന്ന പീഠത്തിന്മേൽ ചെന്നിരുന്നു, എത്രയും സാവധാനത്തിൽ സംഗീതം ആരംഭിച്ചു കുംഭന്റെ പാട്ടുകേട്ടു രാജാവു കണ്ണുതുറന്നു. തന്റെ മുമ്പിൽ ഗുരുനാഥനെ കണ്ടനേരം ഞാൻ ധന്യൻ തന്നെ എന്നു പറഞ്ഞു.

രാജാവ് — അല്ലയോ ദേവപുത്രാ! ഭവാനെ കാണ്മാൻ പിന്നേയും എനിക്കു ഭാഗ്യമുണ്ടായതിൽ ഞാൻ ഏററവും സന്തോഷിക്കുന്നു. എന്നെ പരിശുദ്ധനാക്കുവാൻ വേണ്ടി ഭവാൻ പിന്നേയും വന്നതായിരിക്കും.

കുംഭൻ — ഹെ രാജാവെ! ഞാൻ ഇവിടംവിട്ടതിൽ പിന്നെ ഇന്നുവരെക്കും എന്റെ മനസ്സ് നിങ്ങളിൽ തന്നെയായിരുന്നു, വേറെ പ്രവൃത്തികൾ ഞാൻ ചെയ്തിട്ടുണ്ടെങ്കിലും എന്റെ മനസ്സ് വേറെ ഒന്നിലും പതിഞ്ഞിട്ടില്ല. എനിക്കു സ്വർഗ്ഗത്തിൽ നിന്നു കിട്ടുന്ന സുഖത്തെക്കാൾ എത്രയും ശ്രേഷ്ഠമാണ് ഭവാനോടുകൂടിയിരിക്കുമ്പോൾ ഉണ്ടാകുന്ന സുഖം. നിങ്ങളെപ്പോലെ എനിക്കു വേറെ ഒരു ബന്ധുവില്ല. എന്റെ പ്രിയചങ്ങാതിയും നിങ്ങൾ

തന്നെയാണ്. എനിക്ക എത്രയും വിശ്വസ്തനും ഭവാൻതന്നെ. ശിഷ്യനായിട്ട എനിക്ക ഒരാൾ ഉണ്ടെങ്കിൽ എന്റെ പ്രിയ ശിഷ്യനും നിങ്ങൾതന്നെ.

രാജാവ്— എന്റെ പ്രിയഗുരുനാഥാ! ഭവാൻ അസംഗനാണ് സംശയമില്ല. എന്നിട്ടും എന്റെ സമാഗമം ഭവാൻ ആഗ്രഹിക്കുന്നു. ഞാൻ വളരെ കാലം രക്ഷിച്ചുവളൎത്തിയതായ പുണ്യവൃക്ഷം ഇപ്പോൾ പുഷ്പിച്ചു ഫലത്തെ തരുന്നു. ഭവാന്റെ അനുഗ്രഹംകൊണ്ട് സിദ്ധിച്ചതായ സമാധിയാൽ ഞാൻ ഇതുവരെ ആത്മാവിൽ തന്നെ വിശ്രമിച്ചു. ഈവിധം സുഖം സ്വൎഗ്ഗത്തിൽപോലും കിട്ടുകയില്ലന്നുള്ളത് പരമാൎത്ഥമാണ്. എനിക്ക ഭവാൻ ദാനംചെയ്തതായ സിദ്ധികളെക്കൊണ്ടു എന്റെ ഇഷ്ടപ്രകാരം ഭൂമിയിലും സ്വൎഗ്ഗത്തിലും വിഹരിക്കുവാൻ എനിക്ക സാധിക്കുമെന്നു വിചാരിക്കുന്നു.

കുംഭൻ—ഹെ രാജൻ! ഭവാൻ മഹാനന്ദപദത്തിൽ വിശ്രമിച്ചിതൊ? ഭേദമായി കാണപ്പെട്ട സൎവ്വവും അഭേദമായി കണ്ടുവൊ? താങ്കളുടെ സങ്കല്പത്താലുണ്ടായ ഭ്രാന്തിയെല്ലാം നശിച്ചുവൊ? ഞാൻ ഒന്നിനേയും സ്വീകരിക്കുന്നില്ലെന്നും, ത്യജിക്കുന്നില്ലെന്നും ഉള്ള സമത്വം താങ്കളുടെ ബുദ്ധിക്കുണ്ടായി വന്നുവൊ?

രാജാവ്—അല്ലയൊ ഭഗവാനെ! എന്നെ ബന്ധിച്ചിട്ടുള്ള എല്ലാ ബന്ധങ്ങളും ഒഴിഞ്ഞിരിക്കുന്നു. എനിക്ക ഉപദേശിക്കേണ്ടതായിട്ട് ഇനി ഒന്നും ഇല്ല. ഞാൻ സംസാരത്തിൽനിന്നു വേൎപ്പെട്ടിരിക്കുന്നു. എന്നെ ബന്ധി

ച്ചിട്ടുള്ളതായ മോഹം, ഭയം മുതലായവയൊക്കയും നശിച്ച ഞാൻ സവ്വ സംതൃപ്തനായിരിക്കുന്നു.

ഇപ്രകാരം അദ്ധ്യാത്മകഥകളെ അന്യോന്യം സംസാരിച്ചുംകൊണ്ടു തത്വജ്ഞന്മാരായിരിക്കുന്ന അവർ കാട്ടിലും മററും സഞ്ചരിച്ചു സമയം കഴിച്ചുവന്നു. അവർ രണ്ടുപേരുടേയും സുഖം തുല്യമായിരുന്നു. അവരുടെ ഗുണങ്ങളും തുല്യമായി വന്നു. ചിലപ്പോൾ അവർ പിതൃദേവാദികളെ പൂജിക്കും, ഇന്നത് ഗ്രഹിക്കേണമെന്നും ഇന്നത് ത്യജിക്കേണമെന്നും അവർ ആലോചിച്ചിരുന്നില്ല. ചിലപ്പോൾ അവർ മണ്ണും പൊടിയും അണിഞ്ഞു നടക്കും. ചിലപ്പോൾ ദേഹം മുഴുവനും ചന്ദനം പൂശും, ചില സമയങ്ങളിൽ ഭസ്മം വാരി തേക്കും, ഇങ്ങിനെ അവരുടെ സമചിത്തത്വംകൊണ്ടു രാജാവ് കുംഭനേപ്പോലെ ശോഭിച്ചുതുടങ്ങി. രാജാവിൻെറ ശോഭ കണ്ടു തൻെറ ഭാൎയ്യയായ ചൂഡാല (കുംഭൻ) ഓരോന്നും ആലോചിച്ചുതുടങ്ങി. യാതൊന്നിനെപ്പററിയും യാതൊരു ആധിയും ഭൎത്താവിന്നില്ല. യൌവനയുക്തനായ ഭൎത്താവും, രമണീയമായ ഭവനവും, പൂന്തോട്ടം മുതലായ സവ്വ വിഭവങ്ങളും, ഉള്ളതായ കാലം ഭോഗത്തിങ്കൽ ഇച്ഛ കൂടാതെ ഒരു സ്ത്രീ ജീവകാലം കഴിക്കുന്നുണ്ടെങ്കിൽ അവൾ മരിച്ചതിന്ന് തുല്യമാണ്. യാതൊരു ദോഷം കൂടാത്തതും, ഇഷ്ടാനുസരണം സാധിക്കുന്നതും, ആത്മീയവുമായ മഹത്തായ സുഖം, അറിവുള്ളവൻ ത്യജിക്കുന്നതായാൽ അവൻെറ അറിവുകൊണ്ടു യാതൊരു പ്രയോജനവുമില്ല. അതിനാൽ എൻെറ

ത്തോപ്പോഴകൂടി ഇനിയും ക്രീഡിക്കുവാനായി ഞാൻ പു തിയതായ ഒരു യുക്തി കണ്ടുപിടിക്കാം, എന്നൊക്കെ വി ചാരിച്ചു കുംഭവേഷവും എടുത്തു കാട്ടിൽ കൂടി സഞ്ചരിക്കു ന്ന ചൂഡാല;

ഹെ രാജാവെ! ഇന്നു ചൈത്രമാസത്തിലെ ശുക്ലപ ക്ഷത്തിൽ പ്രതിപദമാണ്. വളരെ വിശേഷപ്പെട്ട ഒരു ദിവസമാണ്. ഇന്നു സ്വൎഗ്ഗത്തിൽ ഒരു മഹോത്സവം ന ടക്കുന്നുണ്ട്. ഇന്നു സ്വൎഗ്ഗത്തിൽ പോയി അച്ഛനോടുകൂ ടിയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിയതിയുടെ നി ശ്ചയം അങ്ങിനെയാണല്ലോ. ഭവാൻ ഇവിടെ ധ്യാനമാ കുന്ന പുഷ്പങ്ങളെക്കൊണ്ടു ക്രീഡിച്ചുകൊാംക. സൂൎയ്യൻ അസ്തമിച്ചു ഉടനെ സംശയം കൂടാതെ ഞാൻ മടങ്ങിവരും. ഭവാനോടു കൂടിയിരിക്കും പ്രകാരമുള്ള സുഖം എനിക്കു സ്വൎഗ്ഗത്തിൽ നിന്നു കിട്ടുകയില്ല. ഞാൻ പറയുന്നത് ക ളിവാക്കല്ല. എന്നു പറഞ്ഞുംകൊണ്ടും രാജാവിൻെറ പ്രീ തിക്കായി ഒരു പൂക്കുലയും കൊടുത്ത് ആകാശത്തിലേക്കു ഉ യൎന്നു. രാജാവ് കാണാത്ത സ്ഥലത്തെത്തിയപ്പോാം കുംഭ വേഷത്തെ ത്യജിച്ചു തൻെറ സ്വന്തരൂപം സ്വീകരിച്ചു രാ ജധാനിയെ പ്രാപിച്ചു, രാജ്യകാൎയ്യമൊക്കെ ആലോചിച്ചു പിന്നേയും കുംഭവേഷം ധരിച്ചു രാജാവിൻെറ മുമ്പിൽ പ്ര ത്യക്ഷമായി. യാതൊരു വിധത്തിലും യാതൊരു ദുഃഖവും വന്നു ചേരാൻ പാടില്ലാത്ത കുംഭൻെറ മുഖം ഒരു മഹാ ദുഃഖിയുടെ മുഖം പോലെ ശോഭയില്ലാതെ കാണുകയാൽ

രാജാവ്__അല്ലയോ വൃന്ദാരകനന്ദനാ! അങ്ങേക്ക് നമസ്കാരം. ഭവാൻെറ മുഖം വല്ലാതെ വാടിയിരിക്കുന്നു. ഭവാൻ ഈ പീഠത്തിന്മേൽ ഇരുന്നാലും. ജീവന്മുക്തനായ അങ്ങേക്ക് യാതൊരു ദുഃഖവും വരാൻ പാടില്ലല്ലൊ.

കുംഭൻ—ഹെ രാജാവെ! ഒരു ജീവന്മുക്തൻ ശരീരം ഉള്ളത് വരക്കും കമ്മേന്ദ്രിയങ്ങളെക്കൊണ്ടു കമ്മം ചെയ്തു സുഖദുഃഖം അനുഭവിക്കേണ്ടിവരും. പക്ഷെ ആയാളുടെ ചിത്തം നിവ്വികാരമായിരിക്കും. അങ്ങിനെ അല്ലന്നു ഒരാൾ പറയുന്നുണ്ടെങ്കിൽ അദ്ദേഹം തത്വവിത്തല്ലന്നു മാത്രമല്ല നിശ്ചയമായും ആത്മവഞ്ചകനുംക്രുടിയാണ്. തത്വവിത്തല്ലാത്ത ഒരു മൂഢൻ അവൻെറ മൂഢതകൊണ്ടു തനിയെ വന്നുചേരുന്നതായ സുഖദുഃഖങ്ങളാൽ മോഹിച്ചു അവൻെറ ചിത്തം വികാരത്തെ പ്രാപിക്കും. അല്ലയോ രാജാവെ! ദേഹത്തോടു ക്രുടിയിരിക്കുന്ന ഒരാൾക്ക് സമാധിയിൽ മാത്രമെ ദുഃഖരഹിതമായ സുഖം അനുഭവമാകയുള്ളൂ. കമ്മേന്ദ്രിയങ്ങൾ പ്രവൃത്തിക്കുന്ന സമയം സുഖദുഃഖങ്ങളെ ത്യജിക്കുവാൻ ആക്കും സാധിക്കുകയില്ലന്നാണ് വിദ്വാന്മാർ പറയുന്നത്. ഹേ രാജൻ അറിവുള്ളവനായ ഏതൊരുത്തനും ദേഹമുള്ളവരക്കും അവൻെറ ആചാരങ്ങളൊന്നും ഉപേക്ഷിക്കാതെ ന്യായമായി കമ്മേന്ദ്രിയങ്ങളോടുംക്രുടി കമ്മം ചെയ്തുകൊണ്ടു് തൻെറ ജീവകാലം കഴിക്കണം. പക്ഷെ ബുദ്ധീന്ദ്രിയങ്ങൾക്ക് അവൻ കീഴടങ്ങി ജീവിക്കരുത്. ബ്രഹ്മാവ് മുതലായ എല്ലാ മഹാത്മാക്കളുടെയും ദേഹാവസ്ഥ ഇപ്രകാരമാണ്. അല്ലയോ ഭൂപതെ! നിയതിയുടെ

നിശ്ചയമാണിത്. തത്വജ്ഞന്മാരും, ഏററവും അജ്ഞന്മാരും വിഷയങ്ങളെ ഒന്നുപോലെ അനുഭവിക്കുന്നു. എന്നാൽ തത്വജ്ഞന്മാർ കർമ്മേന്ദ്രിയങ്ങളുടെ ആയാസത്തോടുംകൂടി ബുദ്ധ്യാദീന്ദ്രിയങ്ങളെ സമമായി കരുതി എനിക്കു യാതൊന്നും ബാധകമല്ലെന്നുള്ള വിചാരത്തോടുംകൂടി ദേഹാത്മബുദ്ധിയെ ത്യജിച്ചു കർമ്മംചെയ്തു വിഷയങ്ങളെഭുജിക്കുന്നു. അജ്ഞന്മാർ ഇന്ദ്രിയങ്ങൾക്കു കീഴടങ്ങി ദേഹാത്മബുദ്ധിയോടും കൂടി കർമ്മങ്ങളെ ചെയ്തു സുഖദുഃഖങ്ങളെ അനുഭവിച്ചു മരണാനന്തരം നിയതിയെ അനുസരിച്ചു അന്തമില്ലാത്ത ശരീരങ്ങളെ എടുക്കുന്നു.

രാജാവ്— അല്ലയോ ദേവപുത്രാ! ഭവാൻ ഇപ്പോൾ ദുഃഖത്തെ പ്രാപിപ്പാൻ എന്താണ് കാരണം?

കുംഭൻ— ഇന്നു സ്വർഗ്ഗത്തിലുണ്ടായ വിവരമെല്ലാം ഞാൻ ഭവാനോട് പറയാം. പ്രിയമുള്ളവരോട് പറയുന്നതായാൽ ദുഃഖത്തിന് വളരെ സമാധാനമുണ്ടാകും. ഞാൻ ഭവാന്ന് പൂക്കളെയും തന്നു ഇവിടം വിട്ട് സ്വർഗ്ഗത്തിലേക്ക് ചെന്നു. അച്ഛനോടുകൂടി ദേവേന്ദ്രന്റെ സഭയിൽ ആസനസ്ഥനായി, അവിടത്തെ ഉത്സവങ്ങളൊക്കെ കഴിഞ്ഞു, ഞാൻ സൂര്യമണ്ഡലത്തേയും കടന്നു ഇവിടത്തേക്ക് വരുംവഴി മേഘമദ്ധ്യേ വെച്ചു ദുർവ്വാസാവിനെ കണ്ടുമുട്ടി. ഉടനെ മുനിയെ നമസ്കരിച്ചു, അല്ലയോ മുനിശ്രേഷ്ഠാ! ഭവാനെ നഗ്നനായി കാണുകയാൽ ജാരനെ അന്വേഷിച്ചു നടക്കുന്ന ഒരു സ്ത്രീയാണെന്നു തോന്നിപ്പോകുന്നുവല്ലോ. എന്റെ ഈ വാക്ക് കേട്ട ഉടനെ മുനി

ശ്രേഷ്ഠൻ കോപാക്രാന്തനായി, മൂഢാ ഇപ്രകാരം ദുർഭാഷ ണം ചെയ്ത നീ ഇനിമേൽ രാത്രിതോറും കൊങ്കകളോടും നല്ല തലമുടിയോടും കൂടിയുള്ള ഒരു സ്ത്രീയായി തീരും എന്നു ശപിച്ചു. ദുർവ്വാസാവിന്റെ ശാപത്താൽ ഞാൻ വള രെ വ്യസനിച്ചു. അതുകൊണ്ടാണ് എന്റെ മുഖം വാടി യത്. രാജാവെ! ഇന്നു മുതൽ രാത്രിതോറും ഞാൻ സ്ത്രീ യായി തീരുമെന്നതിന്നു സംശയമില്ല. ഗുരുദേവാദികളു ടെ മുമ്പിൽ ഒരു നിശാസ്ത്രീയായി കഴിക്കേണ്ടി വരുന്നതി നെ ഓർത്ത് ഞാൻ അത്യന്തം ലജ്ജിക്കുന്നു.

രാജാവ്—ഇതിന്നാണൊ ഭവാൻ വ്യസനിക്കുന്നത്. എന്തൊന്നാണ് വരുന്നത് അതൊക്കെയും വരട്ടെ. ഇവ യൊക്കെ ദേഹധർമ്മമല്ലെ! ദുഃഖത്തിൽ കൂടി സന്തോഷം ഭാവിക്കേണ്ട ഭവാൻ ദുഃഖഭാവത്തെ കയ്ക്കൊള്ളുന്നത് ശ രിയാണൊ?

ഇപ്രകാരം ചങ്ങാതിമാരായ അവർ രണ്ടുപേരും ഓ രോന്നു സംസാരിച്ചുംകൊണ്ടിരിക്കുമ്പോൾ കുംഭന്നു സ്ത്രീ ത്വം കൊടുപ്പാനാണെന്നു തോന്നുംവിധം സൂർയ്യൻ അസ്ത മിച്ചു. രണ്ടുപേരും സന്ധ്യാവന്ദനം കഴിച്ചു ജപിച്ചും കൊണ്ടിരുന്നു. പെട്ടെന്നു കുംഭൻ സ്ത്രീ രൂപം ധരിച്ചു വ്യ സനത്തോടും കൂടി,

കുംഭൻ—ഹേ രാജാവെ! എന്റെ ദേഹം ഭൂമിയിൽ പതിയുംപ്രകാരം തോന്നുന്നു. ഇതാ ഞാൻ സ്ത്രീയാകുന്നു. എനിക്കു ലജ്ജതോന്നുന്നു. എന്റെ തലമുടി വൎദ്ധിക്കുന്ന തു നോക്കുവിൻ. എന്റെ രണ്ടു മുലകളും വളൎന്നുവരുന്ന തു ഭവാൻ കണ്ടുവോ! എന്റെ വസ്ത്രങ്ങൾ മടമ്പുവരെ

എത്തിട്ടുണ്ട്. എനിക്കു നിതംബവും ജാലനവും ഇതാ വ
ന്നിരിക്കുന്നു. ഇങ്ങിനെയൊക്കെ പറഞ്ഞു വ്യസനിച്ചു.

രാജാവ്—ഹേ ദേവപുത്രാ! ഭവാൻ എല്ലാം അറി
ഞ്ഞ ഒരാളായിരിക്കെ, ഒരാളാലും ഭേദിപ്പിക്കാൻ സാധി
ക്കാത്ത പ്രാരബ്ധകൎമ്മഫലത്തെപററി ഖേദിക്കുവാൻ പാ
ടുള്ളതാണൊ?

കുംഭൻ—രാജാവെ! ഞാൻ ഖേദിക്കുന്നില്ല, നിയ
തിയെ ലംഘിക്കുവാൻ ആൎക്കും സാധിക്കുന്നതല്ല. ഞാൻ
സന്തോഷത്തോടും കൂടിയിതാ സ്ത്രീയായിരിക്കുന്നു.

ഇപ്രകാരം പറഞ്ഞു രണ്ടുപേരും ആ രാത്രി ഒന്നാ
യി കഴിച്ചു. പിറേറന്ന് രാവിലെ സ്ത്രീ രൂപം വിട്ട് ചൂ
ഡാല കുംഭനായി തീൎന്നു. ഇങ്ങിനെ പകൽ കുംഭനായും
രാത്രി സ്ത്രീയായും രാജാവോടുകൂടി കുറെ ദിവസം കഴിച്ചശേഷം
റെ ഒരു ദിവസം ഭൎത്താവോട് ഇപ്രകാരം പറഞ്ഞു.

കുംഭൻ—രാജാവെ! ഞാൻ കുറെ ദിവസമായി രാ
ത്രി സ്ത്രീയായി കഴിഞ്ഞുകൂടുന്നു. എനിക്ക് രാത്രി കാല
ങ്ങളിൽ ഒരു ഭൎത്താവിൻെറ കീഴിൽ ഭാൎയ്യയായിരിപ്പാൻ
ആഗ്രഹമുണ്ടാകുന്നു. ഞാൻ മൂന്നുലോകത്തും എൻെറ ഭ
ൎത്താവായിരിപ്പാൻ നിങ്ങളെയല്ലാതെ വേറെ ആരെയും
കാണുന്നില്ല. അല്ലയൊ പാൎത്ഥിവേശ്വരാ! ഭവാൻ എ
ന്നെ കല്യാണം കഴിക്കണം, ഞാൻ രാത്രിതോറും ഭാൎയ്യയാ
യിട്ട് ഭവാനെ ശുശ്രൂഷിക്കാം.

രാജാവ്— നിങ്ങൾ പറഞ്ഞതിൽ ഗുണമാകട്ടെ
ദോഷമാകട്ടെ ഞാൻ കാണുന്നില്ല. നിങ്ങൾക്ക് എങ്ങി
നെയാണ് ഇഷ്ടം, അങ്ങിനെ ആയ്ക്കൊള്ളുവിൻ.

കുംഭൻ—അങ്ങിനെയാണെങ്കിൽ ഇന്നു നല്ലദിവസമാകുന്നു. ചിങ്ങമാസത്തിലെ പൌൎണ്ണമാസിയാണ്. ഇന്നു ചന്ദ്രോദയകാലം വേളിക്ക് നല്ല മുഹൂൎത്തമാണ്. കല്യാണത്തിന് വേണ്ടപ്പെട്ട ചന്ദനവും പുഷ്പവും മററുംശേഖരിപ്പാനായി നാം രണ്ടുപേരും പോവുക.

അങ്ങിനെ അവർ രണ്ടുപേരും കല്യാണത്തിന്ന് വേണ്ടപ്പെട്ടതൊക്കെയും സമ്പാദിച്ചു, നല്ല ഒരു കന്ദരത്തിൽ അവയൊക്കെയും സൂക്ഷിച്ചുവെച്ചു. മന്ദാകിനിയിൽ പോയി രണ്ടുപേരും കുളിച്ചു, ദേവന്മാരേയും, പിതൃക്കളേയും, മുനിമാരേയും പൂജിച്ചു. യാതൊരു ക്രിയാഫലത്തിലും അവക്ക് രണ്ടുപേൎക്കും ഇച്ഛയില്ലാത്തപ്രകാരം ക്രിയാത്യാഗത്തിലും അവൎക്ക യാതൊരു ഇച്ഛയും ഉണ്ടായിരുന്നില്ല. കല്പകവൃക്ഷത്തിൽ നിന്നു അവക്ക് കിട്ടിയതായ രണ്ട് വെള്ളപ്പട്ട് അവർ രണ്ടുപേരും ധരിച്ചു, പഴങ്ങളൊക്കെ ഭക്ഷിച്ചു, കല്യാണം കഴിപ്പാൻ നിശ്ചയിച്ച സ്ഥലത്ത് രണ്ടുപേരും ചെന്നുചേൎന്നു. സൂൎയ്യൻ അസ്തമിച്ചതിൽപിന്നെ സന്ധ്യാവന്ദനം കഴിച്ചു സ്ത്രീയായിരിന്ന കുംഭൻ ഇപ്രകാരം പറഞ്ഞു.

കുംഭൻ—അല്ലയോ പ്രാണനാഥാ! മഹീവല്ലഭാ! ഭവാൻ എന്നെ അലങ്കരിപ്പിക്കുക. ഇപ്പോഠം ലഗ്നം ശോഭനമാണ്. അഗ്നിയെ ജ്വലിപ്പിച്ചു എന്റെ പാണിഗ്രഹണം ചെയ്യുക, ഞാൻ മദനിക എന്ന പേരോടുംകൂടി നിങ്ങളുടെ ഭാൎയ്യയായി ശുശ്രൂഷിച്ചുകൊള്ളാം.

അതേപ്രകാരം ശിഖിദ്ധ്വജ മഹാരാജാവ് ഒക്കേയും ചെയ്തു വളരെ പ്രേമത്തോടുംകൂടി അവർ സ്വന്തമായി

കല്യാണവും കഴിച്ചു ഭാൎയ്യാഭൎത്താക്കന്മാരായി ഫലങ്ങളും പൂക്കളും നിറഞ്ഞുള്ള ശോഭനമായ വനത്തിൽ സന്തോഷത്തോടും സുഖത്തോടുംകൂടി താമസിച്ചുവന്നു. മുമ്മൂന്നു ദിവസം കൂടുമ്പോൾ രാജാവ് ഉറങ്ങുന്ന സമയത്ത് ചൂഡാല രാജധാനിക്ക് പോയി രാജ്യകാൎയ്യങ്ങളെല്ലാം നോക്കി മടങ്ങിവരും. ഇങ്ങിനെ കുറെ മാസങ്ങൾ അവർ രണ്ടുപേരും കഴിച്ചുവന്നു. ചൂഡാല പലതും ആലോചിച്ചു തുടങ്ങി. രാജാവിന്ന് ഇപ്പോൾ ഈ ലോകത്തിലുള്ള യാതൊരു ഭോഗങ്ങളിലും ഇഷ്ടം കാണുന്നില്ല. ദേവലോകത്തിലുള്ള സുഖഭോഗങ്ങൾക്ക് രാജാവിന്ന് ഇഷ്ടമുണ്ടോ എന്നു പരീക്ഷിക്കേണം, ഇങ്ങിനെ നിശ്ചയിച്ചു തന്റെ സങ്കല്പത്താൽ ഒരു ദേവസംഘത്തെ ഉണ്ടാക്കി.

കുംഭൻ—ഹെ രാജാവെ! ദേവന്മാരോടുംകൂടി ദേവേന്ദ്രൻ ഇതാ ഭവാനെ കാണ്മാൻവരുന്നു എന്നുപറഞ്ഞു കാണിച്ചുകൊടുത്തു.

രാജാവ് ദേവേന്ദ്രനെ കണ്ട ഉടനെ വന്ദനംചെയ്തു പൂജിച്ചു നിന്തിരുവടി ഇവിടേക്കു വരുവാൻ കാരണമെന്തായിരിക്കുമെന്നു താഴ്മയോടുംകൂടി ചോദിച്ചു.

ദേവേന്ദ്രൻ—അല്ലയൊ മഹാമതെ! നിങ്ങളുടെ സൽഗുണങ്ങൾ കേൾക്കുകയാൽ നിങ്ങളെ കാണ്മാനായി ഞങ്ങൾ വന്നതാണ്. ദേവലോകത്തുള്ള മുഴുവൻപേരും നിങ്ങളെ കാണ്മാൻ കൊതിക്കുന്നു. നിങ്ങൾ ഞങ്ങളുടെകൂടെ ദേവലോകത്തു വരുവാൻവേണ്ടി ഞങ്ങൾ ഭവാനോട് അപേക്ഷിക്കുന്നു. ദേവസ്ത്രീകൾ മുഴുവനും ഭവാന്റെ ഗു

ണങ്ങാം കേഠംക്കുകയാൽ ആശ്ചയ്യപ്പെടുന്നു. ജീവന്മുക്ത ന്മാക്കു കല്പാന്തകാലംവരക്കും സ്വൎഗ്ഗത്തിൽനിന്നു പല ഭോഗങ്ങളും അനുഭവിക്കാം. അതിന്നായിട്ടാണ് നിങ്ങ ളെ അവിടത്തേക്കു കൂട്ടുവാൻ ഞാൻതന്നെ വന്നിട്ടുള്ളത്.

രാജാവ്—സ്വൎഗ്ഗത്തിൽ എന്തൊക്കെയാണ് ഉണ്ടാ യിരിക്കുക എന്നു എനിക്കു നല്ലപോലെ അറിയാം. ഞാ ൻ എപ്പോഴും സന്തോഷത്തോടുകൂടിയിരിക്കുന്നവനാണ്. എനിക്കു എവിടെയും സ്വൎഗ്ഗലോകംതന്നെയാണ്. യാ തൊന്നിലും എനിക്കു ആഗ്രഹമില്ലാത്തതുകൊണ്ട് എല്ലാ ദിക്കിലും എനിക്കു ആനന്ദംതന്നെ. അല്ലയൊ ദേവേന്ദ്ര! ഭവാൻ ആവശ്യപ്പെട്ടപ്രകാരം ഞാൻ സ്വൎഗ്ഗത്തിലേക്കു വരുന്നില്ല.

രാജാവിന്റെ വാക്കു കേട്ടപ്പോഠം, ദേവേന്ദ്രൻ നി ങ്ങഠംക്കു കല്യാണം ഭവിക്കട്ടെ എന്നു പറഞ്ഞുംകൊണ്ട് അവിടെനിന്നു മറഞ്ഞു.

ചൂഡാല തന്റെ മായയെ ഉപേക്ഷിച്ചു ഇപ്രകാരം ആലോചിച്ചു. രാജാവിന്നു യാതൊരു ഭോഗങ്ങളിലും ഇച്ഛയില്ല നിശ്ചയംതന്നെ. ദേവേന്ദ്രനെ കണ്ടിട്ടും അ ദ്ദേഹത്തിന്റെ ക്ഷണനത്തെ കേട്ടിട്ടും രാജാവിന്റെ മന സ്സിന്നു യാതൊരു വികാരവും ഉണ്ടായില്ല. എങ്കിലും മ തിയായില്ല. ഒന്നുകൂടി പരീക്ഷിക്കുകതന്നെ എന്നു നിശ്ച യിച്ചു. രാജാവ് സന്ധ്യാവന്ദനമൊക്കെ കഴിച്ചു, രാത്രി ചന്ദ്രൻ ഉദിച്ചപ്പോഠം നദിതീരത്തിങ്കൽ ജപിക്കാനായി പോയി. മദനിക രാജാവിന്റെ വരവുംപാൎത്തു തന്റെ

മായയാൽ ഒരു ജാരനെ ഉണ്ടാക്കി. ജാരനോടുംകൂടി ആശ്രമത്തിൽ പ്രവേശിച്ചു പുഷ്പമെത്തമേൽ ശയിച്ചു. രാജാവ് മടങ്ങിവന്നു ഭാൎയ്യയെ പുറത്തു കാണായ്കയാൽ, ആശ്രമത്തിൽചെന്നുനോക്കുമ്പോൾ ഭാൎയ്യ ജാരനോടുകൂടി ക്രീഡിക്കുന്നതായികണ്ടു യാതൊരു ഭാവഭേദവും കൂടാതെ;

രാജാവ്—നിങ്ങൾ രണ്ടുപേരും ഭയപ്പെടേണ്ട. പ്രീതിയോടുംകൂടിയുള്ള നിങ്ങളുടെ ക്രീഡക്ക് യാതൊരു ഭംഗവും വരുത്തേണ്ട. എന്നു പറഞ്ഞുംകൊണ്ടു പിൻമാറി.

ഒരു മുഹൂൎത്തസമയം കഴിഞ്ഞപ്പോൾ സുരതശ്രാന്തയെന്നപോലെ മദനിക, പകുതി കണ്ണുതുറന്നുംകൊണ്ട് നിഷ്ഠയിലിരിക്കുന്ന തന്റെ ഭൎത്താവിന്റെ അടുക്കെപോയി ലജ്ജിച്ചു മുഖവുംതാഴ്ത്തി ദുഃഖിച്ചുംകൊണ്ട് ശബ്ദിക്കാതെനിന്നു. അപ്പോൾ രാജാവ് ഉണൎന്നു അതിയായ സന്തോഷത്തോടുംകൂടി;

രാജാവ്—അല്ലയൊ സുന്ദരി! മദനികെ! എന്റെ വരവുകൊണ്ട് നിങ്ങളുടെ സുഖത്തിന്നു ഭംഗംവന്നായിരിക്കാം. നീ ഇത്ര വേഗത്തിൽ ഇങ്ങോട്ട് വരുവാനുള്ള സംഗതി അതായിരിക്കുമൊ? അല്ലയൊ കാന്താരവിന്ദവക്ത്രെ! നിന്റെ പ്രിയതമനെ സന്തോഷിപ്പിക്കാനായി നീ പോയ്ക്കൊള്ളുക. സ്ത്രീപുരുഷന്മാർ തമ്മിലുള്ള സ്നേഹത്തെക്കാൾ വലുതായിട്ടുള്ള സുഖം മൂന്നുലോകത്തും ദുൎല്ലഭമാണല്ലൊ.

യാതൊരു ക്ഷോഭവുംകൂടാതെയുള്ള രാജാവിന്റെ വാക്കുകേട്ടപ്പോൾ.

മദനിക—അല്ലയൊ മഹാഭാഗ! സ്ത്രീകളുടെ സ്വഭാവം ചഞ്ചലമാണെന്നല്ലെ പറയുന്നത്. പുരുഷന്മാരേക്കാൾ എട്ട് ഇരട്ടിയാണ് സ്ത്രീകൾക്ക കാമം. ഭവാൻ കോപിക്കാതിരിപ്പാൻ അപേക്ഷ. അല്ലയൊ ഭൂലോകേശ്വരാ! ഞാൻ ബാലയാണ്, അബലയാണ്, എന്നു മാത്രമല്ല മൂഢയായിരിക്കുന്ന ഒരു നാരിയാണ്. ഞാൻ ചെയ്തത് വലുതായ തെററാണ്. ആയത് ഭവാൻ ക്ഷമിച്ചു എനിക്ക മാപ്പുതരുവാൻ അപേക്ഷ. സാധുക്കൾക്ക ക്ഷമയാണല്ലൊ ഭൂഷണം.

രാജാവ്—അല്ലയൊ മദനികെ! ഞാൻ കോപിക്കുന്നില്ല. ഞാൻ കോപിക്കുന്നകാലം ആകാശത്തിൽ വൃക്ഷമുണ്ടാകും. പക്ഷെ ഇനി നിന്നെ ഞാൻ ഭാൎയ്യയായി സ്വീകരിക്കുന്നതായാൽ സജ്ജനങ്ങൾ എന്നെ നിന്ദിക്കും. അതിനാൽ ഞാൻ നിന്നെ ഭാൎയ്യയായി സ്വീകരിക്കുന്നില്ല.

"മാന്യവായനക്കാരെ! രാജാവിൻെറ മനസ്സമാധാനം നോക്കുവിൻ. ഭാൎയ്യ ജാരനോടുകൂടി ക്രീഡിക്കുന്നതു കണ്ടിട്ടും തനിക്ക ഖേദമാകട്ടെ ക്രോധമാകട്ടെ ഉണ്ടായില്ല. പക്ഷെ സജ്ജനങ്ങൾ നിന്ദിക്കുന്നതിനാൽ ഇനി ഭാൎയ്യയായി നിന്നെ ഞാൻ സ്വീകരിക്കുകയില്ലെന്നാണ് ശപഥം. ഒരു ഗൃഹസ്ഥൻ ഭാൎയ്യയെ ഉപേക്ഷിക്കേണ്ടുന്നത് വ്യഭിചാരം തുടങ്ങിയുള്ള അപരാധംകൊണ്ട് മാത്രമാണെന്നും ആയത്തന്നെ തൻെറ കണ്ണുകൊണ്ട് കാണുകയൊ അതല്ല ശുദ്ധഹൃദയന്മാരായ സജ്ജനങ്ങൾ പറഞ്ഞു കേൾക്കുകയൊ വേണമെന്നും, ഭാൎയ്യയുടെ ദുശ്ശീലം അന

സ്മരണമില്ലായ്മ മുതലായ ദോഷങ്ങളൊക്കെയും തന്റെ പ്രാചീനകൎമ്മങ്ങളെ അനുസരിച്ചു വന്നുചേൎന്നിട്ടുള്ള അനുഭവങ്ങളാണെന്നുകരുതി സമാധാനിക്കേണമെന്നുമാണ് ശാസ്ത്രസിദ്ധാന്തം. സംസൎഗ്ഗംകൊണ്ടാണ് ഒരു മനുഷ്യൻ നന്നാകുന്നതും ചീത്തയാകുന്നതും. ഭാൎയ്യാഭൎത്താക്കന്മാരാണ് ലോകത്തിൽ അടുത്തുപെരുമാറുന്ന ജീവന്മാർ. ചില ഭൎത്താക്കന്മാരുടെ ദുൎഗ്ഗുണംകൊണ്ട് ഭാൎയ്യമാരും, ഭാൎയ്യമാരുടെ ദുൎഗ്ഗുണംകൊണ്ട് ഭൎത്താക്കന്മാരും ചീത്തപ്പെടും. അതുപ്രകാരം സദ്ഗുണംകൊണ്ട് നന്നാവുകയും ചെയ്യും. മക്കൾ എത്രതന്നെ കളവുപറഞ്ഞാലും എന്റെ കുട്ടി ഒരിക്കലും കളവുപറകയില്ലെന്നു പറഞ്ഞു മാതാപിതാക്കന്മാർ ലാളിക്കുന്നതായാൽ മക്കളിൽനിന്നു ക്രമേണ കളവെന്ന ദോഷം അകന്നു സത്യബുദ്ധി ഉണ്ടാകുന്നതുകൂടാതെ മാതാപിതാക്കന്മാരിൽ ശേഷിപ്പുള്ളതായ അസത്യമെന്ന ദോഷവുംകൂടി നിശ്ശേഷം ഒടുങ്ങുവാനും ആയതു് ഒരു ഉത്തമമാൎഗ്ഗമായിട്ടു വരും. ലോകത്തിൽ ഭൎത്താക്കന്മാരുടെ ദുൎഗ്ഗുണമായിരിക്കും അധികവും ഭാൎയ്യമാരെ ചീത്തപ്പെടുത്തുക. ഭാൎയ്യാഭൎത്താക്കന്മാരുടെ ദുൎഗ്ഗുണമായിരിക്കും സന്താനങ്ങളേയും കഷ്ടപ്പെടുത്തുക. ഒരു പുരുഷൻ വിവാഹം ചെയ്തുമുതൽ ദേഹം ചടച്ചു ജരയും നരയും ബാധിച്ചു വാക്കുപറയുവാൻതന്നെ പ്രയാസപ്പെടുന്നകാലത്തുകൂടി ഭാൎയ്യക്കു അപരാധംപറയുകയായിരിക്കും മിക്കവരുടേയും പ്രധാനജോലി. ഭൎത്താവിന്റെ ഈ അപരാധം ഭാൎയ്യയെ ചീത്തപ്പെടുത്തുകയല്ലാതെ ഒരിക്കലും നന്നാക്കുകയില്ല.

സൎവ്വഭൎത്താക്കന്മാൎക്കും ഭാൎയ്യയിങ്കൽ വിശ്വാസമുണ്ടായിരിക്കും. എന്റെ ഭാൎയ്യയെ ഞാൻ വിശ്വസിക്കുന്നുണ്ടെന്നു തന്റെ ഭാൎയ്യയോടാകട്ടെ സ്നേഹിതന്മാരോടാകട്ടെ പറയുവാൻ ആരും ധൈൎയ്യപ്പെടുകയില്ല. ഭാൎയ്യയെ ഒരാൾ വിശ്വസിച്ചിട്ടില്ലെങ്കിൽ അവൻ അവളോട് സ്നേഹിക്കുകയാവട്ടെ അവളുമായി ക്രീഡിക്കുകയാകട്ടെ ചെയ്യുകയില്ല. ഭാൎയ്യയെ ആന്തരമായി വിശ്വസിക്കാത്ത ഭൎത്താക്കന്മാർ എത്രയോ ചുരുക്കമായിരിക്കുമെന്നു നിസ്സംശയം പറയാം. നേരെ മറിച്ചു ഭൎത്താവിനെ വിശ്വസിക്കുന്ന ഭാൎയ്യ ലോകത്തിൽ എത്രയും അപൂൎവ്വമായിരിക്കും. വിശ്വസിക്കുവാൻതക്ക വണ്ണം ഏകപത്നിവ്രതമുള്ള പുരുഷന്മാരും അപൂൎവ്വമായിരിക്കും. ചൂഡാല തന്റെ ഭൎത്താവോട് അപേക്ഷിച്ചിട്ടുള്ളത്, ഞാൻ ചെയ്ത വലുതായ തെററിനെ നിങ്ങൾ ക്ഷമിക്കേണമെന്നും, സ്ത്രീകൾക്ക് എട്ടിരട്ടിയാണ് പുരുഷന്മാരേക്കാൾ കാമമെന്നും, മൂഢയായ ഞാൻ ചെയ്ത തെററിന്ന് മാപ്പുതരേണമെന്നുമാണ്. സ്ത്രീകൾക്ക് എട്ടിരട്ടി കാമമുണ്ടായിട്ടും പുരുഷന്റെ പിന്നാലെ ഓടുന്ന സ്ത്രീകളൊ അതല്ല സ്ത്രീകളുടെ പിന്നാലെ ഓടുന്ന പുരുഷന്മാരൊ അധികമായി ഉണ്ടായിരിക്കുക എന്നു പരിശോധിച്ചാൽ പുരുഷന്മാരായിരിക്കുമെന്നു നിസ്സംശയം പറയാം. പുരുഷന്മാരൊക്കേയും ഏകപത്നിവ്രതക്കാരായിത്തീൎന്നിട്ടുണ്ടെങ്കിൽ വ്യഭിചരിക്കുന്ന സ്ത്രീകൾ ലോകത്തിൽ ഉണ്ടായിരിക്കുകയില്ലെന്നു നിശ്ചയമാണ്. ഒരു സമുദായത്തിന്റെ ഉന്നതിക്കു സ്ത്രീകളുടെ പാതിവ്രത്യവും പുരുഷന്മാരുടെ ഏക

പതിവ്രതവും സഹായിക്കുംപ്രകാരം ഐകമത്യമാകട്ടെ,
വിദ്യാഭ്യാസമാകട്ടെ, ധനപുഷ്ടിയാകട്ടെ യാതൊന്നും സ
ഹായിക്കുകയില്ല. ഐകമത്യം മുതലായ സൎവ്വഗുണങ്ങ
ളും ഭാൎയ്യാഭൎത്താക്കന്മാരുടെ അന്യോന്യം കോൎത്തുപിടിക്ക
പ്പെട്ടതായ സ്നേഹഭാവത്തിൽനിന്നുണ്ടായിവരും. ഭൎത്താ
ക്കന്മാരുടെ പരസ്ത്രീഗമനത്താൽ ഭാൎയ്യാഭൎത്താക്കന്മാർ അ
നുഭവിക്കേണ്ടതായ രതിസുഖം ഛിന്നഭിന്നമായിപ്പോകു
മെന്നുള്ള രഹസ്യം ഓരോ ഭൎത്താക്കന്മാരും ആലോചിച്ചി
ട്ടുണ്ടെങ്കിൽ താനും ഭാൎയ്യയും സ്വന്തമായി അനുഭവിച്ചു
മത്തന്മാരായിരിക്കേണ്ടുന്ന ആ പരമാനന്ദലഹരി ഒരിക്ക
ലും ധനം കൊടുത്തു നശിപ്പിക്കുകയില്ല. സ്വാതന്ത്ര്യമാണ്
ഒരു ജീവിയുടെ എത്രയും ഉൽകൃഷ്ടമായ സുഖം. സ്ത്രീകൾക്കു
പൂൎണ്ണസ്വാതന്ത്ര്യം കൊടുക്കേണ്ടത് ഭൎത്താക്കന്മാരാണ്.
പക്ഷെ ആ സ്വാതന്ത്ര്യം ഭൎത്താക്കന്മാരെ അടിമകളാ
ക്കേണ്ട സ്വാതന്ത്ര്യമായിരിക്കരുത്. അങ്ങിനെ വല്ല രാജ്യ
ങ്ങളിലും കൊടുക്കുന്നുണ്ടെങ്കിൽ അവിടങ്ങളിൽ ഗൃഹ
ഛിദ്രം ഒരുകാലത്തും നശിച്ചുകിട്ടുകയില്ല. ഭാൎയ്യാഭൎത്താ
ക്കന്മാർ തമ്മിലുള്ള സ്നേഹഭാവം തീരെ നശിച്ചു ശത്രുക്ക
ളായിത്തീരും. നമ്മുടെ മലയാളരാജ്യത്തു ഭാൎയ്യാഭൎത്താ
ക്കന്മാർ തമ്മിലുള്ള ഛിദ്രം വളരെ കുറവാണെന്നും, വള
രെ സ്നേഹഭാവത്തിലാണ് കഴിഞ്ഞുവരുന്നതെന്നും പറയു
വാൻ എനിക്കു ധൈൎയ്യമുണ്ട്. സ്ത്രീകൾക്ക് സ്വാതന്ത്ര്യം
കൊടുക്കേണ്ടത് ഭൎത്താക്കന്മാരാണെന്നു പറഞ്ഞുവല്ലൊ.
ആയത് ഭൎത്താവിനെ കീഴടക്കുവാനൊ, അവരുടെ സ്വാ

ച്ചു പ്രകാരം വീട് വിട്ടുപോകുവാനൊ, ഭക്ഷണം ഉണ്ടാക്കു വാനൊ, വീട് ഭരിക്കുവാനൊ അല്ല. ഭത്താവ് അവരെ അധികം സ്നേഹിക്കുകയും, തന്റെ പ്രാണപ്രിയയേയും വിട്ട് അന്യസ്ത്രീകളെ നോക്കുകകൂടി ചെയ്യാതിരിക്കുകയും, ഒരുവിധത്തിലും അവരെ ഉപദ്രവിക്കാതിരിക്കുകയും, ഏ ത്രയും വിശ്വാസത്തോടെ അവരോട് പെരുമാറുകയും ചെയ്താൽ എത്രയും ദുശ്ശീലയും ദുർവൃത്തയും ആയ സ്ത്രീയാ ണെങ്കിൽകൂടി ക്ഷണസമയംകൊണ്ട് അവൾ സുശീലയും സദ്വൃത്തയും ആയി ഭത്താവിനെ ദൈവമാണെന്നു വി ചാരിച്ച ശുശ്രൂഷിക്കാതിരിക്കുകയില്ല. നേരെ വിപരീത മായി ഭാൎയ്യയുടെ അനുമതികൂടാതെ വീടുവിട്ട് താമസിക്കു ക, അനാവശ്യമായി കോപിക്കുക, ശകാരിക്കുക, എത്രത ന്നെ ശുശ്രൂഷിച്ചാലും കുററംപറയുക, കളവുപറയുക, ഇ പ്രകാരമുള്ള ഭത്താവിന്റെ ദുൎഗ്ഗുണം ഒരു സ്ത്രീയെ ദുശ്ശീ ലയും ദുർവൃത്തയും ആക്കിത്തീക്കും. ഒടുക്കം ഭർത്താവുത ന്നെ പല കഷ്ടങ്ങളും അനുഭവിക്കേണ്ടിവരും. സ്ത്രീകൾ ക്ക് പാതിവ്രത്യമില്ലായ്മ നിശ്ചയമായും ഒരു സമുദായത്തെ അധഃപതിപ്പിക്കും. ചെറുപ്പകാലങ്ങളിൽ (കൌമാരം വി ട്ടതിൽപിന്നെ) ഉള്ള വിവാഹം പാതിവ്രത്യത്തെ സഹാ യിക്കും. മാതാപിതാക്കന്മാർ ഭാൎയ്യാഭൎത്താക്കന്മാരെ തി രഞ്ഞെടുക്കുന്നതും പാതിവ്രത്യത്തിന്ന് ഒരുത്തമമാൎഗ്ഗമാ ണ്. താൻതന്നെ തനിക്കു ഭാൎയ്യയെ തിരഞ്ഞെടുക്കുന്നത് വലിയ സ്നേഹത്തിനു കാരണമാകയില്ലേ? എന്നു ഒരുപ ക്ഷെ സംശയമുണ്ടായേക്കാം. അങ്ങിനെ തിരഞ്ഞെടു

ക്കുന്നത് തനിക്കുള്ളതായ സ്വാതന്ത്ര്യംകൂടി അപ്പോൾ തന്നെ ഭാൎയ്യക്കു വിററു അവളുടെ അധികാരത്തിൻകീഴിൽ ഇരുന്നു ഇരുവരുടേയും സ്വാതന്ത്ര്യം നശിപ്പിക്കുകയായിരിക്കും പിന്നീടുണ്ടാകുന്നതായ ഫലം. ഏതായാലും സ്ത്രീകൾക്കു പാതിവ്രത്യം ഉണ്ടാക്കിത്തീർക്കേണ്ടുന്ന ഗുരുനാഥന്മാർ ഭർത്താക്കന്മാർതന്നെയാണ്. എന്റെ ഭാൎയ്യ പതിവ്രതയാവാനുള്ള വഴിക്ക് ഞാൻ അവളുമായി ചെരുമാറേണമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ ഏകപത്നീവ്രതം സ്വീകരിക്കേണ്ടത് ഭൎത്താവിന്റെ ധൎമ്മമാണ്. സ്ത്രീകളിൽ വൈരാഗ്യമാണ് ഒരു പുരുഷന്റെ ശ്രേഷ്ഠമായ സമ്പാദ്യം. സ്ത്രീയെ ത്യജിച്ചവൻ ലോകത്തെ ത്യജിച്ചെന്നാണ് ആപ്തവചനം. സ്ത്രീയെ ഉപേക്ഷിച്ച് കാട്ടിൽ പോകേണമെന്നല്ല ഇതിന്റെ അൎത്ഥം. പരസ്ത്രീകളെ മാതാവെപോലെ കരുതേണമെന്നാണ്. ചൂഡാലമഹാരാജ്ഞിയുടെ പാതിവ്രത്യവും, ഭൎത്തൃസ്നേഹവും, ശിഖിദ്ധ്വജമഹാരാജാവിന്റെ ക്ഷമയും വൈരാഗ്യവും ഏവൎക്കും അത്യന്താവശ്യകമാണ്. ഇനി ചരിതത്തിൽ തന്നെ പ്രവേശിക്കാം.

ഇങ്ങിനെ സമാധാനചിത്തനായി രാജാവ് നില്ക്കുമ്പോൾ ചൂഡാല ആലോചിച്ചു തുടങ്ങി. എന്റെ ഭൎത്താവിന്നുള്ള ഭോഗേച്ഛ കേവലം നശിച്ചിരിക്കുന്നു. അതിനാൽ എന്റെ പരമാൎത്ഥവിവരമെല്ലാം ഇപ്പോൾ രാജാവിനെ അറിയിക്കുന്നതാണ് നല്ലത്. എന്നു നിശ്ചയിച്ചു തന്റെ സ്വന്തരൂപം കൈക്കൊണ്ടു.

രാജാവ്— ആശ്ചൎയ്യഭരിതനായി. അല്ലയൊ ഇന്ദീവരേക്ഷണെ! നീ ആരാണ്. എവിടെ നിന്നാണ് നീ

ഇപ്പോൾ വന്നത്. ഇവിടെ വരുവാൻ കാരണമെന്ത്? നിന്റെ ശരീരവും മന്ദസ്മിതവും മററും കാണുമ്പോൾ എന്റെ ഭാൎയ്യയായിരിക്കുന്ന ചൂഡാലയാണ് നീ എന്നു തോന്നിപ്പോകുന്നു.

ചൂഡാല—പ്രിയ ഭൎത്താവെ! ഞാൻ ചൂഡാല തന്നെയാണ്. ലേശംപോലും സംശയം വേണ്ട. കുംഭരൂപത്തേയും മററും എടുത്ത് ഭവാനെ ഞാൻ തത്വജ്ഞനാക്കി. ധ്യാനത്താൽ നിങ്ങൾക്ക പരമാൎത്ഥമൊക്കെ അറിയാം. തത്വജ്ഞനായ നിങ്ങൾ ഇപ്പോൾ ധ്യാനിച്ചു നോക്കുവിൻ.

ചൂഡാലയുടെ സംഭാഷണം കേട്ട ഉടനെ രാജാവ് ധ്യാനത്താൽ സൎവ്വതും അറിഞ്ഞു. തന്റെ പ്രിയ വല്ലഭയെ ആലിംഗനം ചെയ്തു, മടിയിലിരുത്തി അത്യന്തം സന്തോഷത്തോടുംകൂടി ഓരോന്നു പറയുവാൻ തുടങ്ങി.

രാജാവ്—എന്റെ പ്രാണവല്ലഭെ! ഈ സംസാരമാകുന്ന മഹാസമുദ്രത്തിൽ വീണു വലയുന്ന എന്നെ അല്ലയൊ സാരസേക്ഷണെ! എത്രയും വിലയേറിയ യുക്തിയോടും കൂടി നീ കരക്കടുപ്പിച്ചു. ഇതിൽപരം എനിക്കൊന്നും കിട്ടേണ്ടതില്ല. പതിവ്രതമാരായ ഭാൎയ്യമാർ ഭൎത്താക്കന്മാരുടെ മോഹത്തെ തീൎക്കേണ്ടതാണല്ലൊ. നിന്റെ അന്തരംഗത്തിൽ യാതൊരു ഇച്ഛയും കൂടാതെ നീ സംസാരാബ്ധിയുടെ മറുകരക്ക് എത്തിയിരിക്കുന്നു.

ചൂഡാല—പ്രാണവല്ലഭാ! അങ്ങയുടെ ബുദ്ധിയിൽ തത്വജ്ഞാനം ലേശംപോലും പ്രതിബിംബിച്ചു കാണാ

സ്സയാൽ ഞാൻ അങ്ങേക്കുവേണ്ടി പിന്നേയും പിന്നേയും ദുഃഖിക്കേണ്ടി വന്നിട്ടുണ്ടായിരുന്നു. ഇപ്പോൾ ഭവാൻ ആത്മജ്ഞാനിയായി തീൎന്നതിനാൽ എന്റെ കാൎയ്യം സാധിച്ചെന്നു പറയുവാൻ ഞാൻ ഏററവും ധൈൎയ്യപ്പെടുന്നു. ഞാൻ ചെയ്യേണ്ടതായ ശുശ്രൂഷകൾ മാത്രം ഭൎത്താവിന്ന് ചെയ്തത്കൊണ്ടു എന്നെ യാതൊരു വിധത്തിലും ബഹുമാനിക്കേണ്ടതില്ല. ഈവിധം തുച്ഛമായ തൃഷ്ണയും സങ്കല്പ കല്പനകളും ഭവാങ്കൽ കാണാത്തതുകൊണ്ടു എനിക്കു ചാരിതാൎത്ഥ്യമുണ്ട്.

രാജാവ്—പ്രിയതമെ! ഞാൻ ഇപ്പോൾ നിരീഹനായും, നിരംശനായും വന്നിരിക്കുന്നു. ഞാൻ ആകാശംപോലെ ശുദ്ധനായി തീൎന്നിരിക്കുന്നു. എന്റെ അഹങ്കാരമൊക്കെ നശിച്ചു. ഞാൻ ശാന്തനായി. അല്ലയോ സാദ്ധ്വീമണി! ഞാൻ ഇപ്പോൾ ഞാനായി വന്നെന്നു നിശ്ചയം തന്നെ. അല്ലയൊ ധന്യെ! ഞാൻ ഇപ്പോൾ ചിന്മാത്ര നിഷ്ഠനായി, സ്വസ്ഥനായി സ്ഥിതി ചെയ്യുന്നു. എന്റെ ഖേദവും മോദവും നശിച്ചിരിക്കുന്നു. ഇക്കാണുന്നതൊക്കേയും അന്യമായിട്ടുള്ളതും ഞാനല്ല. ഞാൻ അഖണ്ഡസച്ചിദാനന്ദ ചൈതന്യത്തിൽനിന്നു വേറെയല്ല. അല്ലയൊ സുന്ദരവക്ത്രെ! യാതൊന്നാണ് എന്താണെന്നു പറയുവാൻ കഴിയാത്തതും നശിക്കാത്തതും, അതുതന്നെയാണ് ഞാൻ. അല്ലയൊ പ്രിയവല്ലഭെ! എന്റെ ഗുരുവാകിയ നിണക്കായിക്കൊണ്ടു നമസ്കാരം. ഭവതിയുടെ കാരുണ്യാതിരേകത്താൽ ഞാൻ മഹാൎണ്ണവത്തിൽനിന്നു കര കയ

റി ഞാൻ ഇപ്പോൾ സർവ്വഗനായി, സർവ്വാതീതനായി തീ ൎന്നു. ഞാൻ ചിദാകാശമായി വൎത്തിക്കുന്നു.

ചൂഡാല—ഭൎത്താവെ! ഇനി നിങ്ങളുടെ ഇച്ഛ എന്താണെന്നു എന്നോടു പറയേണം. ഭവാന്റെ ഇച്ഛക്കനുസരിച്ചു നമുക്കു പ്രവൃത്തിക്കാം.

രാജാവ്—അല്ലയൊ പ്രാണപ്രിയെ! കയ്ക്കൊള്ളേണ്ടതായും സന്ത്യജിക്കേണ്ടതായും യാതൊന്നും ഞാൻ കാണുന്നില്ല. അല്ലയൊ സുന്ദരീരത്നമെ! നിണക്ക് എന്താണ് ഇഷ്ടം, നിന്റെ ഇഷ്ടത്തിന്നനുസരിക്കാനായി ഞാൻ തെയ്യാറാണ്. ഒന്നിനേയും ഞാൻ നിന്ദിക്കയില്ലെന്നും സ്തുതിക്കയില്ലെന്നും ഞാൻ നിന്നോടു പറയുന്നു.

ചൂഡാല—ഭൎത്താവ് എന്റെ ഇഷ്ടത്തിന്നനുസരിക്കുന്നതാണെങ്കിൽ എന്റെ ഇഷ്ടം ഞാൻ പറയാം. അല്ലയൊ സൽഗുണാംബുധെ! നമ്മൾ രണ്ടു പേരുടേയും ഇച്ഛ നശിച്ചു, നമ്മുടെ അന്തരംഗം നിൎമ്മലമായിരിക്കുന്നെന്നു നിശ്ചയമാണല്ലൊ. ഇപ്പോൾ നമ്മുടെ മൌഢ്യമൊക്കെ നശിച്ചതിനാൽ നാം പണ്ടേത്തെ പോലെ രാജ്യംതന്നെ പരിപാലിക്കുക. കുറെ കാലം നാം രാജ്യം ഭരിച്ചു നമ്മുടെ പ്രാരബ്ധകൎമ്മനാശത്തോടുംകൂടി നമുക്കു വിദേഹമോക്ഷം പ്രാപിക്കാം.

രാജാവ്—പ്രിയെ! നിന്റെ അഭിപ്രായം വളരെ നന്നായിട്ടുണ്ട്. രാജ്യത്തെ സ്വീകരിച്ചാലും ത്യജിച്ചാലും നമുക്കൊന്നുമില്ല. ചിത്തത്തിൽ സുഖദുഃഖബന്ധമില്ലാതെ നിൎമ്മത്സരന്മാരായി നമുക്കു ജീവകാലം കഴിക്കാം.

രാജാവിന്റെ ഇഷ്ടം അറിഞ്ഞ ഉടനെ ചൂഡാല

എഴുന്നേററു സപ്തസാഗര തീൎത്ഥത്തോടും കൂടി ഒരു രത്നകുംഭം ഉണ്ടാവാനായി സങ്കല്പം ചെയ്തു. ഏകാന്തത്തിൽ ഭൎത്താവിനെ വിളിച്ചു കിഴക്കു മുഖമായി ഒരു ആസനത്തിന്മേൽ പ്രാണവല്ലഭനെ ഇരുത്തി. സങ്കല്പ കുംഭത്തിലുണ്ടായ തീൎത്ഥജലംകൊണ്ടു മംഗലമാകുംവണ്ണം ഭൎത്താവിനെ അഭിഷേകം ചെയ്തു.

രാജാവ് —അല്ലയൊ പങ്കജവിലോചനെ! ഇനി ഒട്ടും താമസിക്കാതെ ഭവതിയുടെ സങ്കല്പത്താൽ കുറെ സൈന്യങ്ങളെ വരുത്തുക.

ഭൎത്താവിൻെറ ആജ്ഞപ്രകാരം ചൂഡാല സങ്കല്പം ചെയ്തു. സാമന്തന്മാർ, ആന, കുതിര, കാലാൾസൈന്യം തുടങ്ങിയുള്ള സൈന്യങ്ങളെക്കൊണ്ടു മന്ദരാദ്രിയുടെ താഴ്‌വര മുഴുവൻ നിറഞ്ഞു. ഭാൎയ്യാഭൎത്താക്കന്മാരായ അവർ എത്രയും സന്തോഷത്തോടും കൂടി സൈന്യസമേതം രാജധാനിക്കു പുറപ്പെട്ടു. ഏകദേശം രാജധാനിക്ക് അടുക്കാറായപ്പോൾ സ്വന്തം സാമന്തന്മാർ സൈന്യങ്ങളോടും കൂടി വന്നു രാജാവിനേയും രാജ്ഞിയേയും എതിരേററു ഏററവും വലുതായ സൈന്യങ്ങളോടും വാദ്യഘോഷങ്ങളോടുംകൂടി അവർ രാജധാനിയെ പ്രാപിച്ചു. പ്രജകളൊക്കെയും സന്തോഷഭരിതരായി രണ്ടു പേരേയും നമസ്കരിച്ചു ഏകദേശം പതിനായിരം സംവത്സരം അവർ പിന്നേയും രാജ്യഭാരം ചെയ്തു. ഒടുവിൽ രണ്ടുപേരും വിദേഹമോക്ഷം പ്രാപിക്കുകയും ചെയ്തു.

ഓം. ശാന്തിഃ ശാന്തിഃ ശാന്തിഃ

240221

485
90

623